ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 09 | ജൂലൈ 2017 | ലക്കം 07

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


1. Prot. No. 324/17; Circular No. 15/2017 .................................................. 5
2. സഭാദിനം - ഇടയലേഖനം .................................................. 7
3. Prot. No. 383/17; Circular No. 16/2017 .................................................. 11
4. കെസിബിസി സർക്കുലർ - യുവജനദിനം .................................................. 14
5. കച്ചേരിക്കാര്യം .................................................. 19
6. തലശ്ശേരി അതിരൂപതായോഗം .................................................. 23
7. ആദായ നികുതി .................................................. 25
8. വിശ്വാസപരിശീലനം .................................................. 29
9. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് .................................................. 36
10. സെമിനാരി വാർത്തകൾ .................................................. 42
11. ചെറുപുഷ്പ മിഷൻലീഗ് .................................................. 46
12. തിരുബാലസഖ്യം .................................................. 55
13. യുവജനശുശ്രൂഷ .................................................. 57
14. കുടുംബ പ്രേഷിതത്വം .................................................. 63
15. വിദ്യാഭ്യാസ ഏജൻസി .................................................. 67
16. വിമൽ ജ്യോതി വാർത്തകൾ .................................................. 72
17. നിർമ്മലഗിരി കോളേജ് .................................................. 75
18. കരിസ്മാറ്റിക് നവീകരണരംഗം .................................................. 77
19. ഇൻഫാം വാർത്തകൾ .................................................. 80
20. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ .................................................. 81
21. കെസിബിസി മദ്യവിരുദ്ധ സമിതി .................................................. 82
22. പ്രതിക്ഷ വാർത്തകൾ .................................................. 87
23. സാമൂഹികസേവനവേദി .................................................. 89
24. ധ്യാനകേന്ദ്രങ്ങളിലൂടെ .................................................. 92
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .................................................. 93
26. Programme of the Archbishop Mar George Njaralakatt .................................................. 96
27. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) .................................................. 97

**സർക്കുലർ നമ്പർ: 15/2017, Prot. No. 324/17**

# മദ്യനയത്തിനെതിരേ ധർണ്ണ

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ദിവസം സർക്കാർ പ്രഖ്യാപിച്ച മദ്യനയം പടിപടിയായി മദ്യം നരോധിക്കുമെന്ന പ്രഖ്യാപിത നയത്തിൽനിന്നുള്ള തിരിച്ചുപോക്കും സമൂഹത്തോടുള്ള വെല്ലുവിളിയുമാണ്. പൂട്ടിയ ബാറുകൾ തുറക്കാനുള്ള തീരുമാനം ഏതാനും ബാറുടമകളുടെ നന്മയ്ക്കുവേണ്ടിയല്ലാതെ ജനനന്മയ്ക്കുവേണ്ടിയുള്ള തീരുമാനമല്ല. നിർഭാഗ്യകരമായ ഈ തീരുമാനത്തിനെതിരെ ധാർമ്മിക ബോധമുള്ള, ജനനന്മ കാംക്ഷിക്കുന്ന എല്ലാവരും പ്രതിഷേധിക്കുകയും ജനദ്രോഹപരമായ ഈ തീരുമാനം പിൻവലിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യണം.

കേരളത്തിലെ കുടുംബത്തകർച്ചകളുടെ മുഖ്യകാരണം മദ്യമാണെന്നും അനേകം സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും കണ്ണീർ വീഴാൻ മദ്യപാനം കാരണമാകുന്നുണ്ടെന്നും എല്ലാവർക്കും അറിയാവുന്നതാണ്. കുറ്റകൃത്യങ്ങൾക്കും വാഹനാപകടങ്ങൾക്കും പലവിധ രോഗങ്ങൾക്കും പിന്നിലെ പ്രധാനകാരണം മദ്യമാണെന്ന് സർക്കാരിന്റെ കണക്കുകൾ തന്നെ വ്യക്തമാക്കുന്നുണ്ട്. എന്നിട്ടും മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിച്ചിരിക്കുന്നത് ജനനന്മക്കുവേണ്ടിയല്ല എന്ന് വ്യക്തമാണ്. വഴി നീളെ മദ്യഷാപ്പുകൾ തുറന്നുവച്ചിട്ട് മദ്യംവർജ്ജിക്കണമെന്നു പറയുന്നതിന് എന്ത് ആത്മാർത്ഥതയാണുള്ളത്. ഇത് തിരഞ്ഞെടുപ്പു കാലത്ത് മദ്യമുതലാളിമാരും ഇടതുമുന്നണിയും തമ്മിലുണ്ടാക്കിയ രഹസ്യധാരണയുടെ ബാക്കിപത്രമാണെന്നും കോടികളുടെ അഴിമതി നടന്നിട്ടുണ്ടെന്നും ആരെങ്കിലും ആരോപിച്ചാൽ തെറ്റു പറയാനാവില്ല.

മദ്യപാനമെന്ന സാമൂഹ്യവിപത്തിനെ സഭ എതിർക്കുന്നത് സഭയ്ക്ക് സമൂഹത്തോട് ധാർമ്മിക ഉത്തരവാദിത്വം ഉള്ളതുകൊണ്ടാണ്. ജനനന്മയ്ക്കുവേണ്ടിയുള്ള ധാർമ്മിക ശബ്ദത്തെ അപമാനിച്ചും പുച്ഛിച്ചും അടിച്ചമർത്താമെന്ന ധാരണ ഭരണാധികാരികൾക്കുവേണ്ട. സഭ മദ്യപിശാചിനെതിരേ ഇനിയും പോരാടിക്കൊണ്ടിരിക്കും.

മദ്യം സുലഭമാക്കുന്ന പുതിയ മദ്യനയത്തിനെതിരേ പ്രതിഷേധിക്കാൻ ഈ ജൂൺ മാസം 20-ാം തീയതി കണ്ണൂർ കളക്ടറേറ്റിനു മുമ്പിലും 21-ന് കാഞ്ഞങ്ങാട് ആർ.ഡി.ഒ. ഓഫീസിനു മുമ്പിലും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിന് ധർണ്ണ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ ജനവിരുദ്ധ നയത്തിനെതിരേ പ്രതിഷേധിക്കാൻ എല്ലാവരും കണ്ണൂരും കാഞ്ഞങ്ങാട്ടും ഒത്തുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാശംസകളോടെ

തലശ്ശേരി
10/06/2017

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :**

1. ഈ സർക്കുലർ 2017 ജൂൺ 18-ാം തീയതി ഞായറാഴ്ച പള്ളികളിൽ വായിക്കണം. സാധിക്കുന്നിടത്തോളം ആളുകളെ ധർണ്ണയിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**Prot.No. 1027/2017** **01 June 2017**

# സഭാദിനം - ഇടയലേഖനം

*സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്*
*കർദിനാൾ ജോർജ് ആലഞ്ചേരി*
*തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും*
*മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും*
*തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന*
*എല്ലാ ദൈവജനത്തിനും എഴുതുന്നത്.*
*കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.*

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വി. തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ആഘോഷിക്കുന്ന ജൂലൈ 3-ാം തീയതിയാണല്ലോ നാം സഭാദിനമായി ആചരിക്കുന്നത്. ഈ വർഷവും പതിവായിട്ടുള്ള പരിപാടികളോടും നൂതനാഭിമുഖ്യങ്ങളോടും കൂടി സഭാദിനം ആചരിക്കുവാൻ നമുക്കു രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഒന്നു ചേരാം. മാർത്തോമ്മാക്രിസ്ത്യാനികളായ നമ്മുടെ ക്രൈസ്തവസാക്ഷ്യം ആധുനികജീവിതസാഹചര്യങ്ങളിൽ കൂടുതൽ പ്രതിബദ്ധതയോടെ നിർവഹിക്കുന്നതിനുള്ള ഊർജം സംഭരിക്കുകയാണ് സഭാദിനാചരണത്തിന്റെ ലക്ഷ്യം. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി അംഗീകരിക്കപ്പെട്ടതിന്റെ രജതജൂബിലി ഈ വർഷം ആചരിക്കുന്നു എന്നതും ഈ സഭാദിനാചരണത്തെ കൂടുതൽ സന്തോഷപ്രദമാക്കുന്നുണ്ട്.

സഭാദിനത്തോടനുബന്ധിച്ച് കാലികപ്രാധാന്യമുള്ള ചില ചിന്തകൾ നിങ്ങളോടു പങ്കുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു. സഭയുടെ മൂലക്കല്ല് ഈശോമിശിഹായാണ്. ഈ സഭ മിശിഹായുടെ ശരീരവും ആ ശരീരം അവയവങ്ങൾപോലെ മിശിഹായോടു ചേർന്നുനില്ക്കുന്ന ദൈവജനത്തിന്റെ കൂട്ടായ്മയുമാണ്. ഈ കൂട്ടായ്മ വിവിധങ്ങളായ അപ്പസ്തോലികപാരമ്പര്യങ്ങളിലൂടെയാണ് ഇന്നു ലോകത്തിൽ ആയിരിക്കുന്നതും പ്രവർത്തിക്കുന്നതും. ഭാരതത്തിലെ കത്തോലിക്കാസഭയിൽ ഇപ്രകാരമുള്ള മൂന്നു അപ്പസ്തോലികപാരമ്പര്യങ്ങൾ ഒന്നുചേർന്നു പ്രവർത്തിക്കുന്നു. ലത്തീൻസഭയും സീറോ മലങ്കരസഭയും സീറോ മലബാർസഭയും ചേരുന്ന ഒരു കൂട്ടായ്മയാണ് ഭാരതത്തിലെ കത്തോലിക്കാസഭ. ഈ ഒരോ വ്യക്തിസഭയ്ക്കും ഒരു സാർവ്വത്രികമാനമുണ്ട്. സീറോ മലബാർ സഭ ഇന്ന് ഭാരതത്തിലുള്ള അതിന്റെ 29 രൂപതകളും ഭാരതത്തിനു പുറത്തുള്ള മൂന്നു രൂപതകളും ഒരു എക്സാർക്കേറ്റും ഭാരതത്തിന് അകത്തും പുറത്തുമുള്ള പ്രവാസിവിശ്വാസികളും ചേർന്ന ഒരു കൂട്ടായ്മയായിട്ടാണ് പ്രവർത്തിക്കുന്നത്. അതേസമയം ഇതരവ്യക്തിസഭകളോടു ചേർന്നു സാർവ്വത്രിക കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ നാം മിശിഹായുടെ ഒരേ ഒരു സഭയായി നിലനില്ക്കുകയും വളരുകയും ചെയ്യുന്നു. സാർവ്വത്രികസഭയ്ക്ക് എന്നതുപോലെ സീറോ മലബാർ സഭയ്ക്കു ഇതര ക്രൈസ്തവസഭകളോടുള്ള എക്യുമെനിക്കൽ

ബന്ധവും ഇതരമതങ്ങളോടുള്ള സൗഹാർദവും അതിന്റെ പ്രവർത്തനശൈലിയിൽ ഉൾപ്പെട്ടിരിക്കുന്നു.

സഭയിൽ ഇന്ന് സാഹചര്യങ്ങൾ മുമ്പത്തേക്കാൾ സങ്കീർണമാണ്. നമ്മുടെ ഇടയിൽ എതിർസാക്ഷ്യങ്ങളും ഉതപ്പുകളും ഉണ്ടാകുന്നു. ലൗകികതയുടെയും സുഖജീവിതത്തിന്റെയും വശ്യതകൾക്കു അടിപ്പെട്ടു ലാളിത്യത്തിന്റെയും കാരുണ്യത്തിന്റെയും അടിസ്ഥാനസ്വഭാവത്തിൽ നിന്നു സഭാമക്കൾ വ്യതിചലിച്ചുപോകുന്നു. ഇവയോടൊപ്പമാണ് ചില മതങ്ങളിലെ മൗലികവാദങ്ങളും അവയിൽനിന്നുണ്ടാകുന്ന ഭീകരപ്രസ്ഥാനങ്ങളും സഭാമക്കളുടെമേൽ അഴിച്ചുവിടുന്ന ക്രൂരമായ പീഡനങ്ങളും. വളരെ പ്രത്യേകിച്ചും, പൂർവ്വേഷ്യൻരാജ്യങ്ങളിൽ വിശ്വാസികൾ നിഷ്ഠുരമായി വധിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്യുന്നു. ചിലർ ബന്ധികളാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ ഫാ. ടോം ഉഴുന്നാലിനെ അനുസ്മരിച്ചു അദ്ദേഹത്തിന്റെ മോചനത്തിനായി നമുക്കു പ്രത്യേകം പ്രാർഥിക്കാം. ഭാരതത്തിലും ദൈവാലയങ്ങൾ ആക്രമിക്കപ്പെടുകയും സഭയുടെ ശുശ്രൂഷകൾക്കു പ്രതിബന്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ശക്തികൾ ഇടയ്ക്കിടെ തല പൊക്കുന്നുണ്ടല്ലോ.

പീഡനങ്ങൾ സഭയ്ക്ക് ഒരിക്കലും പുത്തരിയല്ല. അതിലൂടെ കടന്നുപോകുമ്പോൾ നാം അശേഷം ഭയപ്പെടുകയോ പതറുകയോ വേണ്ട. "ചെറിയ അജഗണമേ ഭയപ്പെടേണ്ട. എന്തെന്നാൽ, നിങ്ങൾക്കു രാജ്യം നല്കാൻ നിങ്ങളുടെ പിതാവു പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ. 12:32). "നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്കു നയിക്കപ്പെടും. അവിടെ അവരുടെയും വിജാതിയരുടെയും മുമ്പാകെ നിങ്ങൾ സാക്ഷ്യം നല്കും" (മത്താ. 10:18).

ഓരോ ക്രൈസ്തവനും സഭാശുശ്രൂഷകനും കർത്താവു ഭരമേല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ കൂടുതൽ പ്രതിബദ്ധതയോടെ നിർവഹിക്കുകയാണ് വേണ്ടത്. സഹനങ്ങളും പീഡനങ്ങളും ക്രൈസ്തവജീവിതത്തിന്റെ അനിവാര്യഘടകമാണ്. നിതാന്തജാഗ്രതയോടെ ക്രൈസ്തവസാക്ഷ്യം നിർവഹിക്കുകയാണു നമ്മുടെ ദൗത്യം. നിത്യതയിലുള്ള നമ്മുടെ ജീവിതം ഈ ലോകജീവിതത്തിൽത്തന്നെ നിറവേറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നാം കർത്താവിന്റെ ശിഷ്യരായി ജീവിക്കുന്നതിന് കൊടുക്കേണ്ടിവരുന്ന വില ഈ ലോകത്തിലും പരലോകത്തിലും നമുക്കു സന്തോഷത്തിനു കാരണമാകും. ശിഷ്യൻ ഗുരുവിനു മേലല്ലല്ലോ. കർത്താവിന്റെ ജീവിതസാക്ഷ്യത്തിന്റെ പതിപ്പുകളാകണം നമ്മുടെ എളിയ ക്രൈസ്തവജീവിതങ്ങൾ.

നമ്മുടെ വിശ്വാസവും സുവിശേഷവൽക്കരണപരിശ്രമങ്ങളും തെറ്റിദ്ധരിക്കപ്പെടുന്നു എന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. സഭാദിനത്തിൽ അതും നമുക്കു പരിചിന്തനത്തിനു വിഷയമാക്കാം. നാം ഇതരമതവിശ്വാസികളെ ക്രൈസ്തവരാക്കുവാൻ വ്യഗ്രതപൂണ്ട് അന്യായമായി പ്രവർത്തിക്കുന്നു എന്നു കരുതുന്നവരുണ്ട്. ക്രൈസ്തവസഭയെ തങ്ങളുടെ മതവിശ്വാസങ്ങൾക്കു ഭീഷണിയായി അവർ കാണുന്നു. സുവിശേഷപ്രബോധനങ്ങൾക്കനുസരിച്ച് ക്രൈസ്തവസഭ മറ്റെല്ലാ മതങ്ങളുടെയും നന്മകൾ ഉൾക്കൊണ്ടാണ് പ്രവർത്തിക്കുന്നത്. മതസംവാദമാണ് സഭ ആഗ്രഹി

ക്കുന്നത്. എല്ലാ മതങ്ങളുടെയും നന്മകൾ വിവിധമതവിശ്വാസികളായ മനുഷ്യരുടെ പൊതുജീവിതത്തിൽ സമന്വയിക്കപ്പെട്ട് മനുഷ്യസമൂഹത്തിന്റെ തന്നെ ഐക്യവും സമാധാനവും പരിപോഷിക്കപ്പെടണം എന്നതാണ് ക്രൈസ്തവദർശനത്തിന്റെ സവിശേഷത. ഒരു മതത്തിലെയും നന്മ നിഷേധിക്കപ്പെടാനിടയാകരുത്. എല്ലാ മതങ്ങൾക്കും അവയ്ക്കു സ്വന്തമായ നല്ല ദർശനങ്ങൾ നിലനിർത്തിക്കൊണ്ട് ഇതര മതങ്ങളോട് സഹകരിച്ചും അവയെ പ്രോത്സാഹിപ്പിച്ചും വളരുവാനും വളർത്തുവാനും സാധിക്കും.

ക്രൈസ്തവസഭ ആരെയും മതപരിവർത്തനത്തിനു വിധേയ മാക്കുന്നില്ല. അതിനായി നിർബന്ധമോ, വശീകരണമോ, പ്രലോഭനമോ നല്കുന്ന രീതി കത്തോലിക്കാസഭ അനുവർത്തിക്കുന്നില്ല. മതവിശ്വാസം മനസ്സാക്ഷിയുടെ പ്രവർത്തനത്തിനു വിധേയമായിരിക്കണമെന്നതാണ് സഭയുടെ നിലപാട്. മതകാര്യങ്ങളിൽ സ്വന്തം മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബന്ധിക്കപ്പെടരുത് എന്നാണ് മതസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന പ്രഖ്യാപനത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പറഞ്ഞിരിക്കുന്നത് (നമ്പർ 2). മനസ്സാക്ഷിയെ പ്രവർത്തനനിരതമാക്കുന്നത് ദൈവമാണ്. മനസ്സാക്ഷിയുടെ സ്വരം ദൈവത്തിന്റെ സ്വരമാണ്. അതിനു തന്നെത്തന്നെ സമർപ്പിക്കുവാൻ ഓരോരുത്തർക്കും അവകാശമുണ്ട്. അതു മനുഷ്യന്റെ മൗലികസ്വാതന്ത്ര്യമാണ്. ഈ മൗലികസ്വാതന്ത്ര്യമാണ് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ മൂന്നാം ഭാഗം 25 മുതൽ 28 വരെയുള്ള അനുഛേദങ്ങളിൽ മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെപ്പറ്റി പറയുമ്പോൾ വ്യക്തമാക്കപ്പെടുന്നതും. ഇതുവഴി സ്വന്തം മതവിശ്വാസം അനുവർത്തിക്കുന്നതിനും പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം എല്ലാ പൗരന്മാർക്കുമുണ്ട്. ഭാരതത്തിന്റെ ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യമനുസരിച്ചും ക്രൈസ്തവ ദർശനം ആദരിക്കുന്ന മനസ്സാക്ഷിസ്വാതന്ത്ര്യം അംഗീകരിച്ചുകൊണ്ടുമാണ് ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം നയിക്കുന്നത്.

കത്തോലിക്കാ സഭയും ഭാരതത്തിന്റെ ഭരണഘടനയും നിർദ്ദേശിക്കുന്ന വ്യക്തിസ്വാതന്ത്ര്യം ആരും ആരുടെയുംമേൽ സമ്മർദം ചെലുത്തി നിറവേറ്റാനുള്ളതല്ല എന്നും സഭ മനസ്സിലാക്കുന്നു. ചുരുക്കത്തിൽ, വിശ്വാസജീവിതത്തിൽ വ്യക്തിപരമായ തെരഞ്ഞെടുപ്പുകളിലൂടെ എന്തു സ്വീകരിക്കണം, എന്തുപേക്ഷിക്കണം എന്നു തീരുമാനിക്കാനിക്കുവാനും അതനുസരിച്ചു പ്രവർത്തിക്കുവാനും ഒരോ വ്യക്തിക്കും സ്വാതന്ത്ര്യമുണ്ട് എന്നതും സഭയുടെ ഉറച്ച ബോധ്യമാണ്. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തിന്റെ ശരിയായ വിനിയോഗത്തിനു ദൈവം തന്നെയാണ് അവനു പ്രചോദനവും ഉൾക്കരുത്തും ആത്മപ്രകാശവും നല്കുന്നത്.

മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണത സഭാമക്കളിൽ ജ്വലിപ്പിക്കുവാൻ സഭാദിനാചരണം ഉപകരിക്കണം. അതിനായി അല്മായപ്രേഷിതത്വം, യുവജനങ്ങളുടെ ക്രൈസ്തവസാക്ഷ്യം, കുടുംബങ്ങളുടെ വിശ്വാസജീവിതം എന്നിവയെല്ലാം പരിപോഷിപ്പിക്കുവാനുതകുന്ന പരിപാടികൾ സഭാദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത് നന്നായിരിക്കും. "യുവജ

നങ്ങൾ, വിശ്വാസവും ജീവിതപാത കണ്ടെത്തലും" എന്ന വിഷയത്തെ അധികരിച്ചു യുവജനങ്ങൾക്കുവേണ്ടി 2018-ൽ ഒരു സിനഡുനടത്തുവാൻ പരി. പിതാവു തീരുമാനിച്ചിട്ടുണ്ടല്ലോ. ഈ സിനഡിനായുള്ള ഒരുക്ക നടപടികൾ നമ്മുടെ സഭയിൽ ആരംഭിച്ചിട്ടുമുണ്ട്. ഈ പരിപാടികളിൽ ഫലപ്രദമായി സംബന്ധിക്കുവാൻ ഏവരും പരിശ്രമിക്കണം. കുട്ടികളുടെ വിശ്വാസപരിശീലനത്തിലും ഏവർക്കും ശ്രദ്ധ ഉണ്ടാകണം. ദൈവവിളികൾ തിരിച്ചറിയാൻ അവരെ ശക്തിപ്പെടുത്തുന്നതായിരിക്കണം വിശ്വാസപരിശീലന പരിപാടികൾ.

സഭയിൽ അല്മായർ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന കാലഘട്ടമാണിത്. കാരുണ്യപ്രവർത്തനങ്ങൾ, സാമൂഹികക്ഷേമപ്രവർത്തനങ്ങൾ, എന്നിവയിൽ അല്മായർ നല്കുന്ന സംഭാവനകൾ ഏറെയുണ്ട്. ജീസസ് യൂത്ത്, ഫിയാത്ത് മിഷൻ മുതലായ, യുവജനങ്ങൾ തന്നെ തുടങ്ങിയ പ്രസ്ഥാനങ്ങൾ, സഭയുടെ മിഷൻപ്രവർത്തനത്തിനും നവീകരണത്തിനും ഉപകരിക്കുന്നവയാണ്. ഇത്തരം പ്രസ്ഥാനങ്ങളിൽ ഏർപ്പെടുന്നവർ സഭയിലെ മെത്രാന്മാരുടെ നേതൃത്വത്തെ അംഗീകരിച്ചുകൊണ്ടും വ്യക്തിസഭകളുടെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ടും പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനത്തിരുനാളിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

**+ കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2017-ാം ആണ്ട് ജൂൺ മാസം 01-ാം തീയതി നല്കപ്പെട്ടത്.

---

**പ്രത്യേക ശ്രദ്ധയ്ക്ക് :**

1. അഭിവന്ദ്യ മേജർ ആർച്ചു ബിഷപ്പിന്റെ ഈ ഇടയലേഖനം 2017 ജൂൺ 25ന് ഞായറാഴ്ച നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും എല്ലാ വി. കുർബാനയുടെയും മദ്ധ്യേ വായിക്കേണ്ടതാണ്.
2. സീറോ-മലബാർ സഭാദിനമായ ജൂലൈ 3-ാം തീയതി എടുക്കുന്ന സ്തോത്രക്കാഴ്ച സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തനഫണ്ടിലേക്ക് നല്കുന്നതിനുവേണ്ടി സമാഹരിക്കണം. ഇടവകയിൽനിന്നും ഒരു വ്യക്തിക്ക് രണ്ടു രൂപ തോതിലെങ്കിലും സംഭാവന സമാഹരിച്ച് നല്കാൻ ശ്രദ്ധിക്കുമല്ലോ.
3. അഭിവന്ദ്യ മേജർ ആർച്ചു ബിഷപ്പിന്റെ നിർദ്ദേശമനുസരിച്ച് നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും സഭാദിനത്തിലും മറ്റ് പ്രധാനപ്പെട്ട ദിവസങ്ങളിലും സീറോ-മലബാർ സഭാ ആന്തം ആലപിക്കേണ്ടതാണ്.

തലശ്ശേരി
09-06-2017

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

**Prot. No. 383/17; സർക്കുലർ നമ്പർ 16/2017**

## ബഹു. വൈദികരുടെ വാർഷിക ധ്യാനം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

രണ്ടു ബാച്ചുകളിലായി നമ്മുടെ രൂപതയിൽ സേവനം അനുഷ്ഠിക്കുന്ന ബഹു. വൈദികർ വാർഷികധ്യാനം നടത്തുകയാണ്. ജൂലൈ 9 മുതൽ 14 വരെ തലശ്ശേരി മൈനർ സെമിനാരിയിൽവച്ച് ആദ്യബാച്ചും ജൂലൈ 16 മുതൽ 21 വരെ പരിയാരം മദർ ഹോമിൽവച്ച് രണ്ടാമത്തെ ബാച്ച് ധ്യാനവും നടക്കുന്നു. ഈ ധ്യാനാവസരം ഏറ്റവും ഫലപ്രദമാക്കാൻവേണ്ടി പ്രാർത്ഥിക്കുക എന്നത് അതിരൂപതാമക്കളായ നമ്മുടെ എല്ലാവരുടെയും കടമയാണ്.

മലബാറിലേക്ക് കുടിയേറിയ നമ്മുടെ ചരിത്രത്തിൽ നിർണ്ണായകമായ നേതൃത്വം നല്കിയവരാണ് നമ്മുടെ വൈദികർ. ജനങ്ങളുടെ ആവശ്യമറിഞ്ഞ്, ഫ്രാൻസീസ് മാർപ്പാപ്പായുടെ വാക്കുകളിൽ, 'ആടുകളുടെ ഗന്ധമറിഞ്ഞ്', നാടിന്റെ പുരോഗതിക്കായി പ്രവർത്തിച്ച, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ അച്ചന്മാർ ഈ അതിരൂപതയുടെ വലിയ സമ്പത്തും അനുഗ്രഹവുമാണ്. ഈ വാർഷിക ധ്യാനാവസരം ഒരിക്കൽകൂടി പ്രതിജ്ഞാബദ്ധമായ സമർപ്പണത്തിന് നമ്മുടെ വൈദിക സമൂഹത്തെ ശക്തിപ്പെടുത്തും എന്നത് നിസ്തർക്കമായ കാര്യമാണ്.

പൗരോഹിത്യശുശ്രൂഷയുടെ ഏഴു സ്തൂപങ്ങളെക്കുറിച്ച് (Pillars of Priesthood) പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ പ്രതിപാദിക്കുന്നുണ്ട്. അവ താഴെ പറയുന്നവയാണ്:

1. ഈശോയോടുള്ള ബന്ധം വൈദികന്റെ ശക്തി
2. ഈശോയോടുള്ള ബന്ധംപോലെ ദൈവജനത്തോടുള്ള അടുപ്പം
3. ഏറ്റവും ദരിദ്രരും ദുർബലരും അപ്രധാനരുമായി ബന്ധപ്പെടുന്നതാണ് പുരോഹിതരുടെ അധികാരം
4. കരുണയുടെ ശുശ്രൂഷയായ പൗരോഹിത്യം
5. ജീവിതലാളിത്യം പൗരോഹിത്യത്തിന്റെ അലങ്കാരം
6. പക്വതയുടെയും സമഗ്രതയുടെയും മാതൃകയായ പൗരോഹിത്യം
7. ദൈവജനത്തിന് അനുഗ്രഹത്തിന്റെ ഉറവിടമാകുവാനുള്ള ജീവിതം

വാർഷിക ധ്യാനാവസരം നമ്മുടെ അച്ചന്മാർക്ക് ഇപ്രകാരം തങ്ങളെത്തന്നെ ഒരിക്കൽകൂടി കണ്ടെത്തുന്നതിനും നവീകരിക്കുന്നതിനും പുനരർപ്പണം ചെയ്യുന്നതിനുമുള്ള വേദി ഒരുക്കുന്നു.

പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, നയിക്കുക എന്നീ ത്രിവിധ ദൗത്യവുംപേറി കർമ്മമണ്ഡലത്തിലായിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട അച്ചന്മാർ ദിവ്യജ്ഞാനത്തിന്റെ ഉറവിടമായ ഈശോയിൽനിന്ന് കൂടുതൽ പഠിക്കുവാനും അവിടുത്തെ തിരുവചനങ്ങളിലൂടെയും കൃപകളിലൂടെയും കൂടുതൽ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുവാനും ആടുകൾക്കുവേണ്ടി ജീവാർപ്പണം ചെയ്ത ഈശോയുടെ മാതൃകയിൽ തങ്ങളെത്തന്നെ ബലിയായി നല്കുവാനും അങ്ങനെ ദിവ്യാത്മശക്തി യോടെ ദൈവജനത്തിന്റെ പക്കലേക്ക് ഇറങ്ങുവാനും സജ്ജരാക്ക പ്പെടുകയാണ് ധ്യാനനിമിഷങ്ങളിലൂടെ. വിശ്വാസികളുടെ പിതാവായ അബ്രാഹത്തോട് വാഗ്ദാനം ചെയ്യപ്പെട്ടത് ഓരോ വൈദികരിലും നിവർത്തിതമാകുന്നു: "നീ എന്റെ മുമ്പിൽ കുറ്റമറ്റവനായി വ്യാപരിക്കുക. ഞാൻ നിന്നെ അനുഗ്രഹിക്കും. നിന്നിലൂടെ ലോകം മുഴുവനെയും അനുഗ്രഹിക്കും" (ഉല്പ. 17,12; 22,18).

ഇപ്രകാരം ദൈവത്തിന്റെ അനുഗ്രഹമായി മാറുന്ന നമ്മുടെ വൈദികർക്കുവേണ്ടി അതിരൂപതയിലെ ദൈവജനം മുഴുവനും പ്രാർത്ഥിക്കണം, പ്രത്യേകിച്ച് ഈ വാർഷികധ്യാന ദിവസങ്ങളിൽ നമ്മുടെ കുടുംബപ്രാർത്ഥനയുടെ സമയത്ത്, സാധിക്കുമെങ്കിൽ, 'വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന' ചൊല്ലുന്നത് വളരെ ഉപകാരപ്രദമായിരിക്കും.

ഈ വാർഷിക ധ്യാനത്തിന് നമ്മുടെ ബഹു. അച്ചന്മാരെ സഹായി ക്കുന്നത് കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാൻ മാർ ജോസ് പുളിക്കൽ പിതാവാണ്. പരിശുദ്ധാത്മാവിന്റെ ഉപകരണമായി നന്നായി ധ്യാനിപ്പിക്കുവാൻ ധ്യാനഗുരുവിനുംവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം.

ജീവന്റെ നീർച്ചാലിൽനിന്ന് വേണ്ടത്ര പാനം ചെയ്ത് നമ്മുടെ പ്രിയപ്പെട്ട അച്ചന്മാർ അനുഗ്രഹീതരാകുവാനായി പരിശുദ്ധ കന്യകാ മറിയത്തിന്റെയും നമ്മുടെ അതിരൂപതയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥ്യവും നമുക്കപേക്ഷിക്കാം.

ദൈവം നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
15-06-2017

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

---

**പ്രത്യേക ശ്രദ്ധക്ക് :** ഈ സർക്കുലർ 2017 ജൂലൈ 9-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# ബഹു. വൈദികർക്കുള്ള നിർദ്ദേശങ്ങൾ

1. രണ്ട് ബാച്ചുകളിലെയും ധ്യാനം ഞായറാഴ്ച വൈകുന്നേരം 7.30 നുള്ള റംശ നമസ്ക്കാരം മുതൽ വെള്ളിയാഴ്ച ഉച്ചഭക്ഷണം വരെയായിരിക്കും.
2. ബഹു. വികാരി ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ ഇടവകയുടെ അടിയന്തിര അജപാലന ആവശ്യങ്ങൾ നിർവ്വഹിക്കാൻ അടുത്തുള്ള ബഹു. വൈദികരെ ചുമതലപ്പെടുത്തുകയും പ്രസ്തുത വിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യണം.
3. ധ്യാനത്തിനു വരുമ്പോൾ കൊത്തീന, സൂനാറ, ഊറാറ, കുർബാന കണക്ക്, കുമ്പസാര പത്തേന്തി, ബൈബിൾ, ഒരു ബെഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്.
4. മറ്റ് ധ്യാനകേന്ദ്രങ്ങളിൽ പോയി ധ്യാനിച്ചവരും അതിരൂപതാ വാർഷിക ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. എന്നാൽ 2017 ജൂലൈ 30 മുതൽ ആഗസ്റ്റ് 4 വരെ അട്ടപ്പാടി, താവളം സെഹിയോൻ റിട്രീറ്റ് സെന്ററിൽ നടക്കുന്ന വൈദികർക്കുവേണ്ടിയുള്ള ധ്യാനത്തിൽ താത്പര്യമുള്ളവർക്ക് സംബന്ധിക്കാവുന്നതാണ്. ആ ധ്യാനത്തിൽ പങ്കെടുക്കാൻ പോകുന്നവർ മോൺ. അലക്സ് താരാമംഗലം അച്ചനെ അക്കാര്യം മുൻകൂട്ടി വിളിച്ചറിയിക്കുകയും കുമ്പസാര പത്തേന്തി, കുർബാനക്കണക്ക് എന്നിവ ആഗസ്റ്റുമാസത്തിൽ തന്നെ അതിരൂപതാ കച്ചേരിയിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.
5. ഏതെങ്കിലും കാരണത്താൽ പൊതുധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അക്കാര്യം അഭിവന്ദ്യ പിതാവിനെ നേരിട്ട് അറിയിക്കേണ്ടതാണ്. അവർ മൂന്നു മാസത്തിനകം ധ്യാനിച്ച് കുർബാന കണക്കും കുമ്പസാര പത്തേന്തിയും അതിരൂപതാ കച്ചേരിയിൽ നേരിട്ടു കൊണ്ടുവന്ന് പുതുക്കേണ്ടതാണ്.
6. ആരെങ്കിലും ബാച്ചു മാറിവരാൻ ആഗ്രഹിക്കുന്നെങ്കിൽ മുൻകൂട്ടി ചാൻസലറച്ചനെ വിവരമറിയിക്കണം. സെമിനാരിയിൽ താമസസൗകര്യം കുറവായതിനാൽ ഇനി ആരെങ്കിലും അവിടെ ധ്യാനിക്കാന്ോ ആഗ്രഹിക്കുന്നെങ്കിൽ താമസസൗകര്യം ലഭിക്കുന്നത് സന്ദേശഭവനിൽ ആയിരിക്കും.
7. ധ്യാനിക്കാനായി വരുമ്പോൾ ബഹു. വൈദികർ പി.പി.എഫിലേക്ക് അടയ്ക്കാനുള്ള വ്യക്തിഗത വിഹിതവും ഇടവക വിഹിതവും കൊണ്ടുവരേണ്ടതാണ്. ഒപ്പം മറ്റെല്ലാ പിരിവുകളും അടച്ചു തീർക്കുവാൻ ശ്രദ്ധിക്കുമല്ലോ.

Ref: 3034/K-5/KCBC/OL/DS 17.06.2017

# യുവജനദിനം 2017 (ജൂലൈ 9, ഞായർ)

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയമുള്ള യുവജനങ്ങളേ, സഹോദരീസഹോദരന്മാരേ!

ഒരു യുവജനദിനം കൂടി നാം ആഘോഷിക്കുകയാണ്. ഈ ആചരണം യുവതീ-യുവാക്കളുടെ വിശ്വാസത്തിന്റെ ആഘോഷം തന്നെയാണ്. സ്വാതന്ത്ര്യം അഭിലഷിക്കുന്ന യുവജനം പ്രതീക്ഷകളിൽ നിന്നു യാഥാർത്ഥ്യങ്ങളിലേക്കുള്ള ദീർഘദൂരം ഗതിവേഗതയോടെ താണ്ടുമ്പോൾ അവർക്കു സംഭവിക്കുന്ന സാരമായ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഇത്തരം യാത്രയ്ക്കിടയിൽ സംഭവിച്ച ചില നഷ്ടങ്ങളുണ്ട്. ഈ നഷ്ടങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ചില ചിന്തകളാണ് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ 2018 ഒക്ടോബറിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖയിൽ പങ്കുവയ്ക്കുന്നത്.

മൂന്നു തലത്തിലുള്ള നിർദ്ദേശങ്ങളാണ് തയ്യാറെടുപ്പുരേഖയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒന്നാമതായി യുവജനങ്ങൾ വളരുകയും, അവർ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന ലോകത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ചില സ്വയംചാലകപ്രവർത്തനങ്ങളുടെ സംഗ്രഹം. രണ്ടാമതായി, യുവജനങ്ങൾക്ക് വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുക്കാൻ സഹായിക്കുന്ന ചില ചുവടുവയ്പുകൾ. അവസാനമായി, യുവജനങ്ങൾക്കു വേണ്ടിയുള്ള അജപാലനപരവും വിളിപരവുമായ പദ്ധതിയുടെ മുഖ്യഘടകങ്ങൾ.

### 1. ആധുനിക ലോകത്തിലെ യുവജനങ്ങൾ

സഭയുടെ യുവത്വം അതിലെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ ഹൃദയം സ്വന്തമാക്കിയവർക്കേ ദൈവസ്നേഹത്തിന്റെ യുവജന സാക്ഷികളായി സഭയുടെ യുവത്വം നിലനിർത്താനാകൂ. യുവജനങ്ങൾ വിശ്വാസതത്പരതയിലും ദൈവസ്നേഹതീക്ഷ്ണതയിലും വളരണം. ധാർമിക സമഗ്രതയുള്ള യുവജനങ്ങൾ സഭയിലും സമൂഹത്തിലും ഉണ്ടാവണം. എന്നാൽ ലോകത്തെ പിടികൂടിയിട്ടുള്ള ആധ്യാത്മികവും, സാംസ്കാരികവും ധാർമികവുമായ ജീർണതയുടെ ആദ്യത്തെ ഇരകൾ

ഇന്നത്തെ യുവജനങ്ങളാണ്. ജീവിതത്തെ വളരെ നിസ്സാരമായി കരുതി ജീവിക്കുന്നവരാണ് ഇന്നത്തെ യുവജനങ്ങൾ എന്ന പ്രതീതി ഉണ്ടാകുന്നു. യുവജനങ്ങളുടെ ഇടയിലെ ആത്മീയ നിർജ്ജീവത്വവും മൂല്യശോഷണവും അപകടപൂർണമായി വർധിക്കുന്നു. പണത്തിന്റെ ലഭ്യതയും ആഢംബരജീവിതഭ്രമവും നവമാധ്യമ സ്വാധീനവും ആധുനിക ലോകത്തിലെ യുവജനങ്ങളെ വഴിതെറ്റിക്കുന്നു. തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ലോകത്തെ നന്മയിലേക്ക് നയിക്കാൻ യുവജനങ്ങൾക്ക് കഴിയണം. അതിനായി യുവജനങ്ങൾ യേശു സ്നേഹത്തിന്റെയും കരുണയുടെയും പ്രയോക്താക്കളായി മാറണം.

## 2. വിശ്വാസവും വിളിയും

ക്രിസ്തീയ ജീവിതം വിശ്വാസത്തിലൂന്നിയ ജീവിതമാണ്. യേശു കണ്ടതുപോലെ കാര്യങ്ങളെ കാണുകയെന്നതാണ് വിശ്വാസം (Lumen Fidei 18). വിളിപരമായ വിവേചിച്ചറിയലിന്റെ ഉറവിടം വിശ്വാസമാണ്. അങ്ങനെ വിശ്വാസവും വിളിയും തമ്മിൽ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. അബ്രഹാമിന്റെ ആഴമായ വിശ്വാസത്തിൽനിന്നാണ് അവന് വിളി ലഭിച്ചത്. ആ വിളിയിൽ ശ്രദ്ധേയമായ ഒരു വാഗ്ദാനം നാം കാണണം. "നിന്നെ ഞാൻ അനുഗ്രഹിക്കും... നീ ഒരനുഗ്രഹമായിരിക്കും" (ഉത്പ 12:2-3). യുവജനങ്ങൾ ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ച് സമൂഹത്തിന് അനുഗ്രഹമായി മാറണം.

വിശ്വാസം ഭീരുവിനുള്ള അഭയകേന്ദ്രമല്ല. മറിച്ച് ഹൃദയങ്ങളെ ഉദ്ദീപിപ്പിക്കുന്ന ശക്തിയാണ്. വിശ്വാസം എന്നത് വഴിയും സത്യവും ജീവനുമായ (യോഹ 14:6) ദൈവത്തോട് സംവദിക്കുക എന്നതാണ്. അത് ദൈവവചനത്തിന്റെ സന്തോഷം അനുദിനജീവിതത്തിൽ അനുഭവിച്ചുകൊണ്ട് വിശ്വാസബോധ്യത്തിൽ വളരുന്നതാണ്. ഈ സംവാദം നടക്കുന്ന സ്ഥലം മനസ്സാക്ഷിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ മനസ്സാക്ഷി മനുഷ്യന്റെ ഏറ്റവും രഹസ്യാത്മകമായ ശ്രീകോവിലാണ്. (Gaudium et Spes-16). ദൈവം വിളിയിലൂടെ നല്കുന്ന സന്തോഷവും ഓരോ വ്യക്തിയും ആഗ്രഹിക്കുന്ന സന്തോഷവും വസ്തുനിഷ്ഠമായ രൂപത്തിൽ മനസ്സിലാക്കാൻ ഓരോ മനുഷ്യനും സാധിക്കുകയില്ല. നമ്മുടെ ജീവിതത്തിന് മഹത്തരമായ ലക്ഷ്യം നല്കുന്ന വിളികളെ നാം തിരിച്ചറിയുന്നത് ചില ഉൾപ്രചോദനത്തിൽനിന്നുമാണ്. എല്ലാ വിളികളും പൂർണതയിലേക്കുള്ള വിളിയാണ്. "എന്റെ സ്വർഗസ്ഥനായ പിതാവ് പരിപൂർണ

നായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ. 5/45) പരിപൂർണ്ണത എന്നു പറയുന്നത് സ്നേഹത്തിന്റെ തികവാണ്. അതായത്, എല്ലാ വിളിയും ദൈവസ്നേഹത്തിലേക്ക് അടുക്കാനുള്ള ക്ഷണമാണ്. ദൈവവും മനുഷ്യനുമായുള്ള സ്നേഹബന്ധം ഒരു വലിയ രഹസ്യമാണ്. ഈ രഹസ്യം ഉൾവിളിയോട് പൂർണമായ വിശ്വസ്തത പുലർത്തി കടലോളം കാരുണ്യമുള്ളവരായി ജീവിക്കാൻ സഹായിക്കുന്നു. രഹസ്യാത്മകത ഉൾക്കൊള്ളുന്ന ഈ സ്നേഹബന്ധമാണ് മദർ തെരേസയെ ലോകത്തിന്റെ അമ്മയും വിശുദ്ധയുമാക്കി മാറ്റിയത്. വിശ്വാസം വിശുദ്ധീകരണത്തിനും വിളി ദൗത്യത്തിനുമാണ്.

യുവജനങ്ങളുടെ ബന്ധങ്ങളും സൗഹൃദങ്ങളും ഓൺലൈൻ ആയിക്കഴിഞ്ഞിരിക്കുന്നു. പരസ്പര സാമീപ്യം ആവശ്യമില്ലാത്ത ഇലക്ട്രോണിക് ബന്ധങ്ങൾ! മറ്റുള്ളവരുടെ ഇഷ്ടങ്ങൾക്കും (Likes) അഭിപ്രായങ്ങൾക്കും (Comments) പ്രാധാന്യം നല്കി സ്വന്തം ജീവിതത്തെ ക്രമീകരിക്കാൻ ബദ്ധപ്പെടുന്ന യുവജനങ്ങളുണ്ട്. സാമൂഹിക മാധ്യമങ്ങൾ തീർക്കുന്ന സ്വപ്നലോകത്ത് അന്യോന്യബന്ധമില്ലാതെ ജീവിക്കാൻ ആഗ്രഹിക്കുന്ന യുവ സുഹൃത്തുക്കൾക്ക് വിശ്വാസത്തെയും വിളിയെയും ഗാഢമായി ബന്ധപ്പെടുത്തി ജീവിക്കാനോ അതിന് പ്രത്യുത്തരം നല്കാനോ പ്രയാസമാണ്, ഇത്തരം യുവജനങ്ങൾ ജീവിതം പാതിവഴിയിൽ വേർപെട്ടവരായി മാറുന്നു. മനുഷ്യൻ ഏറ്റവും മോശമായത് ചെയ്യുവാൻ കഴിവുള്ളവനായിരിക്കുമ്പോൾത്തന്നെ നന്മയെ വീണ്ടും തിരഞ്ഞെടുത്തുകൊണ്ടും പുതുതായി തുടങ്ങിക്കൊണ്ടും മാനസികവും സാമൂഹികവുമായ അവരുടെ വ്യവസ്ഥിതികൾക്കെതിരായി അവയ്ക്ക് അതീതമായി ഉയരാൻ കഴിവുള്ളവരാണ് (ലാവുദാത്തൊസി, 205).

### 3. വിവേചിച്ചറിയൽ എന്ന ദാനം

ഒരു വ്യക്തി ദൈവത്തോട് സംവദിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിച്ചുകൊണ്ടും ഒരുവന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള തിരഞ്ഞെടുപ്പിൽ തുടങ്ങി, അടിസ്ഥാനപരമായ തെരഞ്ഞെടുപ്പുകൾ നടത്തുന്ന പ്രകിയയാണത്. അനിശ്ചിത സാഹചര്യങ്ങളിലും ആന്തരികശക്തികളുടെ സംഘർഷങ്ങളുടെ മുമ്പിലും തീരുമാനങ്ങളെടുക്കുകയും പ്രവൃത്തികളെ നയിക്കുകയും ചെയ്യുന്നിടത്താണ് വിവേചിച്ചറിയൽ പ്രക്രിയ നടക്കുന്നത്. വിവേചിച്ചറിയൽ എന്ന

ശ്രേഷ്ഠമായ പ്രയോഗം സഭയുടെ പാരമ്പര്യത്തിലുള്ളതാണ്. നല്ലതിനെ മോശമായതിൽനിന്ന് തിരിച്ചറിയുക, പ്രലോഭനങ്ങളെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുക എന്നിവയെല്ലാം വിവേചിച്ചറിയലിലെ വ്യത്യസ്ത രൂപങ്ങളാണ്. സുവിശേഷത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിവേചിച്ചറിയൽ വിവരിക്കാൻ മൂന്നു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. അവ തിരിച്ചറിയുക, വ്യാഖ്യാനിക്കുക, തിരഞ്ഞെടുക്കുക എന്നിവയാണ്.

യുവജനങ്ങളെ സ്വയം കണ്ടെത്താൻ സഹായിക്കണം. അതിന് അവരെ മനസ്സിലാക്കണം. അവരുടെ വൈകാരിക പ്രത്യേകതകൾ തിരിച്ചറിയണം. ദൈവത്തോട് അടുത്തുനിൽക്കുന്ന യുവജനങ്ങളിൽ ദൈവീക കൃപ പ്രകടമാകും. അവർക്കേ ദൈവത്തെപ്പോലെ മറ്റുള്ളവരെ ആകർഷിക്കാനാകൂ. മോശയെപ്പോലെ ദൈവത്തിന്റെ മുഖത്ത് നോക്കിക്കൊണ്ട് യാത്രചെയ്യാനും യോഹന്നാൻ ശ്ലീഹായെപ്പോലെ യേശുവിന്റെ മാറിൽ ചാരിക്കിടക്കാനും മഹാപുരോഹിതനായ യേശുവിനെപ്പോലെ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാനും തയ്യാറാകുന്നവർക്കു മാത്രമേ വിവേചിച്ചറിയൽ എന്ന ദാനം പൂർണമായി നേടാൻ പറ്റൂ. “ദൈവത്തെ കൂടാതെയുള്ള ധാർമ്മികതയ്ക്കു നിലനില്പില്ല” (ഫുൾട്ടൻ ജെ ഷീൻ). “ധാർമ്മികതയ്ക്ക് നിലനിൽപ്പുണ്ടാകണമെങ്കിൽ ഒരു അടിത്തറ വേണം; നന്മ തിന്മകളെ വിലയിരുത്തുന്ന ഒരു ദൈവം” (ഇമ്മാനുവേൽ കാന്റ്). സമൂഹത്തിലെ ജീർണതകളിൽ അസ്വസ്ഥരാകുന്ന ഇന്നത്തെ യുവജനങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകുന്ന മൂന്നു കാര്യങ്ങളാണ് പരിശുദ്ധ ഫ്രാൻസീസ് പാപ്പ നമ്മെ ഓർമപ്പെടുത്തുന്നത്. വിശ്വാസവും വിളിയും വിവേചിച്ചറിയലുമാണവ.

**ഉപസംഹാരം**

2018 ഒക്ടോബറിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ 15-ാം സാധാരണ പൊതുസമ്മേളനത്തിനുവേണ്ടിയുള്ള ഒരുക്കരേഖ ഇതിനോടകം എല്ലാ രൂപതകളിലും ലഭ്യമാക്കിയിട്ടുണ്ട്. ഈ ഒരുക്കരേഖയിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും കേരളത്തിലെ 31 രൂപതകളിലെയും യൂത്ത് കമ്മീഷന്റെ നേതൃത്വത്തിലും കെ.സി. വൈ.എം.ന്റെ ആഭിമുഖ്യത്തിലും, ഇതര യുവജന പ്രസ്ഥാനങ്ങളുടെ കൂട്ടായ്മയിലും പഠനവിധേയമാക്കണമെന്ന് താത്പര്യപ്പെടുന്നു. ഈ പഠനത്തിന്റെ വെളിച്ചത്തിൽ കെ.സി.ബി.സി. യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു യുവജന മാർഗരേഖ തയ്യാറാക്കാൻ ആഗ്രഹിക്കുന്നു. പ്രസ്തുത

മാർഗരേഖയ്ക്ക് ആവശ്യമുള്ള കാര്യങ്ങൾ കെ.സി.ബി.സി യുവജന കാര്യാലയത്തിൽ കഴിവതും വേഗം നല്കണമെന്ന് ഓർമിപ്പിക്കുന്നു. കേരളത്തിലെ യുവജനപ്രവർത്തനങ്ങൾക്ക് വ്യക്തിഗതമായും സഭാതലത്തിലും സംസ്ഥാനതലത്തിലും ത്യാഗോജ്ജ്വലമായി പ്രവർത്തിക്കുന്ന ഡയറക്ടർ അച്ചന്മാരെയും ആനിമേറ്റേഴ്സ് ആയി ശുശ്രൂഷ ചെയ്യുന്ന സന്ന്യാസിനിമാരെയും എല്ലാ യുവജനപ്രവർത്തകരെയും വിശ്വാസികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രാർത്ഥനപൂർവം,

**ഡോ. ജോസഫ് മാർ തോമസ്**
(ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**ഡോ. മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. യൂത്ത് കമ്മീഷൻ)

---

**NB:** 2017 ജൂലൈ 9-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി - 682 025

# കച്ചേരി കാര്യം

## 1. ബഹു. വൈദികരുടെ വാർഷികധ്യാനം

അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം ജൂലൈ മാസം 9 മുതൽ 14 വരെ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ചും ജൂലൈ 17 മുതൽ 21 വരെ പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ചും നടത്തപ്പെടുന്നതാണ്. ഓരോ ബാച്ചിലും സംബന്ധിക്കേണ്ട വൈദികരുടെ ലിസ്റ്റ് കഴിഞ്ഞ ലക്കം ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. താത്പര്യമുള്ളവർക്ക് ജൂലൈ 30 മുതൽ ആഗസ്റ്റ് 4 വരെ അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന പ്രീസ്റ്റ് ഗ്രാന്റ് കോൺഫ്രൻസിൽ പങ്കെടുക്കാവുന്നതാണ്. അട്ടപ്പാടിയിൽ ധ്യാനിക്കാൻ പോകുന്നവർ അക്കാര്യം മോൺ. അലക്സ് താരാമംഗലം അച്ചനെ ജൂലൈ 5ന് മുമ്പ് അറിയിക്കണം. കൂടുതൽ വിവരങ്ങൾക്ക് അഭിവന്ദ്യ പിതാവിന്റെ സർക്കുലറും തുടർകുറിപ്പുകളും കാണുക.

## 2. സഭാദിനം - ജൂലൈ 3

സഭാദിനത്തിന്റെ സർക്കുലർ പള്ളികളിൽ വായിച്ചു കാണുമല്ലോ. ജൂലൈ 3ന് എടുക്കുന്ന സ്തോത്രക്കാഴ്ച സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായ്ക്കുവേണ്ടി സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണം.

## 3. അതിരൂപതായോഗം കരടുരേഖ ചർച്ച

അതിരൂപതായോഗത്തിന്റെ കരടുരേഖ എല്ലാ ഇടവകകളിലും എത്തിച്ചിട്ടുണ്ട്. ബഹു. അച്ചന്മാർക്കും പാരീഷ് കൗൺസിൽ അംഗങ്ങൾക്കും കരടുരേഖ പരിചയപ്പെടുത്തുന്ന ക്ലാസ്സുകളും നടന്നു കഴിഞ്ഞു. എത്രയും പെട്ടെന്ന് വാർഡു കൂട്ടായ്മകൾ, പാരീഷ് കൗൺസിൽ, സംഘടനകൾ, മതാധ്യാപകർ തുടങ്ങിയവരും കരടുരേഖ ചർച്ച ആരംഭിക്കേണ്ടതാണ്. റിപ്പോർട്ടുകൾ 2017 ആഗസ്റ്റ് 30നു മുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 4. കുർബാനധർമ്മം

ബഹു. വൈദികർ കുർബാനധർമ്മം ബഹു. ജനറാളച്ചനെ ഏല്പിക്കുമ്പോൾ പതിനായിരം രൂപയ്ക്ക് മുകളിലുള്ള തുകയാണ് നല്കുന്നതെങ്കിൽ വ്യക്തിപരമായ അക്കൗണ്ടിൽനിന്നുള്ള ചെക്കു മുഖേന നല്കേണ്ടതാണ്. Archdiocese of Thalassery - Mass Fund എന്ന പേരിലാണ് ചെക്ക് എഴുതേണ്ടത്.

### 5. യുവജനദിനം – ജൂലൈ 9

ജൂലൈ 9-ാം തീയതി ഞായറാഴ്ചയാണ് യുവജനദിനം. അന്നേ ദിവസം യൂത്ത് കമ്മീഷൻ പുറപ്പെടുവിച്ച സർക്കുലർ വായിക്കുകയും ഈ വർഷത്തെ യുവജനപ്രവർത്തനങ്ങൾക്ക് സമുചിതമായ ആരംഭം കുറിക്കുകയും ചെയ്യുമല്ലോ. ആ ദിവസത്തെ സ്തോത്രക്കാഴ്ച യുവജന പ്രവർത്തനങ്ങളെ സഹായിക്കാൻവേണ്ടി അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

### 6. ദിയാക്കോണിയ 2017 – അതിരൂപതാ സംഘടനാ നേതൃസംഗമം

തലശ്ശേരി അതിരൂപതയിലെ വിവിധ ഭക്തസംഘടനാ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി മിഷൻലീഗ്, കെ.സി.വൈ.എം., മാതൃവേദി എന്നീ സംഘടനകളുടെ നിലവിലുള്ള എല്ലാ ഭാരവാഹികളുടെയും സംയുക്തസമ്മേളനവും പരിശീലന പരിപാടിയും അതിരൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. ഇടവകയിലെ സംഘടനാപ്രവർത്തനങ്ങൾ ചലനാത്മകമാക്കുവാൻ ഉദ്ദേശിച്ചുള്ള ഈ പരിപാടിയിൽ ഓരോ മേഖലയിലുമുള്ള മേൽപറഞ്ഞ മൂന്ന് ഭക്തസംഘടകളുടെയും മുഴുവൻ ശാഖാ – മേഖല ഭാരവാഹികളും സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

| Sl. No. | തീയതി | പങ്കെടുക്കേണ്ട മേഖലകൾ | സ്ഥലം |
|---|---|---|---|
| 1 | ജൂലൈ 08 | പൈസക്കരി, ചെമ്പന്തൊട്ടി ചെമ്പേരി | ചെമ്പേരി എഞ്ചിനീയറിങ്ങ് കോളേജ് |
| 2 | ജൂലൈ 22 | നെല്ലിക്കാംപൊയിൽ എടൂർ, കുന്നോത്ത് | ഇരിട്ടി |
| 3 | ഓഗസ്റ്റ് 05 | വായാട്ടുപറമ്പ് ആലക്കോട്, മേരിഗിരി | ആലക്കോട് |
| 4 | ഓഗസ്റ്റ് 19 | തോമാപുരം, ചെറുപുഴ | ചെറുപുഴ |
| 5 | ഓഗസ്റ്റ് 26 | പനത്തടി, കാഞ്ഞങ്ങാട് വെള്ളരിക്കുണ്ട് | പടന്നക്കാട് |
| 6 | സെപ്റ്റം. 09 | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 7 | സെപ്റ്റം. 16 | പേരാവൂർ | പേരാവൂർ |

### 7. ആദരാഞ്ജലികൾ



**സി. മാർഗരറ്റ് എസ്.എ.ബി.എസ്. :** ബഹു. ജോർജ് കൊല്ലക്കൊമ്പിലച്ചന്റെ സഹോദരിയും ദിവ്യകാരുണ്യ ആരാധന സഭ മാനന്തവാടി പ്രൊവിൻസ് അംഗവുമായ സി. മാർഗരറ്റ് മേരി കൊല്ലക്കൊമ്പിൽ (85) 2017 ജൂൺ 2ന് നിര്യാതയായി. അമ്പലവയൽ സെന്റ് മാർട്ടിൻ ഹോസ്പിറ്റലിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. വടകര, മുത്തോലപുരം, പാലാവയൽ, മണിക്കടവ്,

കിളിയന്തറ, തോമാപുരം, പടത്തുകടവ്, ബത്തേരി, കൽപറ്റ, മാനന്തവാടി, പുൽപള്ളി, എടപ്പെട്ടി, അമ്പലവയൽ തുടങ്ങിയ മഠങ്ങളിൽ ശുശ്രൂഷ ചെയ്തു. മൃതസംസ്ക്കാര ശുശ്രൂഷകൾ 2017 ജൂൺ 3-ന് ഉച്ചകഴിഞ്ഞ് ദ്വാരക സെന്റ് അൽഫോൻസ ദൈവാലയത്തിൽ മാനന്തവാടി രൂപതാമെത്രാൻ മാർ ജോസ് പൊരുന്നേടം പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവ് മൃതസംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. പരേതയ്ക്ക് നിത്യശാന്തി നേരുന്നു.



**സി. ആൻസീന എഫ്.സി.സി.:** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിലെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ സി. ആൻസീന (72) 2017 ജൂൺ 1 ന് നിര്യാതയായി. പരേത താമരശ്ശേരി രൂപത പെരുവണ്ണാമൂഴി ഇടവകയിലെ മഠത്തിനാത്ത് പരേതരായ ചാക്കോച്ചൻ-ഏലിയാമ്മ ദമ്പതികളുടെ ആറാമത്തെ മകളാണ്. ചെമ്പേരി, കുന്നോത്ത്, കുടിയാൻമല, വേനപ്പാറ, മലാപ്പറമ്പ്, നിർമ്മലഗിരി, ഭീമനടി, മഞ്ഞക്കുന്ന്, കോളയാട്, പുഷ്പഗിരി, വെള്ളരിക്കുണ്ട്, നാട്ടക്കൽ, എടക്കോം, എന്നീ ഭവനങ്ങളിലും എറണാകുളം സെന്റ് തോമസ് മൗണ്ടിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 20 വർഷത്തോളം സുവിശേഷപ്രഘോഷണദൗത്യത്തിൽ പങ്കുചേർന്ന് മുരിങ്ങൂർ ഡിവൈൻ, പോട്ട എന്നീ ധ്യാനകേന്ദ്രങ്ങളിൽ ശുശ്രൂഷ ചെയ്തു. എമ്പേറ്റ് ഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരവെയാണ് മരണം. മൃതസംസ്ക്കാര ശുശ്രൂഷകൾ 2017 ജൂൺ, 2ന് കുന്നോത്ത് നൊവിഷ്യേറ്റ് ഹൗസിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പരേതയ്ക്ക് നിത്യശാന്തി നേരുന്നു.



**സി. നിർമ്മല എം.എസ്.എം.ഐ.:** എം.എസ്.എം.ഐ. സന്ന്യാസിനി സമൂഹത്തിന്റെ പ്രഥമ ബാച്ചിൽ നിന്നുള്ള സാൻജോസ് പ്രൊവിൻസ് അംഗമായ സി. നിർമ്മല (79) 2017 ജൂൺ 8ന് നിര്യാതയായി. കണ്ണൂർ സാൻജോസ് പ്രൊവിൻഷ്യൽ ഹൗസിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. കുളത്തുവയൽ, ചന്ദനക്കാംപാറ, മേരിപുരം, തലശ്ശേരി, മേരിഗിരി, നെല്ലിക്കുറ്റി, നിലമ്പൂർ, ഇടപ്പുഴ, ചെമ്പനോട, ചരൾ, ചുള്ളി, എണ്ണപ്പാറ, പടുപ്പ്, ആര്യപ്പറമ്പ്, ഏറ്റുപാറ, താഴൂർ, റയറോം, പരിയാരം എന്നിവിടങ്ങളിൽ സേവനം ചെയ്തു. നെല്ലിക്കുറി സിയോൻ ധ്യാനകേന്ദ്രത്തിൽവച്ച് നടന്ന മൃതസംസ്ക്കാരശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് മുഖ്യകാർമ്മികത്വം വഹിച്ചു. റവ. ഫാ. സെബാൻ എടയാടിയിൽ ചരമ പ്രസംഗം നടത്തി. നിത്യതയിലേയ്ക്ക് യാത്രയായ സിസ്റ്ററിന്റെ നിസ്തുലമായ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ശ്രീ. ജോസ് പുളിക്കക്കുന്നേൽ :** ബഹു. ജേക്കബ് പുളിക്കക്കുന്നേലച്ചന്റെ സഹോദരൻ ശ്രീ. ജോസ് പുളിക്കക്കുന്നേൽ 2017 മെയ് 28-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം മുടയരഞ്ഞി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ 2017 മെയ് 29ന് നടന്നു. പരേതന് നിത്യശാന്തി നേരുകയും സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**ശ്രീ. ജോസഫ് അമ്പാട്ട് :** കൊട്ടോടി പള്ളി വികാരി ബഹു. സണ്ണി അമ്പാട്ട് അച്ചന്റെ വത്സലപിതാവ് ശ്രീ. ജോസഫ് (കൊച്ചേട്ടൻ) അമ്പാട്ട് (87) 2017 ജൂൺ 20-ാം തീയതി നിര്യാതനായി. മൃതസംസ്ക്കാരം പാലാ, ചക്കാമ്പുഴ ലൊരേത്തു മാതാ പള്ളിയിൽ 2017 ജൂൺ 21ന് നടന്നു. പരേതന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ബഹു. സണ്ണിയച്ചനും സന്തപ്ത കുടുംബാംഗങ്ങൾക്കും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 8. സ്നേഹസ്മൃതി

1. റവ. ഫാ. മാണി വാഴചാരിയ്ക്കൽ - 02-07-2014
2. റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ - 05-07-1989
3. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (സീനിയർ) - 07-07-1994
4. റവ. ഫാ. ജോൺ കല്ലുങ്കൽ - 08-07-2012
5. റവ. ഫാ. സേവ്യർ പുത്തൻപുരയിൽ - 15-07-1999
6. റവ. ഫാ. അബ്രാഹം മൂക്കനോലിൽ - 16-07-1981
7. റവ. ഫാ. ജേക്കബ് വെള്ളക്കട - 20-07-1970
8. റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി - 26-07-2003
9. റവ. ഫാ. മാത്യു പൊയ്യക്കര - 27-07-2008
10. റവ. ഫാ. ജോൺ കടുകമ്മാക്കൽ - 28-07-2010
11. റവ. ഫാ. ജെയിംസ് മുകളേൽ - 29-07-2009
12. റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ - 30-07-2012

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## വൈദികക്ഷേമനിധി

ബഹു. വൈദികർ വാർഷിക ധ്യാനത്തിനു വരുമ്പോൾ പി.പി.എഫിലേക്കുള്ള വ്യക്തിവിഹിതവും ഇടവകാവിഹിതവും അടച്ച് സഹകരിക്കുമല്ലോ. വ്യക്തി വിഹിതം 5250 രൂപയും ഇടവകാവിഹിതം എ ഗ്രേഡ്: 31,500; ബി ഗ്രേഡ്: 26,250; സി ഗ്രേഡ്: 21,000; ഡി ഗ്രേഡ് : 10,500 രൂപയും ആണ്.

**സെക്രട്ടറി, പി.പി.എഫ്.**

# തലശ്ശേരി അതിരൂപതായോഗം 2017

അതിരൂപതായോഗത്തിന്റെ കരടുരേഖ 2017 ജൂൺ 13ന് ചേർന്ന ഫൊറോന വികാരിമാരുടെ യോഗത്തിൽവച്ച് അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. ഈ കരടുരേഖ പരിചയപ്പെടുത്തുന്ന ക്ലാസ്സുകൾ ജൂൺ 17,18,24 തീയതികളിലായി പാരീഷ് കൗൺസിൽ അംഗങ്ങൾക്കുവേണ്ടി നടത്തി. ജൂൺ 27ന് നാല് റീജനുകളിലായി അതിരൂപതയിലെ എല്ലാ ബഹു. വൈദികർക്കുവേണ്ടിയും ക്ലാസ്സ് നടത്തുകയും പെരിയ ബഹു. ജനറാളച്ചന്മാരുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയും ചെയ്തു.

ഇടവകകളിൽ ഇതിനകം എത്തിച്ചിരിക്കുന്ന കരടുരേഖയുടെ കോപ്പികൾ വാർഡ് കുടുംബകൂട്ടായ്മകൾ, പാരീഷ് കൗൺസിൽ, സംഘടനകൾ തുടങ്ങിയ വേദികളിൽ ചർച്ച ചെയ്യാനായി ഉപയോഗിക്കണം. എല്ലാ ഇടവകകളിലും ചർച്ചകൾ പൂർത്തിയാക്കി റിപ്പോർട്ടുകൾ 2017 ആഗസ്റ്റ് 30ന് മുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## ചർച്ചക്കുള്ള പൊതുനിർദ്ദേശങ്ങൾ

### I. ചർച്ച നടത്തേണ്ട രീതി

1. ചർച്ച ചെയ്യുന്ന ഗ്രൂപ്പിൽ ഒരാൾ ഓരോ വിഷയത്തെയുംകുറിച്ചുള്ള ലഘുലേഖയിലെ ആശയങ്ങൾ മുൻകൂട്ടി പഠിച്ച് അവതരിപ്പിക്കുക.
2. തുടർന്ന് ആ വിഷയത്തിന്റെ അവസാനം കൊടുത്തിരിക്കുന്ന ഓരോ ചോദ്യങ്ങളും ചർച്ചാവിഷയമാക്കുക.
3. ചർച്ച മോഡറേറ്റു ചെയ്യുന്ന വികാരിയച്ചനോ, അച്ചൻ ചുമതലപ്പെടുത്തുന്ന ആളോ ഓരോ ചോദ്യവും ചർച്ച ചെയ്യാൻ നിശ്ചിത സമയം നിശ്ചയിച്ചു കൊടുക്കണം.
4. റിപ്പോർട്ടിൽ ഓരോ ചോദ്യങ്ങളുടെയും ചർച്ചാഫലം രേഖപ്പെടുത്തണം.

### II. ഇടവകവികാരിമാരുടെയും കോഡിനേറ്റർമാരുടെയും ശ്രദ്ധയ്ക്ക്

1. എല്ലാ ഇടവകകളിലെയും എല്ലാ വാർഡ് കുടുംബകൂട്ടായ്മകളിലും ഈ കരടുരേഖ ചർച്ചചെയ്യണം. കരടുരേഖ സംക്ഷിപ്തമായി പഠിച്ച് അവതരിപ്പിക്കാനും ചർച്ചയുടെ റിപ്പോർട്ട് എഴുതി എടുക്കാനും ആളുകളെ മുൻകൂട്ടി പറഞ്ഞ് ഏൽപ്പിക്കണം.
2. ആദ്യ രണ്ട് വിഷയങ്ങൾ ജൂലൈ മാസത്തിലും മൂന്നും നാലും വിഷയങ്ങൾ ആഗസ്റ്റിലും ചർച്ച ചെയ്യാം.
3. എല്ലാ പാരീഷ് കൗൺസിലുകളും വിശദമായി ഈ കരടുരേഖ ചർച്ച ചെയ്യണം. ഇതിലെ ഓരോ വിഷയവും പഠിച്ച് അവതരിപ്പിക്കാൻ ഓരോരുത്തരെ ചുമതലപ്പെടുത്തുന്നത് നന്നായിരിക്കും. ഒരു മുഴുവൻ ദിവസം സാധിക്കുമെങ്കിൽ ഇതിനായി മാറ്റിവയ്ക്കണം.

4. ഇടവകയിലെ എല്ലാ സംഘടനകളും പ്രത്യേകം പ്രത്യേകം യോഗം ചേർന്ന് ഈ കരടുരേഖ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യണം. സ്കൂളുകളുള്ള സ്ഥലങ്ങളിൽ സ്കൂൾ അധ്യാപകരും ഇത് ചർച്ച ചെയ്യണം.
5. മതാധ്യാപകർ ഒരു ദിവസം കരടുരേഖ പഠനത്തിനും ചർച്ചക്കുമായി മാറ്റിവയ്ക്കണം.
6. വാർഡ് കുടുംബകൂട്ടായ്മകൾ, പാരീഷ്കൗൺസിൽ, സംഘടനകൾ, മതാധ്യാപകർ എന്നിവർ നടത്തിയ ചർച്ചയുടെ റിപ്പോർട്ട് ക്രോഡീകരിച്ച് ഇടവകയിൽനിന്നുള്ള ഒറ്ററിപ്പോർട്ടായി **2017 ഓഗസ്റ്റ് 30നു മുമ്പ്** അതിരൂപതാ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെക്രട്ടറിയേറ്റിൽ എത്തിക്കണം.
7. ക്രോഡീകരിച്ച റിപ്പോർട്ട് തയ്യാറാക്കാൻ കോർഡിനേറ്റർ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ തുടങ്ങി മൂന്നോനാലോ പേരുടെ ഒരു സമിതിയെ ചുമതലപ്പെടുത്തുന്നത് നന്നായിരിക്കും.
8. റിപ്പോർട്ടുകൾ പ്രിന്റ് ചെയ്തോ വൃത്തിയായി എഴുതിയോ സമർപ്പിക്കണം.

## III. ഫൊറോന വികാരിമാരുടെ ശ്രദ്ധയ്ക്ക്

1. ഫൊറോന കൗൺസിൽ, ഫൊറോനയിലെ വൈദിക കൂട്ടായ്മ, സംഘടനകളുടെ മേഖലാ കമ്മിറ്റികൾ എന്നിവിടങ്ങളിൽ കരടുരേഖ ചർച്ചചെയ്ത് ക്രോഡീകരിച്ച ഒരു റിപ്പോർട്ട് **2017 ഓഗസ്റ്റ് 30നു മുമ്പ്** അതിരൂപതാ കാര്യാലയത്തിലേക്ക് അയയ്ക്കണം.
2. ഓഗസ്റ്റ് മാസത്തിലെ മാസധ്യാനത്തിൽ ഇടവകകളിലെ കരടുരേഖ ചർച്ച അവലോകനം ചെയ്യണം.

## IV. സന്യാസസമൂഹങ്ങളിലെ സുപ്പീരിയർമാരുടെ ശ്രദ്ധയ്ക്ക്

1. തലശ്ശേരി അതിരൂപതയിലുള്ള എല്ലാ സന്യാസഭവനങ്ങളിലും ഈ കരടുരേഖ പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്യണം.
2. തലശ്ശേരി അതിരൂപതയിൽ പ്രൊവിൻസുകളോ റീജനുകളോ ഉള്ള സന്യാസസമൂഹങ്ങൾ അവരുടെ എല്ലാഭവനങ്ങളിലുംനിന്നുള്ള റിപ്പോർട്ടുകൾ സമാഹരിച്ച് ഒരു ക്രോഡീകരിച്ച റിപ്പോർട്ട് **2017 ഓഗസ്റ്റ് 30നു** മുമ്പ് അതിരൂപതാ കേന്ദ്രത്തിലേക്ക് അയയ്ക്കണം.
3. തലശ്ശേരിയിൽ പ്രൊവിൻസുകൾ ഇല്ലാത്ത സന്യാസസമൂഹങ്ങൾ അവരുടെ റിപ്പോർട്ടുകൾ തലശ്ശേരിയിലേയ്ക്ക് നേരിട്ട് അയയ്ക്കാവുന്നതാണ്.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
സെക്രട്ടറി

**മോൺ. അലക്സ് താരാമംഗലം**
കൺവീനർ

# ആദായ നികുതി

## 2017-18 സാമ്പത്തിക വർഷത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 1. കറൻസി ഉപയോഗത്തിലെ മാറ്റങ്ങൾ (Sec 269 ST)

01/04/2017 മുതൽ 2,00,000 (രണ്ടു ലക്ഷം) രൂപയോ അതിൽ കൂടുതലോ ഉള്ള ഇടപാടുകൾ പണമായി നടത്താൻ പാടില്ല. നിയമം ലംഘിച്ചാൽ തുല്യമായ തുക പിഴയായി ഈടാക്കും. പണം സ്വീകരിക്കുന്ന വ്യക്തിയാണ് പിഴ നൽക്കേണ്ടത്.

a) ഒരുദിവസം 2,00,000 ത്തിൽ കൂടുതൽ തുക പല ഇടപാടുകളിലായി ഒരു വ്യക്തിയിൽനിന്ന് വാങ്ങുവാൻ പാടുള്ളതല്ല.

b) ഒരു ഇടപാടുമായി ബന്ധപ്പെട്ട് പല ദിവസങ്ങളിലായി പോലും മൊത്തം 2,00,000 മോ അതിൽ അധികമോ കാഷ് ആയി വാങ്ങുവാൻ പാടില്ല.

c) ഒരു പരിപാടിയുമായി (Event) ബന്ധപ്പെട്ട് പല ഇനങ്ങളിലായി 2,00,000 മോ അതിൽ അധികമോ തുക കാഷ് ആയി വാങ്ങാനും പാടില്ല.

ഉദാഹരണം:- ഒരു കല്യാണവുമായി ബന്ധപ്പെട്ട് ഭക്ഷണം കൊടുത്ത വകയിൽ 1,80,000 രൂപയും പാത്രങ്ങൾ വാടകയ്ക്ക് കൊടുത്ത വകയിൽ 20,000 രൂപയും കൈപ്പറ്റിയാൽ 2,00,000 രൂപ പിഴ കൊടുക്കേണ്ടി വരും.

സമ്മാനമായോ അഡ്വാൻസായോ, വിൽപ്പനയായോ (Cash Sale) ലഭിക്കുന്ന തുകകൾക്കും മേൽപറഞ്ഞ പിഴ ബാധകമാണ്. ആയതിനാൽ യാതൊരു കാരണവശാലും 2,00,000 മോ അതിൽ അധികമോ കാഷ് ആയി സ്വീകരിക്കാൻ പാടില്ല.

### 2. പണമായി ലോൺ വാങ്ങുന്നതും മടക്കി നൽകുന്നതും (269 SS)

നിലവിലുള്ള നിയമപ്രകാരം ഒരു വ്യക്തിയിൽനിന്ന് 20,000 (ഇരുപതിനായിരം) മോ അതിലധികമോ തുക പണമായി ലോൺ വാങ്ങിയാലും മടക്കി നൽകിയാലും തുല്യ സംഖ്യ പിഴ നൽകേണ്ടിവരും. 01/06/2015 മുതൽ സ്ഥലം, കെട്ടിടം മുതലായ ആസ്തികൾ വാങ്ങുന്നതിന് ഉള്ള അഡ്വാൻസിനും ഈ നിയമം ബാധകമാണ്.

**3.** നടപ്പുസാമ്പത്തിക വർഷം മുതൽ 12 A രജിസ്ട്രേഷൻ ഉള്ള പള്ളികളും മതധർമ്മസ്ഥാപനങ്ങളും ഓരോ സാമ്പത്തിക വർഷത്തേയും നികുതി റിട്ടേണും ഓഡിറ്റ് റിപ്പോർട്ടും അടുത്ത് സെപ്റ്റംബർ 30 ന് മുൻപായി ഫയൽ ചെയ്യാത്ത പക്ഷം, ആ സാമ്പത്തിക വർഷം ആദായനികുതി ഇളവ് ലഭിക്കുന്നതല്ല. മൊത്തവരുമാനത്തിന് 30% നികുതി നൽകേണ്ടി വരും.

**4.** ഇനി മുതൽ പള്ളികളിലും മറ്റു മതധർമ്മസ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ പരിശോധന നടത്താനുള്ള അധികാരം ആദായ നികുതി ഉദ്യോഗസ്ഥന്മാർക്ക് ഉണ്ടായിരിക്കും.

**4.** ഏതെങ്കിലും മതധർമ്മസ്ഥാപനം അതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ (object) മാറ്റം വരുത്തിയാൽ പുതുതായി വീണ്ടും 12 A രജിസ്ട്രേഷൻ എടുക്കണം.

# CATHEDRATICUM 2016-17 10% Balance

| | 10% | Balance |
|---|---|---|
| Adampara | 24577 | |
| Adottukayam | 32626 | |
| Alakode | 169948 | |
| Alphonsagiri | 24000 | |
| Ammamkulam | 6240 | |
| Anappanthy | 0 | |
| Anara | 14343 | |
| Angadikkadavu | 143500 | |
| Arabi | 25000 | |
| Aravanchal | 11900 | |
| Areekamala | 86815 | |
| Arivilanjapoil | 26000 | |
| Aryaparamba | 63469 | |
| Athirumavu | 14000 | |
| Attakandam | 18600 | |
| Attenganam | 45880 | |
| Ayannoor | 26454 | |
| Badiyadukka | 0 | |
| Balal | 85139 | |
| Balesugiri | 19020 | |
| Bedoor | 0 | |
| Bheemanady | 169600 | |
| Birikulam | 0 | |
| Chandanackampara | 36698 | |
| Charal | 50000 | |
| Chattamala | 46840 | |
| Chavaragiri | 0 | |
| Chayyoth | 37020 | |
| Chedikkulam | 16500 | |
| Cheekkad | 172000 | |
| Cheemeni | 0 | |
| Chempanthotty | 210000 | |
| Chemperi | 489532 | |
| Chengome | 45450 | |
| Chepparamba | 35000 | |
| Cherupara | 48500 | |
| Cherupuzha | 237000 | |
| Chettiyamparamba | 34000 | |
| Choorapadavu | 18725 | |
| Christnagar | 22000 | |

| | 10% | Balance |
|---|---|---|
| Chully | 29700 | |
| Chundapparamba | 85000 | |
| Deepagiri | 29500 | |
| Edakkanam | 4984 | |
| Edappuzha | 16800 | |
| Edathotty | 58000 | |
| Edoor | 257000 | |
| Ennappara | 60962 | |
| Ettupara | 35000 | |
| Iritty | 50475 | |
| Jayagiri | 25000 | |
| Josegiri | 0 | |
| Josemount | 15000 | |
| Kacherikkadavu | 45500 | |
| Kadumeni | 114437 | |
| Kalanki | 10000 | |
| Kalichamaram | 10500 | |
| Kalichanadukkom | 37473 | |
| Kallar - Santhigiri | 0 | |
| Kallumuthirakkunnu | 84300 | |
| Kalluvayal | 49000 | |
| Kamballur | 23149 | |
| Kanakakkunnu | 0 | |
| Kanakapally | 15639 | |
| Kanichar | 208372 | |
| Kanjangad | 24500 | |
| Kanjiradukkom | 52500 | |
| Kanjirakkolly | 57546 | |
| Kannivayal | 86550 | |
| Kannur | 61547 | |
| Karayathumchal | 10000 | 30784 |
| Kariappally | 31000 | |
| Karikkottakkari | 175591 | |
| Karthikapuram | 59500 | |
| Karunapuram | 322000 | |
| Karuvanchal | 64800 | |
| Kasargod | 66915 | |
| Kavumthala | 10637 | |
| Keezhpally | 95000 | |
| Kiliyanthara | 100000 | |

| | 10% | Balance |
|---|---|---|
| Kodoppally | 40000 | |
| Kolakkad | 57800 | |
| Kolayad | 187000 | |
| Koluvally | 57741 | |
| Konnakkad | 35000 | |
| Kottody | 0 | |
| Kottoor | 82000 | |
| Kozhichal | 0 | |
| Kudianmala | 127032 | |
| Kunnoth | 286659 | |
| Kunnumkai | 79553 | |
| Kuttaparamba | 44000 | |
| Lissigiri | 26117 | |
| Madathil | 79000 | |
| Malome | 146291 | |
| Mampoil | 46300 | |
| Manadukkom | 55500 | |
| Manakkadavu | 14280 | 53070 |
| Mandalam | 130847 | |
| Mandapam | 92500 | |
| Mangode | 158795 | |
| Manikkadavu | 106498 | |
| Manippara | 29400 | |
| Manjalampuram | 56406 | |
| Marygiri | 100000 | |
| Marypuram | 51147 | |
| Mattara | 113090 | |
| Mavumchal | 34700 | |
| Melechovva | 18443 | |
| Modayaranji | 39751 | |
| Mulapra | 7628 | |
| Mulleria | 0 | |
| Mundanoor | 39900 | |
| Naduvil | 36500 | |
| Nattakkal | 14000 | |
| Nedumpuramchal | 66000 | |
| Neduvaloor | 30000 | |
| Neeleshwaram | 37500 | |
| Nellickampoil | 150000 | |
| Nellikkunnu | 0 | |
| Nellikkutty | 68621 | |
| Nellippara | 75000 | |

| | 10% | Balance |
|---|---|---|
| Nelliyadukkom | 8200 | |
| Nirmalagiri | 32000 | |
| Odenthode | 45849 | |
| Ottathai | 56000 | |
| Pachani | 63000 | |
| Padankavala | 35000 | |
| Padannakkad | 28850 | |
| Padimaruthu | 10000 | 15526 |
| Padiyoor | 39500 | |
| Padiyottuchal | 34000 | |
| Paduppu | 76111 | |
| Paisakary | 231419 | |
| Palathumkadavu | 40623 | |
| Palavayal | 158450 | |
| Panathady | 65799 | |
| Panathoor | 130000 | |
| Paramba | 21700 | |
| Parappa | 90800 | |
| Pariyaram | 20918 | |
| Pathenpara | 52400 | |
| Payyanur | 27108 | |
| Payyavoor | 31800 | |
| Peratta | 112900 | |
| Peravoor | 262501 | |
| Peringala | 41000 | |
| Perinkari | 19000 | |
| Perumpadavu | 234000 | |
| Perumpunna | 53800 | |
| Ponmala | 0 | |
| Poolakkutty | 20000 | |
| Pooparamba | 19970 | |
| Pottenplavu | 33000 | |
| Pulikurumba | 109869 | |
| Pulingome | 100000 | |
| Puncha | 14000 | |
| Punnakkuunnu | 19847 | |
| Puravayal | 149850 | |
| Rajagiri | 56500 | |
| Rajamudy | 10945 | |
| Randamkadavu | 23500 | |
| Rathnagiri | 25400 | |
| Rayarome | 39000 | |

| | 10% | Balance |
|---|---|---|
| Santhinagar | 14450 | |
| Snehagiri (Ummarapoil) | 46900 | |
| Sreekandapuram | 62079 | |
| Thabore | 0 | |
| Thadikadavu | 46000 | |
| Thalassery | 26871 | |
| Thaliparamba | 164395 | |
| Thayyeni | 62951 | |
| Thermala | 30000 | |
| Thirumeni | 116000 | |
| Thomapuram | 451519 | |
| Udayagiri | 119500 | |
| Udayapuram | 6640 | |
| Ulikkal | 25000 | 28584 |
| Uruppumkutty | 25000 | |
| Vaniyappara | 25600 | |
| Varakkad | 0 | |
| Vattiyara | 17876 | |
| Vayattuparamba | 100000 | |
| Vazhamala | 0 | |
| Velimanam | 388000 | |
| Vellad | 0 | |
| Vellarikkundu | 265325 | |
| Vellariyanam | 24500 | |
| Vembua | 96000 | |
| Vennakallu | 0 | |
| Vijayagiri | 27500 | |
| Vijayapuram | 0 | |
| Vilakkannur | 50000 | 56250 |
| Vilamana | 24347 | |
| Vimalagiri | 90835 | |
| Vimalassery | 39000 | |
| **FILIAL CHURCHES** | | |
| Anamanjal | 5400 | |
| Cheruvanchery | 0 | |
| Delempady | 0 | |
| Dharkas- Amalagiri | 17000 | |
| Kaniladukkom | 0 | |
| Kodoth | 4541 | |
| Kulineer | 0 | |
| Mattannur | 0 | |
| Melmuringody | 10000 | |
| Mutharikkalam | 25000 | |
| Poinachy | 34500 | |
| Pullady | 5000 | 22205 |
| Shimoganagar | 17000 | |
| Thirur | 0 | |
| Thurumbi | 0 | |
| Madappurachal | 0 | |
| Kottoorvayal | 17800 | |

# Priests' Home Construction

## Priests' Contribution

| | | |
|---|---|---|
| 1. | Rev. Fr. Alex Tharamangalam | 25,000 |
| 2. | Rev. Fr. Joseph Korattiparambil | 50,000 |
| 3. | Rev. Fr. Augustine Chennatt | 25,000 |
| 4. | Rev. Fr. Shijo Augustine Alappatt | 50,000 |

## Institutions' Contribution

| | | |
|---|---|---|
| 1. | St. Joseph's Church, Pulingome | 1,00,000 |
| 2. | Infant Jesus Church, Edakkom | 25,000 |
| 3. | St. Joseph's Church, Palathinkadavu | 10,000 |
| 4. | St. Sebastian's Church, Padimaruth | 25,000 |
| 5. | Merciful Jesus Church, Anapathy | 15,000 |

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2: 52).**

## ദുക്റാന തിരുനാൾ

"കർത്താവേ നീ എവിടേക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും? ഈശോ പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ പക്കലേക്ക് വരുന്നില്ല". സ്വർഗ്ഗത്തിലേക്കുള്ള വഴി കണ്ടെത്തിയവനാണ് മാർ തോമാശ്ലീഹാ. വിശ്വാസം നമുക്കു പകർന്നുതന്ന മാർ തോമാശ്ലീഹായെ അനുകരിച്ച് വിശ്വാസത്തിൽ ആഴപ്പെടുവാനും ജീവിക്കുവാനും പ്രഘോഷിക്കുവാനും മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുവാനും നമുക്കു പരിശ്രമിക്കാം. ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു.

## 1. സർവ്വേ ഫോം - 2017

2017-2018 അധ്യയനവർഷത്തെ മതാധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം ജൂലൈ 15ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരുമല്ലോ. ഫോം ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗിൽ വിതരണം ചെയ്തതാണ്. കൂടാതെ വെബ്സൈറ്റിലും ലഭ്യമാണ്.

## 2. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 3. ഉപപാഠം ക്ലാസ് XI

അതിരൂപതാമതബോധന കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഈ അധ്യായനവർഷം മുതൽ XI-ാം ക്ലാസുകളിലെ കുട്ടികൾക്ക് പഠിക്കാനുള്ളത് ഭാരതത്തിലെ മാർത്തോമ്മാക്രിസ്ത്യാനികൾ എന്ന സഭാചരിത്ര പുസ്തകമായിരിക്കും.

## 4. ഏകദിന സെമിനാർ

അതിരൂപതാ മതബോധന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം എല്ലാ ഫൊറോനകളിലും ഈ അധ്യയനവർഷം അധ്യാപകർക്കായി രണ്ട് ഏകദിന സെമിനാറുകളാണ് നടത്തേണ്ടത്. ആദ്യത്തെ സെമിനാർ ഓണപരീക്ഷയ്ക്ക് മുമ്പ് ക്രമീകരിക്കേണ്ടതാണ്. സെമിനാറിന്റെ വിഷയം എല്ലാ

ഫൊറോനകളിലും ഒരുപോലെയായതിനാൽ ക്ലാസ് നയിക്കുന്നവരെ സെന്ററിൽനിന്നും നല്കുന്നതായിരിക്കും. ബഹു. ഫൊറോനാ വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ഏകദിനസെമിനാറിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ അധ്യാപകരും സംബന്ധിക്കേണ്ടതാണ്.

**ജൂലൈ മാസത്തെ സെമിനാറുകൾ**

ജൂലൈ -01 പൈസക്കരി ഫൊറോന, ജൂലൈ -08 ചെമ്പേരി ഫൊറോന

## 5. ആസ്പെക്ട്

2017-2018 അധ്യായനവർഷത്തിൽ അധ്യാപകരുടെ തുടർപഠനഭാഗമായി ഏർപ്പെടുത്തിയിരിക്കുന്നത് '**ഭാരതകത്തോലിക്കാസഭ ഇന്നലെയും ഇന്നും**' എന്ന ഭാരതസഭാചരിത്ര ഗ്രന്ഥമാണ്. കഴിഞ്ഞ വർഷം പഠിച്ച പുസ്തകത്തിന്റെ രണ്ടാം ഭാഗമാണ് ഈ വർഷം പഠിക്കാനുള്ളത്. കഴിഞ്ഞ വർഷം പുസ്തകം വാങ്ങിക്കാത്തവർ ഈ വർഷം വാങ്ങേണ്ടതാണ്.

## 6. എയ്ഞ്ചൽസ് നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കുളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

## 7. വെബ്സൈറ്റ് (catechismthalassery.org)

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്.

## 8. മതബോധന കൗൺസിൽ /പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

## 9. അതിരൂപതാ സന്ദർശകരുടെ സമ്മേളനം ജൂലൈ 15

അതിരൂപതാ സന്ദർശകരുടെ പ്രഥമസമ്മേളനം ജൂലൈ 15ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ സന്ദേശഭവനിൽവച്ച് നടത്തുന്നു. എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ. പുതിയതായി തിരഞ്ഞെടു

ക്കപ്പെട്ടവരുടെ വിവരങ്ങൾ ഫൊറോന പ്രസിഡന്റുമാർ ഓഫീസിൽ അറിയിക്കുമല്ലോ.

## 10. ധ്യാനം : ക്ലാസ് XII

കഴിഞ്ഞ വർഷങ്ങളിലെപോലെ ഈ അധ്യായനവർഷവും 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് രണ്ട് ദിവസത്തെ ധ്യാനം നടത്തേണ്ടതാണ്. നവംബർ മാസത്തിനു മുമ്പായി ധ്യാനങ്ങൾ നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോനാ കമ്മിറ്റി ചെയ്യുമല്ലോ.

## 11. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'കേരള ക്രൈസ്തവ സഭയുടെ സംഭാവനകൾ'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് 8 പേജുകളും വിദ്യാഭ്യാസരംഗത്തെ സംഭാവനകൾ, സാംസ്ക്കാരികരംഗത്തെ സംഭാവനകൾ, ആരോഗ്യപരിപാലനരംഗത്തെ സംഭാവനകൾ എന്ന മൂന്ന് അധ്യായങ്ങൾ ഉണ്ടായിരിക്കണം.

## 12. ദൈവശാസ്ത്രകോഴ്സ് (*Lumen Ecclesiae*)

ശാസ്ത്രസാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നുകൊടുക്കുവാൻ അധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ മൂന്ന് വർഷം മുമ്പ് ആരംഭിച്ച ദൈവശാസ്ത്രകോഴ്സിൽ 350 അധ്യാപകർ അവരുടെ മൂന്ന് വർഷത്തെ പഠനം വിജയകരമായി പൂർത്തിയാക്കി ദൈവശാസ്ത്രത്തിൽ ഡിഗ്രി കരസ്ഥമാക്കി. അവരെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ബഹു. അച്ചന്മാർ നല്കിയ പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി പറയുന്നു. 2017-2018 അധ്യായനവർഷത്തിൽ ബാക്കിയുള്ള അധ്യാപകരെക്കൂടി ദൈവശാസ്ത്രപഠനത്തിനായി അയക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

## 13. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 14. ശ്രദ്ധിക്കുക

1. പുതിയ ഹെഡ്മാസ്റ്റർമാരെ നിയമിക്കുമ്പോൾ അവരുടെ വിലാസവും മറ്റുവിവരങ്ങളും ബന്ധപ്പെട്ടവർ രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.

2. അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനവുമായി കൊടുത്തിരിക്കുന്ന കാര്യങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ നിർബന്ധമായും വായിക്കേണ്ടതും ഓഫീസിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ കൃത്യസമയത്തു തന്നെ ചെയ്യേണ്ടതുമാണ്.

## 15. വിശ്വാസപരിശീലന പ്രതിജ്ഞ

എല്ലാ സൺഡേസ്കൂളുകളിലും കുട്ടികളെകൊണ്ട് ചൊല്ലിപ്പിക്കാനുള്ള വിശ്വാസപരിശീലന പ്രതിജ്ഞ താഴെ കൊടുക്കുന്നു. ഈ പ്രതിജ്ഞ കുട്ടികൾക്ക് പറഞ്ഞുകൊടുത്ത് അവരുടെ ബുക്കിൽ എഴുതിപ്പിക്കുകയും വി. കർബാനക്ക് ശേഷം സൺഡേസ്കൂൾ ലീഡറിനെകൊണ്ട് മുഴുവൻ കുട്ടികൾക്കും ഏറ്റുചൊല്ലത്തക്കരീതിയിൽ ചൊല്ലിപ്പിക്കേണ്ടതാണ്.

## വിശ്വാസപരിശീലന പ്രതിജ്ഞ

ദൈവം എന്റെ സ്നേഹപിതാവും / ഞാൻ അവിടുത്തെ മകനും (മകളും) ആണ്/ ദൈവപുത്രനായ ഈശോ / ഏക രക്ഷകനും എന്റെ കർത്താവുമാണ് / പരിശുദ്ധാത്മാവായ ദൈവം / എന്റെ പരിപാലകനാണ് / ഈശോയെപ്പോലെ / പ്രായത്തിലും ജ്ഞാനത്തിലും / ദൈവത്തിന്റെയും മനുഷ്യരുടെയും / പ്രീതിയിലും വളരാൻ / ഞാൻ സർവ്വാത്മനാ പരിശ്രമിക്കുന്നതാണ് / തിരുസഭ എന്റെ മാതാവാണ് / തിരുസഭയുടെ കല്പനകളും പ്രബോധനങ്ങളും / അനുസരിച്ച് ജീവിക്കുന്നതിൽ / ഞാൻ അഭിമാനം കൊള്ളുന്നു / എന്റെ മാതൃരാജ്യമായ ഭാരതത്തെയും / എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും / ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു / ദൈവമാതാവായ / പരിശുദ്ധ കന്യകാമറിയത്തിന്റെയും / വി. യൗസേപ്പിതാവിന്റെയും / സകലവിശുദ്ധരുടെയും / എന്റെ കാവൽ മാലാഖയുടെയും മാധ്യസ്ഥത്താൽ / ജീവിതകാലം മുഴുവനും / ഈശോമിശിഹായുടെ / സജീവസാക്ഷിയായി വളരുവാൻ പരിശ്രമിക്കുമെന്ന് / ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ആമ്മേൻ.

## 16. പുസ്തക വിതരണം

പുസ്തകങ്ങളും മറ്റ് സാധനങ്ങളും വിതരണം ചെയ്തപ്പോൾ കൂടുതൽ ലഭിച്ചവർ ദയവായി എത്രയും വേഗം ഓഫീസിൽ തിരിച്ച് ഏല്പിക്കുക. അവ ലഭിക്കാത്ത സൺഡേ സ്കൂളിൽ കൊടുക്കുവാൻ സാധിക്കും.

**17. നന്ദി :** ജൂൺ 10-ാം തീയതി സന്ദേശഭവനിൽവച്ച് നടന്ന ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറയുന്നു. കോൺഫ്രൻസിൽ 205 പേർ പങ്കെടുത്തു.

## 18. അഭിനന്ദനങ്ങൾ

പന്ത്രണ്ടു വർഷവും എല്ലാ ഞായറാഴ്ച്ചകളിലും സൺഡേക്ലാസുകളിൽ ഹാജരായി പഠനം പൂർത്തിയാക്കിയ മേരി മാട്ടേൽ (താബോർ), അനിറ്റ

ജോയ് അറക്കൽ (ചുള്ളി), മാത്യു കുര്യൻ അറക്കൽ (മാങ്ങോട്), റോസ്മേരി മാടപ്പാട്ട് (കോളയാട്), തോമസ് കലയത്തിനാക്കുഴി (കീഴ്പ്പള്ളി), ജോൺ മുട്ടത്തുപ്പാറ (കടുമേനി), തോമസ് മൂലക്കുന്നേൽ (പാണത്തൂർ), മേരി തഴുപ്പിൽപറമ്പിൽ (പാണത്തൂർ), റോസമ്മ തഴുപ്പിൽപറമ്പിൽ (പാണത്തൂർ) അന്നമ്മ കല്ലറക്കൽ (എള്ളുകൊച്ചി) എന്നീ കുട്ടികൾക്ക് ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നല്കി ആദരിച്ചു. സമ്മാനർഹരായവർക്കും അവരുടെ മാതാപിതാക്കൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ.

## 19. അധ്യാപകർക്ക് അഭിനന്ദനങ്ങൾ

പന്ത്രണ്ടു വർഷവും മുടങ്ങാതെ എല്ലാ ഞായറാഴ്ച്ചകളിലും സൺഡേ സ്കൂൾ ക്ലാസുകളിൽ ഹാജരായ ജേക്കബ് ചിറത്തലയാട്ട് (മുണ്ടാനൂർ), ഗ്രെയ്സൺ ഉള്ളാഹയിൽ (ചെട്ടിയാംപറമ്പ), റ്റീന സ്കറിയ പള്ളിവാതുക്കൽ (തലശ്ശേരി) എന്നീ അധ്യാപകർക്ക് ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് സർട്ടിഫിക്കറ്റും മെമന്റോയും നല്കി ആദരിച്ചു. മാതൃകാപരമായ ശുശ്രൂഷ ചെയ്ത അധ്യാപകർക്ക് നന്ദിയും അഭിനന്ദനങ്ങളും.

## 20. ജൂബിലി ആഘോഷിക്കുന്നവർ

മതാധ്യാപന രംഗത്ത് 50, 25 വർഷം പൂർത്തിയാക്കിയവരെയും മതാധ്യാപന രംഗത്തുനിന്ന് വിരമിച്ചവരെയും ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച അധ്യാപകർക്ക് അതിരൂപതാ വിശ്വാസപരിശീലനകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനകളും ആശംസിക്കുന്നു.

## സുവർണ്ണ ജൂബിലി

സി. സീന എഫ്.സി.സി (കമ്പല്ലൂർ), അൽഫോൻസ ജോസഫ് പാറക്കടവിൽ (കുന്നോത്ത്).

## രജതജൂബിലി

ജോസഫ് ഫ്രാൻസീസ് കളത്തൂകുന്നേൽ (കമ്പല്ലൂർ), തോമസ് വരിക്കാനിക്കൽ (കൊളക്കാട്), ജോസ് പി. ടി പനിച്ചിക്കാല (എണ്ണപ്പാറ), ജോഷി കാഞ്ഞിരത്തിങ്കൽ (മണ്ഡപം), സജി ജോസഫ് കാവിപുരയിടത്തിൽ (മണക്കടവ്), ജോസഫ് എം. ജെ മുരിങ്ങയിൽ (പയ്യന്നൂർ), ജോസഫ് മാടപ്പള്ളികുന്നേൽ (പേരാവൂർ), ടോമി എടാട്ടേൽ (ആലക്കോട്), ലില്ലി ചാക്കോ പുതനപ്ര (ആലക്കോട്), അബ്രാഹം പുൽപ്പേൽ (ആലക്കോട്), ജോസ് മുരിയൻവേലിൽ (തേർമല), ടൈറ്റസ് വി.സി. വെട്ടംതടത്തിൽ (കീഴ്പ്പള്ളി), സി. സിബിയ എഫ്. സി.സി (കാഞ്ഞിരടുക്കം), ടോംസൺ ജോസഫ് പുത്തൻകാലായിൽ (കാഞ്ഞിരടുക്കം), ജോൺസൺ പൊന്നംകുടം (തളിപ്പറമ്പ്), ജോസഫ് മംഗലത്തിൽ (കുന്നോത്ത്), മേരി കൊങ്ങോല (കുന്നോത്ത്), ടോമി ചെന്നക്കുടിയിൽ (കടുമേനി), ജോർജ് ജോസഫ്

കട്ടക്കൽ (രത്നഗിരി), ബെന്നി പെരുമ്പുഴക്കടവിൽ (വിമലശ്ശേരി), ബെന്നി മാത്യു കുന്നത്ത് (ചെമ്പന്തൊട്ടി), വിൽസൻ കാവുങ്കൽ (എടക്കോം), മനോജ് ജോസ് പുല്ലത്ത് (എടക്കോം), ജോസ് പൗലോസ് മൂലംതുരുത്തിൽ (എടക്കോം), സജി അട്ടിക്കൽ (ആടാംപാറ), സണ്ണി പാലത്തുങ്കൽ (ഒറ്റത്തൈ), ലീലാമ്മ മൈലാടിയിൽ (ഒറ്റത്തൈ), സി. ലിൻസി എസ്.എച്ച്. (വിളക്കന്നൂർ), ജോയി മന്നിപ്ലാക്കൽ (വിളക്കന്നൂർ), തോമസ് ഓലിക്കൽ (വിളക്കന്നൂർ).

## വിരമിക്കുന്നവർ

ടോമി തട്ടാപറമ്പിൽ (മണ്ഡപം), അബ്രാഹം വെട്ടുകല്ലാംകുഴി (കീഴ്പ്പള്ളി), കെ.എഫ് ജോസഫ് കല്ലമ്പള്ളിൽ (ചെറുപുഴ), എ.ഒ. തോമസ് ആരമ്യാലിൽ (ചെറുപുഴ), ചിന്നമ്മ ജെയിംസ് മൂങ്ങാമാക്കൽ (ചെറുപുഴ), ജോസ് ചാലിൽ (കച്ചേരിക്കടവ്), ത്രേസ്യാമ്മ കല്ലൂപ്രായിൽ (കച്ചേരിക്കടവ്), വി.ടി. മാത്തുകുട്ടി താന്നിക്കൽ (കുന്നോത്ത്), സി.എം. മാത്യു ചാത്തംപടത്തിൽ (അങ്ങാടിക്കടവ്), ജോസ് പായിക്കാട്ട് (ബാലേശുഗിരി).

## 21. ആമുഖസെമിനാർ

ജൂൺ 15 മുതൽ 18വരെ അധ്യാപകർക്കായി നടത്തിയ ആമുഖ സെമിനാറിൽ 96 അധ്യാപകർ പങ്കെടുത്തു.

## 22. എയ്ഞ്ചൽസ് നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്

സന്ദേശഭവനിൽവച്ച് ജൂൺ 24ന് നടത്തിയ എയ്ഞ്ചൽസ് നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗിൽ 55 അധ്യാപകർ പങ്കെടുത്തു.

## 23. എൻഡോവ്മെന്റുകൾ

കഴിഞ്ഞ അധ്യയന വർഷത്തിൽ വിജയികളായ അധ്യാപകർക്കും കുട്ടികൾക്കുമായി സൺഡേസ്കൂൾ തലത്തിൽ വിതരണം ചെയ്ത വിവിധ എൻഡോവ്മെന്റുകൾ താഴെകൊടുക്കുന്നു.

1. ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം എപ്പിസ്കോപ്പൽ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ആസ്പെക്ട് 1,2,3 റാങ്കുകൾ, 16 ഫൊറോനകളിലെ ഒന്നാം സ്ഥാനങ്ങൾ).
2. ഫാ. തോമസ് മണ്ണൂരാംപറമ്പിൽ പൗരോഹിത്യ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (സഭാവിജ്ഞാനീയ ക്വിസ് 1,2,3 റാങ്കുകൾ).
3. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എപ്പിസ്കോപ്പൽ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 12, ഒന്നാം റാങ്ക്).
4. ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 12 രണ്ട്, മൂന്ന് റാങ്കുകൾ, 16 ഫൊറോനകളിലെ ഒന്നാം സ്ഥാനങ്ങൾ).
5. കൂറ്റാരപ്പള്ളി ശ്രീ. പോത്തൻ ജോസഫ്, അന്നമ്മ ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 10 ഒന്നാം റാങ്ക് ആൺകുട്ടി, പെൺകുട്ടി).

6. ജോസഫ് ഇരുപ്പക്കാട്ട് മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ് 10 രണ്ട്, മൂന്ന് റാങ്കുകൾ, 16 ഫൊറോനകളിലെ ഒന്നാം സ്ഥാനങ്ങൾ).
7. ചിറമേൽ ജേക്കബ് മറിയം എൻഡോവ്മെന്റ് (ക്ലാസ് 7, ഒന്നാം റാങ്ക്)
8. റവ. ബ്രദർ മാത്യു കാവുങ്കൽ എൻഡോവ്മെന്റ് (ഉപരിപഠനാർത്ഥം 25 കുട്ടികൾക്ക്)

**24. ഡയറക്ടറച്ചന്റെ സന്ദർശനം**

കാസർഗോഡ്, ചീക്കാട് എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ

## വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

കുവൈറ്റ് മലയാളി കാതോലിക്ക് അസോസിയേഷൻ സിൽവർ ജൂബിലി ട്രസ്റ്റിന്റെ (KMCA) സ്കോളർഷിപ്പിനായി അപേക്ഷകൾ ക്ഷണിക്കുന്നു. 2017 മാർച്ചിലെ പരീക്ഷയിൽ SSLC പാസായിട്ടുള്ളവരും, കത്തോലിക്കരും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ 150 വിദ്യാർത്ഥികളെ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി തിരഞ്ഞെടുക്കുന്നതാണ്.

**നിബന്ധനകൾ**

1 10 A+ (full A+) ഉള്ളവർ മാത്രമാണ് അപേക്ഷിക്കേണ്ടത്.
2 അപേക്ഷാഫോമുകൾക്ക് thomkarippa@gmail.com എന്ന ഈമെയിലിൽ ആവശ്യപ്പെടുകയോ, നേരിട്ട് ഭാരവാഹികളിൽ ആർക്കെങ്കിലും Self Addressed/stamped Cover അയയ്ക്കുകയോ ചെയ്താൽ ലഭിക്കുന്നതായിരിക്കും.
3 CBSE, ICSE, Tamil Board Exam മുതലായ വിഭാഗങ്ങൾ അപേക്ഷിക്കേണ്ടതില്ല.
4 2017 നു മുമ്പ് പാസ്സായവർ അപേക്ഷിക്കേണ്ടതില്ല.
5 150 ൽ കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ കമ്പ്യൂട്ടർ മുഖേന വിജയികളെ തെരഞ്ഞെടുക്കുന്നതാണ്.

അപേക്ഷകർ മാർക്ക് ലിസ്റ്റിന്റെ Attested Copy യോടൊപ്പം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിലേക്ക് സാധാരണ തപാലിൽ ഓഗസ്റ്റ് 20 ന് മുമ്പായി അയയ്ക്കേണ്ടതാണ്.

**അഡ്രസ്സ്:** കെ.റ്റി തോമസ് കരിപ്പാപ്പറമ്പിൽ
ഡി.റ്റി. റോഡ്, കാഞ്ഞിരപ്പള്ളി - 686507

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ല്യൂമെൻ എക്ലേസിയ

പുതിയ അധ്യയന വർഷത്തിലേക്ക് എല്ലാവർക്കും സ്വാഗതം. നമ്മുടെ അതിരൂപതയിലെ 300 ലധികം മതാധ്യാപകർ ദൈവശാസ്ത്രബിരുദം കരസ്ഥമാക്കിയ വിവരം ഏവരും അറിഞ്ഞുകാണുമല്ലോ. എല്ലാ മതാധ്യാപകരും ദൈവശാസ്ത്രത്തിൽ ആഴപ്പെടണമെന്ന അഭിവന്ദ്യപിതാവിന്റെയും മതബോധന കേന്ദ്രത്തിന്റെയും താല്പര്യപ്രകാരം ഇനിയും ചേരാൻ ബാക്കിയുള്ളവർ ഉടൻതന്നെ ല്യൂമൻ എക്ലേസിയ ദൈവശാസ്ത്ര പഠനത്തിന് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവശാസ്ത്ര പഠനക്ലാസുകൾ ജൂലൈ 9-ന് ആരംഭിക്കുകയാണ്.

## 2. MTh – ദൈവശാസ്ത്ര ഉന്നതബിരുദം

ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്താൻ ആഗ്രഹിച്ചുകൊണ്ട് ഏറെ പേർ മുൻപോട്ട് വരുന്നുണ്ട്. ഈ വർഷം BTh പൂർത്തിയാക്കി 60% ൽ അധികം മാർക്കുള്ള എല്ലാവർക്കും ഇതിൽ പങ്കുചേരാവുന്നതാണ്. ജൂലൈ 9-നുള്ള ക്ലാസുകളിൽ MTh വിദ്യാർത്ഥികളും പങ്കെടുക്കേണ്ടതാണ്. കോഴ്സിന്റെ ഫീസ് 4000/- രൂപയാണ്. പല ഗഡുക്കളായി അടച്ചാൽ മതിയാകും. ഇടവകയിൽ നിന്നും സഹായം മതാദ്ധ്യാപകർക്ക് തേടാവുന്നതാണ്. ഒരു ഭാഗം രൂപതാകേന്ദ്രവും വഹിക്കുന്നതാണ്.

## 3. ദൈവശാസ്ത്ര കോൺടാക്റ്റ് ക്ലാസ്സുകളുടെ സമയക്രമം

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| ജൂലൈ 1 | അൽവേർണിയ പ്രൊവിൻഷ്യൽഹൗസ് ചാലക്കുടി | 9.30–4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| | ക്രിസ്തുജ്യോതി പ്രയർഹൗസ്, പാല | 9.30–4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെസുവിശേഷം |
| ജൂലൈ 2 | ഡി. പോൾ കോളേജ് അങ്കമാലി | 9.30–4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| ജൂലൈ 8 | ബഥനി കോൺവെന്റ് ബത്തേരി | 9.30 –4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| | പാവനാത്മ പ്രൊവിൻഷ്യൽഹൗസ് ഇരിങ്ങാലക്കുട | 9.30–4.30<br>9.30–4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |

| | | | |
|---|---|---|---|
| ജൂലൈ 9 | പനത്തടി<br>ചെമ്പേരി<br>പേരാവൂർ<br>തലശ്ശേരി<br>ഇരിട്ടി<br>എടൂർ<br>പൈസക്കരി<br>വെള്ളരിക്കുണ്ട് | 2.30-5.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം |
| ജൂലൈ 15 | പാസ്റ്ററൽ സെന്റർ<br>ബൽത്തങ്ങാടി | 9.30 -4.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം<br>വി. മത്തായിയുടെ സുവിശേഷം |
| ജൂലൈ 16 | ആലക്കോട്<br>കരുവൻചാൽ<br>തളിപ്പറമ്പ<br>തോമാപുരം<br>പടന്നക്കാട്<br>ചെറുപുഴ<br>ചെമ്പന്തൊട്ടി<br>മേരിഗിരി | 2.30-5.30 | പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം<br>സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രം |
| ജൂലൈ 23 | സെന്റ് തോമസ്<br>ചർച്ച്, വസായ്<br>മുംബൈ | 9.30 -4.30 | ബൈബിൾ വ്യാഖ്യാനശാസ്ത്രം<br>കാനൻ നിയമം<br>ഇന്ത്യൻ സഭാചരിത്രം<br>തിരുസഭാ ചരിത്രം |

## 4. ല്യൂമെൻ എക്ലേസിയ പരീക്ഷാക്രമം

ല്യൂമെൻ എക്ലേസിയ - ദൈവശാസ്ത്രബിരുദ കോഴ്സിന്റെ 2017-18 ആദ്യ സെമസ്റ്ററിലെ പഞ്ചഗ്രന്ഥിയുടെ ദൈവശാസ്ത്രം എന്ന വിഷയത്തിന്റെ പരീക്ഷ ജൂലൈ 30-ാം തിയതി ഞായറാഴ്ച 2.30 മുതൽ 4.30 വരെ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ലോഗോസ് ക്വിസ് 2017

ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 24ന് നടത്തുന്നതായിരിക്കും.

| ഈ വർഷത്തെ പഠനഭാഗങ്ങൾ | |
|---|---|
| **സംഖ്യ** | **22 - 36** |
| **സുഭാഷിതങ്ങൾ** | **21 - 31** |
| **മത്തായിയുടെ സുവിശേഷം** | **1 - 9** |
| **വെളിപാട്** | **4 - 9** |

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിൽ ആയിരിക്കും.

എ : വിഭാഗം 01-01-2006 ന് ശേഷം ജനിച്ചവർ

ബി : വിഭാഗം 01-01-2001 നും 31-12-2005 നും ഇടയ്ക്ക് ജനിച്ചവർ

സി : വിഭാഗം 01-01-1986 നും 31-12-2000 നും ഇടയ്ക്ക് ജനിച്ചവർ

ഡി : വിഭാഗം 01-01-1966 നും 31-12-1985 നും ഇടയ്ക്ക് ജനിച്ചവർ

ഇ : വിഭാഗം 01-01-1953 നും 31-12-1965 നും ഇടയ്ക്ക് ജനിച്ചവർ

എഫ് : വിഭാഗം 31-12-1952 നു മുമ്പ് ജനിച്ചവർ

Online രജിസ്ട്രേഷന് www. logos Quiz.org എന്ന വെബ്സൈറ്റ് സന്ദർശിച്ച് താഴെപ്പറയുന്ന രീതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സെന്ററിന്റെ Username/Password ഉപയോഗിച്ച് (ഇവ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്) Log in ചെയ്യുക. 25 പേരുള്ള ഗ്രൂപ്പുകളായി പ്രായവിഭാഗമനുസരിച്ച് രജിസ്റ്റർ ചെയ്യാം. റജി. നമ്പർ, പേര്, വീട്ടുപേര്, ജനനതീയതി, ലിംഗം, ഭാഷ, ജോലി എന്നിവ പൂരിപ്പിച്ചശേഷം Add Group Team ബട്ടൺ ക്ലിക്കു ചെയ്യുക. തിരുത്തലുകൾ വേണ്ടതുണ്ടെങ്കിൽ Edit ബട്ടൺ ക്ലിക്കു ചെയ്യണം. കൃത്യമായ ഗ്രൂപ്പിൽ തന്നെയാണ് ഓരോ രജിസ്ട്രേഷനും നടത്തിയിരിക്കുന്നത് എന്നു ഉറപ്പുവരുത്തുക. സംശയങ്ങളുടെ ദൂരീകരണത്തിന് 0484 - 2405678, 944611044 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

മുൻവർഷങ്ങളിലേതുപോലെ രജിസ്ട്രേഷൻ മുൻകൂട്ടി ചെയ്യേണ്ടതാണ്. എല്ലാ ഇടവകകളും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളെയും ഇടവകയെയോ ഒരു കത്തോലിക്കാസ്ഥാപനത്തെയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. **രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2017 ജൂൺ 1നും, രജിസ്ട്രേഷൻ അവസാനിക്കുന്നത് 2017 ജൂലൈ 31 നും** ആയിരിക്കും. പരീക്ഷാ സമയം രൂപതാതലത്തിൽ 2017 സെപ്റ്റംബർ 24 -ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയാണ്.

## സമ്മാനങ്ങൾ

വിശുദ്ധ നാടുതീർത്ഥാടനം, ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സിഡികൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു.

**അഖില കേരളതലത്തിൽ** (കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നിൽകുന്നത്)

1-ാം സമ്മാനം 15000/- രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും

2-ാം സമ്മാനം 10000/- രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും

3-ാം സമ്മാനം 5000/- രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 1000/- രൂപയും വെള്ളിമെഡലും സർട്ടിഫിക്കറ്റും 7 പേർക്കു വീതം

5-ാം സമ്മാനം 500 രൂപയുടെ ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ

**അതിരൂപതാതലത്തിൽ (അതിരൂപതാ ബൈബിൾ അപ്പൊസ്റ്റോലേറ്റ് നൽകുന്നത്)**

1-ാം സമ്മാനം 1000/- രൂപയും സർട്ടിഫിക്കറ്റും

2-ാം സമ്മാനം - 700/- രൂപയും സർട്ടിഫിക്കറ്റും

3-ാം സമ്മാനം - 500/- രൂപയും സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250/- രൂപയും സർട്ടിഫിക്കറ്റും (7പേർക്ക് വീതം)

5-ാം സമ്മാനം 50 രൂപാ വിലവരുന്ന സമ്മാനങ്ങൾ + സർട്ടിഫിക്കറ്റ് (15പേർക്ക് വീതം)

**ഇടവകാതലത്തിൽ**

* 25 പേരടങ്ങുന്ന ഒരു ഗണത്തിന് ഒരു സമ്മാനം എന്ന അനുപാതത്തിൽ (50, 75, 100, 125, 150 etc... എന്ന ക്രമത്തിൽ) എല്ലാ കേന്ദ്രങ്ങൾക്കും സമ്മാനം ഉണ്ടായിരിക്കും. രൂപതാതലത്തിൽ സമ്മാനാർഹരായവർക്ക് ഇടവകാതലത്തിലെ സമ്മാനത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.
* 60% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന 'A' പ്രായവിഭാഗത്തിലുള്ളവർക്കും 70%ൽ കൂടുതൽ മാർക്ക് വാങ്ങുന്ന B,C,D,E,F പ്രായവിഭാഗത്തിലുള്ള വർക്കും KCBC ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.

## ലോഗോസ് ഫാമിലിയ ക്വിസ്

ഒരു കുടുംബത്തിൽനിന്ന് പിതാവ്, മാതാവ് ഒരു കുട്ടി എന്നിവർ മാത്രമാണ് പരീക്ഷയിൽ പങ്കെടുക്കേണ്ടത്. ഏറ്റവും കൂടുതൽ മാർക്കു വാങ്ങിക്കുന്ന കുടുംബങ്ങൾക്ക് അതിരൂപതാതലത്തിൽ പ്രത്യേക ക്യാഷ് അവാർഡുകൾ നല്കുന്നു. **1-ാം സമ്മാനം 1000 രൂപ, 2-ാം സമ്മാനം 750 രൂപ, 3-ാം സമ്മാനം 500 രൂപ.**

രജിസ്ട്രേഷൻ ഷീറ്റിൽ ബൈബിൾ കുടുംബാംഗങ്ങളുടെ പേരിനുമുമ്പായി **'F'** എന്നുകൂടി രേഖപ്പെടുത്തേണ്ടതാണ് (ഇടതുസൈഡിൽ മാർജിനിൽ). ഒന്നിൽ കൂടുതൽ ബൈബിൾ കുടുംബങ്ങൾ ഒരിടവകയിൽ രജിസ്റ്റർ ചെയ്യുമ്പോൾ ഓരോ കുടുംബത്തിനും 'F1, F2, F3' എന്നിങ്ങനെ നമ്പർ നല്കാവുന്നതാണ്.

**2017 ലെ പ്രത്യേക സമ്മാനങ്ങൾ**

- ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് **3000 രൂപ സമ്മാനവും എവർ റോളിംഗ് ട്രോഫിയും** ലഭിക്കുന്നതാണ്. (1000-ൽ അധികം ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകകളെ മാത്രമേ സമ്മാനത്തിനു പരിഗണിക്കുകയുള്ളൂ).
- ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി അതിരൂപതാ തല

ത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുന്ന ഇടവകയ്ക്ക് **3000 രൂപ സമ്മാനം.** (60%-ത്തിൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇട വകകളെ മാത്രമേ സമ്മാനത്തിനു പരിഗണിക്കുകയുള്ളൂ).

- അതിരൂപതാതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിൽ രണ്ടും, മൂന്നും സ്ഥാനം നേടുന്ന (800-ൽ അധികം ആളുകൾ) ഇടവകകൾക്ക് 1500/-,1000/- എന്ന ക്രമത്തിലും ഇടവകാംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിൽ രണ്ടും, മൂന്നും സ്ഥാനം നേടുന്ന (60%-ൽ കൂടുതൽ ആളുകൾ) ഇടവകകൾക്ക് 1500/-, 1000/എന്ന ക്രമത്തിലും സമ്മാനങ്ങൾ ലഭിക്കുന്നതാണ്. **വിശദവിവരങ്ങൾക്ക് അതിരൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസുമായി ബന്ധപ്പെടുക: ഫോൺ: 0490-2344727, 2343707, 8086312826**

## പ്രത്യേക ശ്രദ്ധയ്ക്ക്

ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ വരുന്ന അപാകതകൾ പരിഹരിക്കാനായി കഴിഞ്ഞ വർഷത്തേത് പോലെ മൂല്യനിർണ്ണയം ഇടവകാതലത്തിൽ നടത്തി ഓരോ ഗ്രൂപ്പിലെയും ഏറ്റവും കൂടുതൽ മാർക്കുലഭിച്ച 3 പേരുടെ ഉത്തരക്കടലാസുകൾ മാത്രം പൊതുവായി മൂല്യനിർണ്ണയം നടത്തുന്നതാണ്.

## 5. ശാലോം ദൈവശാസ്ത്രക്ലാസ്സുകൾ

ശാലോം ടെലിവിഷനിലൂടെ സംപ്രേഷണം ചെയ്യുന്ന ദൈവശാസ്ത്ര ക്ലാസ്സുകളിൽ BTh, MTh കോഴ്സുകളുടെ പാഠഭാഗങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്. കോൺടാക്ടുക്ലാസ്സുകളിൽ സംക്ഷിപ്തമായി മാത്രം ലഭിക്കുന്ന വ്യാഖ്യാനങ്ങൾ വിശദമായി ലഭിക്കുന്നത് ശാലോം ടെലിവിഷൻ ക്ലാസ്സുകളിലൂടെയാണ്. ഈ ക്ലാസ്സുകൾ ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന സമയക്രമം ചുവടെ ചേർക്കുന്നു.

| **ജൂലൈ** | | | |
|---|---|---|---|
| വെള്ളി | 7,14,21,28 | രാവിലെ 8.00 | ദൈവശാസ്ത്രബിരുദം |
| ശനി | 1,8,15,22,29 | രാത്രി 12.00 | ദൈവശാസ്ത്രബിരുദം (ഗൾഫ് എഡിഷൻ) |
| ഞായർ | 2,9,16,23,30 | രാത്രി 7.30 | ദൈവശാസ്ത്രബിരുദാനന്തരബിരുദം |
| ബുധൻ | 5,12,19,26 | രാത്രി 11.30 | ദൈവശാസ്ത്ര ബിരുദാനന്തരബിരുദം (ഗൾഫ് എഡിഷൻ) |
| **ആവർത്തനം** | | | |
| ബുധൻ ഉച്ച -2.30 - ദൈവശാസ്ത്ര ബിരുദാനന്തരബിരുദം | | | |

## 6. സ്കൈപ്പ് നെറ്റുവഴിയുള്ള ക്ലാസ്സുകൾ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിവാരം മൂന്നു ക്ലാസ്സുകൾവീതം സ്കൈപ്പ് നെറ്റിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. ലോകത്തിന്റെ ഏതുഭാഗത്തുള്ള പഠിതാക്കൾക്കും ഈ തൽസമയക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹി ക്കുന്നവർ ഇന്റർനെറ്റ് സൗകര്യവും സ്കൈപ്പ് അക്കൗണ്ടും ക്രമീകരിച്ചശേഷം Alpha Thalassery എന്ന അക്കൗണ്ടിൽ ലോഗിൻ ചെയ്യുക. ആൽഫാ ഓഫീസിൽ മുൻകൂട്ടി അറിയിച്ചാൽ ഇതിനുള്ള ക്രമീകരണം ചെയ്തു തരുന്നതാണ്. ഈ മാസത്തെ സ്കൈപ്പു നെറ്റുക്ലാസ്സുകളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജൂലൈ 2,9,16,23,30 (ഞായർ) | 21.00 - 22.00 (09.00 10.00 pm) |
| ജൂലൈ 4,11,18,25 (ചൊവ്വ) | 21.00 - 22.00 (09.00 10.00 pm) |
| ജൂലൈ 7,14,21,28 (വെള്ളി) | 21.00 - 22.00 (09.00 10.00 pm) |

വിദേശത്തുള്ള പഠിതാക്കളെ ലക്ഷ്യമാക്കിനടത്തുന്ന ഈ ക്ലാസ്സുകളിൽ സ്വദേശികൾക്കും പങ്കെടുക്കാവുന്നതാണ്. സ്കൈപ്പുവഴിയുള്ള നാലു ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ഒരു കോൺടാക്ട്ക്ലാസ്സിന് തുല്യമായ മാർക്ക് ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

### കൗൺസലിങ്ങ് സർട്ടിഫിക്കറ്റ് കോഴ്സ്

പയ്യന്നൂർ കണ്ടോത്തുള്ള ഹോളിഫാമിലി സിസ്റ്റേഴ്സ് നടത്തുന്ന ഫാമിലി വെൽനെസ്സ് സെന്ററിൽ ബേസിക്ക് കൗൺസലിങ്ങ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂലൈ 8 ന് ഉച്ചയ്ക്ക് രണ്ടിന് കോഴ്സ് ഉത്ഘാടനം ചെയ്യപ്പെടും. 150 മണിക്കൂറുകൾ ഉള്ള ഈ കോഴ്സിൽ കൗൺസലിങ്ങിന്റെ അടിസ്ഥാന പരിശീലനവും മനശാസ്ത്രത്തിന്റെ വിവിധ മേഖലകളെകുറിച്ചുള്ള സമഗ്രമായ അറിവും നൽകും. സ്കൂൾ, കോളേജ്, കുടുംബ തലങ്ങളിൽ കൗൺസലിങ്ങ് നടത്തുന്നവർക്ക് ഈ കോഴ്സ് ഉപകാര പ്രദമാണ്.

ഫാമിലി വെൽനസ്സ് സെന്റർ
ഹോളി ഫാമിലി കോൺവന്റ്
കണ്ടോത്ത് പി. ഒ, പയ്യന്നൂർ
ഫോൺ: 9446545757, 04985 205757

# സെമിനാരി വാർത്തകൾ

## 1. വൊക്കേഷൻ ബ്യൂറോ മീറ്റിങ്ങ് - ജൂലൈ 6-ാം തീയതി

2017 അധ്യായനവർഷത്തിലെ വൊക്കേഷൻ ബ്യൂറോയുടെ ആദ്യ സമ്മേളനം ജൂലൈ 6-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിൽവച്ച് നടത്തുന്നു. അവധിക്കാലത്ത് നടന്ന ക്യാമ്പുകളെക്കുറിച്ച് വിലയിരുത്തുക, ലൈഫ് ഗൈഡൻസ് ക്ലാസുകളെപ്പറ്റി ചർച്ച ചെയ്യുക, മൈനർ സെമിനാരിയിലെ പുതിയ കുട്ടികളെ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് മീറ്റിംങ്ങിനുള്ളത്. വൊക്കേഷൻ ബ്യൂറോയിലെ എല്ലാ അംഗങ്ങളുടെയും സാന്നിധ്യം അഭ്യർത്ഥിച്ചുകൊണ്ട് ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

## 2. ലൈഫ് ഗൈഡൻസ് പ്രോഗ്രാം... ജൂലൈ മാസം സ്കൂളുകളിൽ

നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിൽ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തുന്ന ലൈഫ് ഗൈഡൻസ് പ്രോഗ്രാം ജൂലൈ മാസം 15, 22, 29 തീയതികളിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ജീവിതലക്ഷ്യം, മര്യാദകൾ, എങ്ങനെ പഠിക്കാം - പരീക്ഷയെഴുതാം, കൗമാര സവിശേഷതകൾ, മാധ്യമങ്ങളുടെ ഉപയോഗം എന്നീ വിഷയങ്ങളാണ് പ്രൊജക്ടറിന്റെ സഹായത്തോടെ കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഹൈസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് തങ്ങൾക്ക് സൗകര്യപ്രദമായ തീയതി തിരഞ്ഞെടുക്കുമല്ലോ. എല്ലാവരുടെയും സഹകരണം ആവശ്യപ്പെടുന്നു. ആവശ്യമെങ്കിൽ മറ്റുള്ള മാനേജ്മെന്റ് സ്കൂളുകളിലും ലൈഫ് ഗൈഡൻസ് പ്രോഗ്രാം ചെയ്തുകൊടുക്കുന്നതാണ്.

## 3. നൂറുമേനി വിജയം... അഭിനന്ദനങ്ങൾ

ചരിത്രം ആവർത്തിച്ച് ഈ വർഷവും നമ്മുടെ മൈനർ സെമിനാരിയിലെ വൈദികവിദ്യാർത്ഥികൾ പ്ലസ് ടുവിന് ഉന്നതവിജയം കരസ്ഥമാക്കി 21 പേരാണ് ഈ വർഷം പരീക്ഷ എഴുതിയത്. അവരുടെ വിജയശതമാനം ഇതിനോടൊപ്പം അറിയിക്കുന്നു.

| | |
|---|---|
| 80% നു മുകളിൽ - 6 | 70% നു മുകളിൽ - 6 |
| 60% നു മുകളിൽ - 8 | 55% നു മുകളിൽ - 1 |

## 4. ബഞ്ചമിൻസിന് സ്വാഗതം

തലശ്ശേരി അതിരൂപതാ മൈനർസെമിനാരിയിലേക്ക് വൈദിക

പരിശീലനത്തിനായി ചേർന്ന് 33 വിദ്യാർത്ഥികളെയും സ്വാഗതം ചെയ്യുന്നു. ഇവരിൽ രണ്ടുപേർ ഡിഗ്രി പഠനം പൂർത്തിയാക്കിയവരും, രണ്ടുപേർ പ്ലസ് ടൂക്കാരും ബാക്കിയുള്ളവർ പത്താം ക്ലാസ് പാസ്സായവരുമാണ്. ദൈവവിളി കണ്ടെത്തി പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും മാതാപിതാക്കൾക്കും സിസ്റ്റേഴ്സിനും മതാധ്യാപകർക്കും വൊക്കേഷൻ ബ്യൂറോ അംഗങ്ങൾക്കും ഇടവകാംഗങ്ങൾക്കും പ്രത്യേകമായ നന്ദിയും അഭിനന്ദനങ്ങളും.

**ഒന്നാം വർഷ സെമിനാരിക്കാരുടെ വീട്ടുപേരും പേരും ഇടവകയും**

| നമ്പർ | വീട്ടുപേരും പേരും | വിളിപ്പേര് | ഇടവക |
|---|---|---|---|
| 1 | ഐക്കര തോമസ് | തോമസ് എ.ആർ. | പാത്തൻപ്പാറ |
| 2 | ആക്കൽ ജോസഫ് | ജോസഫ് | കാർത്തികപുരം |
| 3 | അമ്പലത്തുങ്കൽ തോമസ് | ജീവൻ | കാഞ്ഞിരക്കൊല്ലി |
| 4 | ചക്കാലക്കുന്നേൽ വർഗീസ് | ജിബിൽ | ചെമ്പേരി |
| 5 | ചാരച്ചേരിൽ സെബാസ്റ്റ്യൻ | അലൻ | മേരിഗിരി |
| 6 | ചിറമേൽ സെബാസ്റ്റ്യൻ | ആശിഷ് | കൊളക്കാട് |
| 7 | എടത്തിനാൽ ജോസഫ് | ഷിമിൽ | മാങ്ങോട് |
| 8 | ഇല്ലിക്കക്കുന്നേൽ ജോസഫ് | ജോസഫ് | രാജഗിരി |
| 9 | ഇരട്ടചിറയിൽ ജോർജ് | മെൽവിൻ | കരുവഞ്ചാൽ |
| 10 | എഴുപറയിൽ ഡൊമിനിക്ക് | മെൽബിൻ | കണ്ണിവയൽ |
| 11 | കണിപറമ്പിൽ സെബാസ്റ്റ്യൻ | ജുബിൻ | ചുള്ളി |
| 12 | കാട്ടികുളക്കാട്ട് അബ്രാഹം | ആൽബിൻ | മണണ്ഡപം |
| 13 | കവളക്കാട്ട് അലക്സ് | സോബിൻ | ചാവറഗിരി |
| 14 | കൂറ്റനാൽ ഫ്രാൻസീസ് | വിമൽ | ചരൾ |
| 15 | കുളങ്ങരത്തൊട്ടിയിൽ അഗസ്റ്റിൻ | അഗസ്റ്റിൻ | മണ്ഡളം |
| 16 | കൂന്നിപറമ്പിൽ റോഷിൻ | മാത്യു | റയറോം |
| 17 | കുര്യാലപ്പുഴ ജോർജ് | ജോയൽ | ബദിയടുക്ക |
| 18 | കുരുവൻപ്ലാക്കൽ അലക്സ് | സനൽ | ചെടിക്കുളം |
| 19 | മണ്ണൂർ ഇമ്മാനുവേൽ | ജോബിൻ | ചുള്ളി |
| 20 | മുരട്ടുപൂവത്തിങ്കൽ ജോസഫ് | അബിൻ | മാങ്ങോട് |
| 21 | മുതുക്കാട്ടിൽ ജോസഫ് | അഖിൽ | ആടാംപാറ |
| 22 | പടിഞ്ഞാറേവീട്ടിൽ അബ്രാഹം | അഖിൽ | ജോസ്ഗിരി |
| 23 | പനന്താനം ജോസഫ് | ജോസ് | നടുവിൽ |
| 24 | പാറയിൽ ജോർജ് | മാത്യു | വായാട്ടുപറമ്പ് |
| 25 | പെരുമാലിൽ അലക്സ് | ജോയൽ | പാണത്തൂർ |

| | | |
|---|---|---|
| 26 പൂക്കനാംപൊയ്കയിൽ ജോബിറ്റ് ജോസഫ് | | ചായോത്ത് |
| 27 പുത്തൻപുരയ്ക്കൽ സ്കറിയ | ഷിനോജ് | ജോസ്മൗണ്ട് |
| 28 പുതുപറമ്പിൽ ജോസഫ് | ആഷിൻ | തയ്യേനി |
| 29 തോണക്കര അബ്രാഹം | ബെസ്റ്റോ | പൂളക്കുറ്റി |
| 30 തുറയ്ക്കൽ ജോസഫ് | ഡൊമിനിക്ക് | കൊളക്കാട് |
| 31 ഉപ്പുകുന്നേൽ ജോസഫ് | സിബിൻ | വട്ടിയറ |
| 32 ഉപ്പുകുന്നേൽ സെബാസ്റ്റ്യൻ | ജിബിൻ | വട്ടിയറ |
| 33 വെള്ളാരംകുന്നേൽ സെബാസ്റ്റ്യൻ | ജുവൽ | ശ്രീകണ്ഠാപുരം |

## മേജർ സെമിനാരികളിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനം ആരംഭിച്ചവർ

| | തിയോളജി | സെമിനാരി |
|---|---|---|
| 1 | ചക്കാംകുന്നേൽ അഗസ്റ്റിൻ (ഓസ്റ്റിൻ) | ആലുവ |
| 2 | കോയിപ്പുറം ജോസഫ് (എഡ്വിൻ) | ,, |
| 3 | കുടിലിൽ മാത്യു (ഷിൻസ്) | ,, |
| 4 | ചിറനക്കൽ സ്കറിയ (ഷാനറ്റ്) | കോട്ടയം |
| 5 | മുണ്ടപ്ലാക്കൽ ജോസഫ് (അരുൺ) | ,, |
| 6 | തെക്കേവയലിൽ ജോർജ് (ആൽബർട്ട്) | ,, |
| 7 | മണ്ണൂർ ജോൺ (ഗ്രിഫിറ്റിൻ) | കുന്നോത്ത് |
| 8 | പാലക്കീൽ ജോസഫ് (ജോയിസ്) | ,, |
| 9 | പൂവൻപുഴ തോമസ് (ആകാശ്) | ,, |
| 10 | മുക്കുഴിയിൽ മാത്യു (സ്റ്റിനോ) | ,, |
| 11 | ചെരിയംകുന്നേൽ ജോസഫ് (ജെസ്ബിൻ) | സത്ന |
| 12 | ചെറുശ്ശേരി ജോസഫ് (ആൽഫിൻ) | ,, |

## പ്രൊമോഷൻ ലിസ്റ്റ് ഓഫ് മൈനർ സെമിനാരിയൻസ്

| | | |
|---|---|---|
| 1. | അതിരുകുളങ്ങര ദേവസ്യ (ജെസ്വിൻ) | ആലുവ (സി.എസ്.റ്റി) |
| 2. | കാനാട്ട് ജോൺ (നോയൽ) | ,, |
| 3. | വലിയപറമ്പിൽ ജോൺ (ബിനീഷ്) | ,, |
| 4. | കളപ്പുരയിൽ ജോസഫ് (ജോയേൽ) | മേരിമാതാ തൃശ്ശൂർ |
| 5. | വെള്ളോംകോട്ടിൽ സ്കറിയ (അനി) | ,, |
| 6. | മണ്ണൂർ മാത്യു (ഗ്രയിൻ) | ,, |
| 7. | പയ്യംമ്പള്ളിൽ ജോൺസൺ | പോരാവൂർ |
| 8. | പുല്ലാട്ടുതകിടിയേൽ ആന്റോ (ജസ്റ്റിൻ) | പേരാവൂർ |
| 9. | കുര്യാളാനിക്കൽ സേവ്യർ (അരുൺ) | പേരാവൂർ |

| | | |
|---|---|---|
| 10. | പൂക്കുളത്തിൽ ജോസഫ് (അമൽ) | മക്കിയാട് |
| 11. | ഉണ്ണിക്കുന്നേൽ ഫിലിപ്പ് (ജസ്റ്റിൻ) | മക്കിയാട് |

## പൊന്ന്യം സെമിനാരിയിൽനിന്നും മേജർ സെമിനാരികളിലേക്ക്

| | | |
|---|---|---|
| 1. | ആനിക്കുഴിക്കാട്ടിൽ മാത്യു (നോയേൽ) | ആലുവ |
| 2. | ചെല്ലംങ്കോട്ട് ജോസഫ് (അഭിലാഷ്) | കോട്ടയം |
| 3. | ചെമ്പകശ്ശേരി ചെറിയാൻ (അമൽ) | ആലുവ |
| 4. | ചെമ്പ്ളയിൽ മാത്യു (കുര്യൻ) | കുന്നോത്ത് |
| 5. | ഇല്ലിക്കൽ കുര്യാക്കോസ് (ജിബിൻ) | പി.ജി |
| 6. | കരിങ്ങാലിക്കാട്ടിൽ ജോസഫ് (ജിസ്) | കുന്നോത്ത് |
| 7. | മൂന്നാനാൽ മാത്യു | കോട്ടയം |
| 8. | നരിക്കുഴിയിൽ ക്ലമന്റ് | പി.ജി. (പൊന്ന്യം) |
| 9. | പൂകുളത്തിൽ മാത്യു | പി.ജി |
| 10. | പൂവത്തിങ്കൽ അബ്രാഹം (ഹൃതിക്) | പി.ജി |

## പൊന്ന്യം സെമിനാരിയിൽ ഡിഗ്രി പഠനം ആരംഭിച്ചവർ

| | വീട്ടുപേരും പേരും |
|---|---|
| 1. | ആനാനിയുറുമ്പേൽ ജോസഫ് (ആൽഫിൻ) |
| 2. | അരികുഴുപ്പിൽ മാത്യു (ജസ്റ്റിൻ) |
| 3. | ഇല്ലിക്കൽ അബ്രാഹം (അജയ്) |
| 4. | കോന്നൂർ ഇമ്മാനുവേൽ (ബജിയോ) |
| 5. | കൊട്ടുകാപ്പള്ളി ജോസഫ് (അമൽ) |
| 6. | മുടക്കാലായിൽ ജോർജ് (ജിനു) |
| 7. | പൊടിമറ്റത്തിൽ മൈക്കിൾ (നോബിൻ) |
| 8. | വാരണത്ത് അബ്രാഹം (അബി) |
| 9. | വയലിൽ ജോസഫ് (ആൽബിൻ) |
| 10. | കുറുവത്താഴെ അഗസ്റ്റിൻ (പൈസക്കരി) |

സ്നേഹാശംസകളോടെ,

**ഫാ. ജോസഫ് വയലുങ്കൽ**
വൊക്കേഷൻ പ്രൊമോട്ടർ

**ഫാ. മാത്യു തെക്കേമുറിയിൽ**
റെക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

ഈശോയിൽ സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരായ കൂട്ടുകാരേ,

ഒത്തിരിയേറെ പ്രാധാന്യമർഹിക്കുന്ന ഒരു മാസമാണല്ലോ ജൂലൈ മാസം. നമ്മുടെ പിതാവായ വി. തോമാശ്ലീഹായുടെയും നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി. അൽഫേൻസാമ്മയുടെയും ജീവിത വിശുദ്ധി സ്വന്തം ജീവിതത്തിൽ പകർത്തി സുകൃത വഴിയേ മുന്നേറുവാൻ പരിശ്രമിക്കുന്നതോടൊപ്പം പുണ്യപ്രവൃത്തികൾക്ക് നമ്മുടെ ജീവിതത്തിൽ കൂടുതൽ പ്രാധാന്യം നൽകാൻ നമുക്ക് ശ്രദ്ധിക്കാം. നമുക്കും അവനോടുകൂടി പോയി മരിക്കാം എന്ന വി. തോമാശ്ലീഹായുടെ പ്രേഷിത തീഷ്ണമുറ്റിയ വചസ്സുകൾ നമ്മുടെ ഓരോരുത്തരുടെയും പ്രേഷിതപ്രവർത്തന രംഗങ്ങളിൽ കൂടുതൽ തീക്ഷ്ണതയുള്ളവരായി മാറുവാൻ പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ വർഷം മിഷൻലീഗ് സംഘടനയിലെ അംഗങ്ങളായി കടന്നുവന്നിരിക്കുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും മിഷൻലീഗ് സംഘടനാപ്രവർത്തനം വഴി ധാരാളം അനുഗ്രഹങ്ങൾ ലഭിക്കട്ടെയെന്ന് ആശംസിക്കുന്നു...

അനുസ്മരിക്കുന്ന വിശുദ്ധൻ : വി. തോമാശ്ലീഹാ, വി. അൽഫോൻസാമ്മ
അനുസ്മരിക്കുന്ന തിരുനാൾ : ദുക്റാനതിരുനാൾ
പ്രാർത്ഥനാനിയോഗം : നല്ല ദൈവവിളികൾക്കുവേണ്ടി
സുകൃതജപം : ഈശോയുടെ തിരുശരീരമേ, എന്നെ രക്ഷിക്കണമേ.
സപ്തതി സുകൃതം : 70 ത്രിത്വസ്തുതി

## ശാഖകൾ ശ്രദ്ധിക്കാൻ

3 തിങ്കൾ : അംഗത്വസ്വീകരണം ബാഡ്ജ് ധരിച്ച് വി. കുർബാനയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കുക. അംഗത്വസ്വീകരണം നടത്തി പുതിയ അംഗങ്ങളെ, കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് പേര് ചേർത്ത് ഈ മാസംതന്നെ ഓഫീസിൽ എത്തിക്കുക.

## മേഖലകൾ ശ്രദ്ധിക്കാൻ

മേഖല എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി, വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് എന്നിവ നടത്തി മേഖലാതലപ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ, കലാ-സാഹിത്യമത്സരങ്ങൾക്കുവേണ്ട ഒരുക്കങ്ങൾ ആരംഭിക്കുകയും ചെയ്യുക.

## പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗുംമാർഗ്ഗരേഖപ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത 2017-18 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാപ്രകാശനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംങ്ങും ജൂൺ 3 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദേവാലയ ഓഡിറ്റോറിയത്തിൽവച്ച് നടന്നു. രാവിലെ 9.30ന് വി. കുർബ്ബാനയ്ക്ക്ശേഷം അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരിയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. മോൺ ജോസഫ് പാംപ്ലാനി ഈ വർഷത്തെ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. മതബോധന ഡയറക്ടർ ഫാ. ജോർജ് കാഞ്ഞിരക്കാട്ട് തിരുബാല സഖ്യം മാർഗ്ഗരേഖയുടെ പ്രകാശനകർമ്മം നിർവഹിച്ചു. അതിരൂപതയിലെ എല്ലാ ശാഖകളിലും വിഷമുക്ത പച്ചക്കറിത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പച്ചക്കറി വിത്ത് തളിപ്പറമ്പ് ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട് വൈസ് ഡയറക്ടേഴ്സിന് വിതരണം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് മാർഗ്ഗരേഖാ വിശകലനക്ലാസ്സിന് നേതൃത്വം നൽകി. ചെമ്പേരി സൺഡേസ്കൂൾ പ്രസിഡന്റ് ഷീൻ വേലിക്കകത്ത്, ജൂണിയർ പ്രസിഡന്റ് ജോസ്ബിൻ വെട്ടിത്താനത്ത്, സി. അലീന എസ്.എ.ബി.എസ്. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ബ്രജിത്ത വട്ടപ്പാറ സാംഗ്ലി മിഷൻ അനുഭവം പങ്കുവച്ചു. കോളയാട് ശാഖയിലെ കൃപ സംഗീതം ആലപിച്ചു. തുടർന്ന് കൈയ്യെഴുത്ത് മാസിക, സ്നേഹതാര പുരസ്ക്കാരം, എംറ്റിസി ക്യാമ്പിൽ പങ്കെടുത്ത് 10-ാം ക്ലാസ്സിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടിയവർ, മതബോധന രംഗത്ത് 10,12 ക്ലാസ്സുകളിൽ ഏറ്റവുംകൂടുതൽ മാർക്ക് നേടിയവർ എന്നിവർക്ക് അഭിവന്ദ്യ മാർ ഞറളക്കാട്ട് പിതാവ് സമ്മാനദാനവും, ക്യാഷ് അവാർഡും നൽകി. അതിരൂപതാ സെക്രട്ടറി സുനിൽ കല്ലിടുക്കിൽ നന്ദി പറഞ്ഞു. പ്രവർത്തന വർഷ ഉദ്ഘാടനസമ്മേളനത്തിന്റെ സുഗമമായ നടത്തിപ്പിന് എല്ലാവിധ സഹായങ്ങളും ചെയ്തുതന്ന തളിപ്പറമ്പ് ഫൊറോന വികാരി അബ്രാഹംപോണാട്ട് അച്ചനും സഹപ്രവർത്തകർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ശാഖാതലപ്രവർത്തനവർഷ ഉദ്ഘാടനം

2017 ജൂൺ 4 ഞായറാഴ്ച ആനറ ശാഖയിൽവെച്ച് ഈ വർഷത്തെ ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം നടന്നു. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി പുതിയ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. സംഘടനാപ്രവർത്തനത്തിന്റെ എഴുപതാം വർഷം ആഘോഷിക്കുമ്പോൾ 'സപ്തതി നിറവിൽ ദൈവവിളിക്കായ്' എന്ന മുദ്രാവാക്യവുമായി ദൈവവിളിക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തന ങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്നും; പരിസ്ഥിതി സംരക്ഷണ

ത്തിന് പ്രാധാന്യം നൽകി പ്രവർത്തിക്കണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ അതിരൂപതാ ഡയറക്ടർ ആഹ്വാനം ചെയ്തു. പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് കുട്ടികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിനും മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമായി അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരിയുടെ നേതൃത്വത്തിൽ ദൈവാലയമുറ്റത്ത് ഫലവൃക്ഷത്തൈ നടുകയും ചെയ്തു. ആനറ ശാഖാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ എഴുപറയിൽ പതാക ഉയർത്തുകയും സ്വാഗതം ആശംസിക്കുകയും ചെയ്തു. തുടർന്ന് കുട്ടികളും ഇടവകാ ജനങ്ങളും അണിനിരന്ന റാലിയ്ക്കുശേഷം അതിരൂപതാഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്തിന്റെ നേതൃത്വത്തിൽ ശാഖാശാക്തീകരണ സെമിനാറും നടന്നു. അതിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ എസ്എസ്എൽസി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ അരുൺ ആലുവേലിൻ, ഗോഡ്സൻ ഓരത്തേൻ, ക്രിസ്റ്റി വടക്കേടത്ത്, ജിസ്റ്റി പള്ളൂരത്തിൽ, ശ്യാമിലി ശിവദാസ് എന്നീ കുട്ടികൾക്ക് ക്യാഷ് അവാർഡും, സമ്മാനവും നൽകി അനുമോദിക്കുകയും ചെയ്തു. ശാഖാതലപ്രവർത്തന വർഷ ഉദ്ഘാടന പരിപാടികൾ ഏറ്റവും മനോഹരമായി ക്രമീകരിച്ച ബഹു. സെബാസ്റ്റ്യൻ എഴുപറയിൽ അച്ചനും ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## അംഗത്വ സ്വീകരണം

ജൂലൈ 3 ദുക്റാന തിരുനാളിനോടനുബന്ധിച്ചോ, അതിനടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വസ്വീകരണം നടത്തി നിശ്ചിത ഫോറത്തിൽ അംഗത്വം സ്വീകരിച്ചവരുടെ ലിസ്റ്റ് കഴിഞ്ഞ വർഷത്തിന്റെ തുടർച്ചയായ നമ്പർ ഇട്ട് ആഗസ്റ്റ് മാസാവസാനത്തോടുകൂടി ഓഫീസിൽ എത്തിച്ച് അംഗത്വ കാർഡ് ശരിയാക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പമിഷൻലീഗ് മേഖലാ ഡയറക്ടർ, വൈസ് ഡയറക്ടർ എന്നീ നിലകളിലേയ്ക്ക് പുതുതായി നിയമിതരായിരിക്കുന്ന ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും അതിരൂപതാ സി.എം.എൽ. കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

| | | |
|---|---|---|
| ഫാ. മാർട്ടിൻ വരിക്കാനിക്കൽ | - | ആലക്കോട് മേഖല |
| സി. ലിസി ജോസ് എസ്സിവി | - | ,, |
| ഫാ. ജോസഫ് വണ്ടർകുന്നേൽ | - | ചെമ്പന്തൊട്ടി മേഖല |
| ഫാ. ജോർജ് പടിഞ്ഞാറാനശ്ശേരിൽ | - | ചെമ്പേരി മേഖല |
| സി. ദീപ്തി എഫ്സിസി | - | ,, |
| സി. ലിസ്വിൻ എസ്എംജെ | - | ചെറുപുഴ മേഖല |
| ഫാ. ജോസഫ് കുരിശുംമൂട്ടിൽ | - | കാഞ്ഞങ്ങാട് മേഖല |
| ഫാ. തോമസ് വാളിപ്ലാക്കൽ | - | മേരിഗിരി മേഖല |
| സി. എയ്ഞ്ചൽ മരിയ എംഎസ്എംഐ | - | ,, |

| | | |
|---|---|---|
| ഫാ. സെബാസ്റ്റ്യൻ എഴുപറയിൽ | - | നെല്ലിക്കാംപൊയിൽ മേഖല |
| ഫാ. ജോസഫ് പണ്ടാരപറമ്പിൽ | - | പനത്തടി മേഖല |
| സി. ജീന എസ്എബിഎസ് | - | ,, |
| ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ | - | പേരാവൂർ മേഖല |
| സി. ഹെലൻ എഫ്സിസി | - | ,, |
| ഫാ. ജോസഫ് റാത്തപ്പള്ളി | - | തളിപ്പറമ്പ് മേഖല |
| സി. മേഴ്സിലിൻ എഫ്സിസി | - | ,, |
| ഫാ. മാത്യു ഓലിക്കൽ | - | തോമാപുരം മേഖല |
| ഫാ. ജോൺപോൾ പൂവത്താനിക്കുന്നേൽ | - | വായാട്ടുപറമ്പ് മേഖല |
| സി. ഡെൽന എസ്എബിഎസ് | - | ,, |

## പുതിയശാഖ

സിഎംഎൽ തലശ്ശേരി അതിരൂപതയിലെ 206-ാമത്തെ ശാഖയായി പറമ്പ ശാഖയെ 23-06-2017 നു ചേർന്ന അതിരൂപതാ എക്സിക്യൂട്ടീവിൽ അംഗീകരിച്ചു. പറമ്പ ശാഖാ ഡയറക്ടറച്ചനും വൈസ്ഡയറക്ടർ, ശാഖാ ഭാരവാഹികൾ, കുഞ്ഞുമിഷനറിമാർ എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുത്തൻ പ്രവർത്തനവർഷത്തിന്റെ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

## പുഞ്ചിരി - ശാഖാശാക്തീകരണ സെമിനാർ - വിമലഗിരി, ശാഖയിൽ

പുഞ്ചിരി-ശാഖാ ശാക്തീകരണ സെമിനാർ ജൂൺ 11 ഞായറാഴ്ച വിമലഗിരി ശാഖയിൽവച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് വിശ്വാസ പ്രഘോഷണറാലി നടന്നു. അതിനുശേഷം നടന്ന പൊതുമീറ്റിംഗിൽ ശാഖാ ഡയറക്ടർ ഫാ. ജെയിംസ് മൂന്നാനപ്പള്ളി സ്വാഗതം ആശംസിക്കുകയും വൈസ്ഡയറകടർ സി.ബീന, പ്രസിഡന്റ് ജിതിൻ കളരിക്കൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിക്കുകയും ചെയ്തു. പൊതുസമ്മേളനത്തെ തുടർന്നു നടന്ന സെമിനാർ ക്ലാസ്സുകൾക്ക് അതിരൂപതാഡയറക്ടർ നേതൃത്വം നൽകി.

## എയ്ഞ്ചൽസ് മീറ്റ്

നെല്ലിക്കാംപൊയിൽ മേഖലയിലെ എയ്ഞ്ചൽസ് മീറ്റ് ഫൊറോന വികാരിയുടെയും മേഖലാഡയറക്ടർ അച്ചന്റെയും നേതൃത്വത്തിൽ മേഖലാ കേന്ദ്രത്തിൽവച്ച് നടത്തി. മേഖലകളിലെ എല്ലാ ശാഖകളിൽനിന്നും ഈ വർഷം ആദ്യകുർബാന സ്വീകരിച്ച മുഴുവൻകുട്ടികളും മീറ്റിംഗിൽ പങ്കെടുത്തു. ഏയ്ഞ്ചൽസ്മീറ്റ് ഭംഗിയായി ക്രമീകരിച്ച മേഖലാഡയറക്ടർ അച്ചനും വൈസ്ഡയറക്ടർ സിസ്റ്ററിനും മേഖലാഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## ബെസ്റ്റ് ശാഖ - മേഖലാ തിരഞ്ഞെടുപ്പ്

ബെസ്റ്റ് ശാഖാ-മേഖലാനിർണ്ണയത്തിനായി അതിരൂപതാ ഭാരവാഹികൾ ഈ മാസം 15നുശേഷം തെരഞ്ഞെടുക്കപ്പെട്ടശാഖകളും മേഖലകളും സന്ദർശിക്കുന്നതായിരിക്കും. അതിനുമുമ്പ് മേഖലയിൽനിന്ന് 1,2 സ്ഥാനം ലഭിച്ച ശാഖകളുടെ ലിസ്റ്റ് 10-ാം തീയതിക്കു മുമ്പ് മേഖലാഭാരവാഹികൾ രൂപതയിൽ എത്തിക്കേണ്ടതാണ്. ഇനിയും ഏതെങ്കിലും ശാഖകളോ മേഖലകളോ വാർഷിക റിപ്പോർട്ട് നല്കിയിട്ടില്ലെങ്കിൽ എത്രയും വേഗം ഓഫീസിൽ എത്തിക്കുമല്ലോ. 12 മാസത്തെയും പ്രതിമാസ റിപ്പോർട്ടുകൾ നൽകാത്ത ശാഖകളെ ബെസ്റ്റ് ശാഖാ നിർണ്ണയത്തിൽ പരിഗണിക്കുന്നതല്ല എന്നും ഓർമ്മിപ്പിക്കുന്നു.

## മേഖലാഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

ഈ വർഷത്തെ മേഖലാ കൗൺസിലും വാർഷികവും ഓഗസ്റ്റ് 28-ാം തീയതി എല്ലായിടത്തും ഒരേ ദിവസം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ഈ വർഷം എംറ്റിസിപ്രോഗ്രാം മേഖലാതലത്തിൽ ഒരു ക്ലാസ്സും ഒരു സഹവാസ ക്യാമ്പുമായാണ് ക്രമീകരിക്കേണ്ടത്. ഓരോ മേഖലയിലേയ്ക്കും ആവശ്യമായ എംറ്റിസി ഡയറിയുടെ എണ്ണം ഈ മാസം 20നു മുമ്പ് ഓഫീസിൽ അറിയിക്കുമല്ലോ.

## അൽഫോൻസാ ക്വിസ്

അൽഫോൻസാ ക്വിസ് അതിരൂപതാതലമത്സരം ജൂലൈ 29-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് തളിപ്പറമ്പിൽവച്ച് നടത്തുന്നതായിരിക്കും. 5മുതൽ 12വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. മത്സരത്തിൽ ഓഡിയോ-വീഡിയോ രീതിയിലുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും. മത്സരനിബന്ധനകൾ മാർഗരേഖ: പേജ് 44. ഒപ്പം അന്നേദിനംതന്നെ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും, രൂപതാ മാനേജിംഗ് കമ്മിറ്റിയും ഉണ്ടായിരിക്കും.

## ദൈവദാസി സി. മരിയ സെലിൻ മെഗാക്വിസ്

ഉർസുലൈൻ സന്യാസസഭയിലെ അംഗമായ ദൈവദാസി സി. മരിയ സെലിൻ കണ്ണനായ്ക്കലിന്റെ ജീവിതസന്ദേശവും ആദ്ധ്യാത്മികതയും വരും തലമുറയ്ക്ക് പകർന്ന് കൊടുക്കുന്നതിന്റെ ഭാഗമായി 2017 ജൂൺ 25 ഞായറാഴ്ച 2 pm മുതൽ 3.30 pm വരെ വിവിധ കേന്ദ്രങ്ങളിൽവച്ച് നടന്ന മെഗാക്വിസ് മത്സരത്തിൽ 137 ഇടവകകളിൽനിന്നുമായി 3122 പേർ പങ്കെടുത്തു. ദൈവദാസി സി. മരിയ സെലിനെക്കുറിച്ച് കൂടുതൽ പഠിച്ചറിയുകയും ജീവിതസുകൃതങ്ങൾ സ്വന്തമാക്കുകയും ചെയ്ത എല്ലാ കൂട്ടുകാർക്കും അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ അഭിനന്ദനങ്ങൾ.

## അതിരൂപതാസാഹിത്യമത്സരങ്ങൾ

ഈ വർഷത്തെ മേഖലാ/രൂപതാ സാഹിത്യമത്സരങ്ങൾ (ഒരുമിച്ച്) ഓഗസ്റ്റ് 12 ശനിയാഴ്ച വിവിധസെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ഓരോ ഇനത്തിലും ഒന്നാം സ്ഥാനം ലഭിച്ചവരുടെ കൃതികൾ ലിസ്റ്റ് അടക്കം ഇംഗ്ലീഷ് ക്യാപ്പിറ്റൽ ലെറ്ററിൽ എഴുതി ആഗസ്റ്റ് 31ന് ഉള്ളിൽ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിജയികളുടെ പേര് എഴുതേണ്ട ഫോം അതിരൂപതാ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (മത്സര നിബന്ധനകൾ മാർഗരേഖ: പേജ് 40-41)

## കാസർഗോഡ് റീജൻ വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

കാസർഗോഡ് റീജനിലുള്ളവർക്ക് അംഗത്വകാർഡ് സീൽ ചെയ്യാൻ സൗകര്യത്തിനായി ഓഗസ്റ്റ് 5 ശനിയാഴ്ച രാവിലെ 10 മണിമുതൽ 3 മണി വരെ അതിരൂപതാ ടീം പടന്നക്കാട് പാസ്റ്ററൽ സെന്ററിൽ ഉണ്ടായിരിക്കും. ബാഡ്ജ്, മാനുവൽ ബുക്ക്, അംഗത്വകാർഡ് തുടങ്ങിയവയും അന്ന് വാങ്ങാൻ സൗകര്യമുണ്ടായിരിക്കും.

## നമ്മുടെ അച്ചൻ, സ്നേഹമുള്ള സിസ്റ്റർ, മിഷൻഗ്രാമം

അതിരൂപതയിലെ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഓർത്ത് പ്രാർത്ഥിക്കുവാനായി ഓരോ ശാഖയ്ക്കും നൽകിയിരിക്കുന്ന ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും ഫോണിൽ വിളിച്ചും കത്തുകളെഴുതിയും നിങ്ങൾ അവർക്കായി പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയിക്കുകയും ഫീസ്റ്റ്ഡേ, ബർത്ത് ഡേ, വിയാനി ഡേ തുടങ്ങിയ അവസരങ്ങളിൽ ആശംസകളർപ്പിക്കുകയും ചെയ്യാൻ ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ചിരിക്കുന്ന വൃദ്ധസദനങ്ങൾ, ഓർഫനേജുകൾ, മിഷൻഗ്രാമങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്യുവാനും ശ്രദ്ധിക്കുമല്ലോ. മിഷൻ ഗ്രാമങ്ങളുമായി ബന്ധപ്പെട്ട് അവരുമായി സൗഹൃദം നിലനിർത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## Witness of Mercyയുടെ നവസുവിശേഷവത്ക്കരണം

നവസുവിശേഷവത്ക്കരണത്തിന്റെ ഭാഗമായി പി.ഒ.സി.യിൽ ആരംഭിച്ച Witness of Mercy യുടെ പ്രഥമ കോഴ്സിൽ അൽമായരും സിസ്റ്റേഴ്സും ഉൾപ്പെടെ 35 പേർ പങ്കെടുത്തു.

മാമ്മോദീസായിലൂടെയും, സ്ഥൈര്യലേപനത്തിലൂടെയും ദൈവം നമ്മെ ഏൽപ്പിച്ച പ്രേഷിതധർമ്മം അതായത് രക്ഷയുടെ ദിവ്യരഹസ്യവും ജനഹൃദയങ്ങളിൽ ആഴത്തിൽ പതിക്കാൻ ആത്മീയപക്വതയുള്ള ഒരു കൂട്ടായ്മ ആവശ്യമാണ്. ഈ ലക്ഷ്യത്തോടെ പി.ഒ.സി.യിൽ കരുണയുടെ സാക്ഷികൾ എന്നപേരിൽ ആരംഭിച്ച ആദ്യത്തെ സംരഭത്തിൽ തലശ്ശേരി

രൂപതയിൽനിന്ന് ഏറ്റവും കൂടുതൽപേർ പങ്കെടുത്തു എന്നത് രൂപതയ്ക്കൊരു അഭിമാനമാണ്. ആത്മീയ മേഖലയിൽ വ്യത്യസ്ഥ ശുശ്രൂഷ ചെയ്യുന്ന 136 പേർ ആത്മീയ വരദാനങ്ങളാൽ അനുഗൃഹീതരായിരുന്നു.

കേരളത്തിൽ ചേർത്തലയ്ക്കടുത്ത് അരീപ്പറമ്പിലും, ഡൽഹിയിൽ സാന്ത്വന കമ്മ്യൂണിറ്റിയുമായി ചേർന്ന് "ബുരാരി" ഗ്രാമത്തിലും നടത്തിയ മിഷൻ പ്രവർത്തനങ്ങൾ ഒരു അഭിഷേകംനിറഞ്ഞ അനുഭവമായിരുന്നു.

തങ്ങളെ കാണാനെത്തുന്ന ഒരു മനസ്സിനായി, ഒരു ആശ്വാസ വചനത്തിനായി ഒത്തിരിപ്പേർ കാത്തിരിപ്പുണ്ട് എന്നത് ഞങ്ങളുടെ മനസ്സിനെ തട്ടിയുണർത്തിയ ഒരു ബോധ്യമായിരുന്നു. Home mission, Heart to heart mission ഇവ ഇന്നിന്റെ ആവശ്യമാണെന്നു മനസ്സിലാക്കി പി.ഒ.സി.യിൽ Witness of Mercyയുടെ അടുത്ത കോഴ്സ് 2017 ജൂൺ 19ന് ആരംഭിക്കുന്നു. നമ്മുടെ സഭയുടെ വളർച്ചക്ക് നമുക്കു കൈകോർത്തു മുന്നേറാം.

## മേഖലാ ഡയറക്ടേഴ്സ് - വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മേഖലാതല പ്രവർത്തനങ്ങൾ വിലയിരുത്തുവാനും 2017-18 വർഷത്തെ പ്രധാനപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കുവാനുമായി 2017 ജൂൺ 21ന് വൈകുന്നേരം 5.30 മുതൽ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ചു നടന്ന മേഖലാ ഡയറക്ടേഴ്സ് - വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിൽ 13 ഫൊറോനകളിൽനിന്നും ഡയറക്ടർ അച്ചന്മാരും വൈസ് ഡയറക്ടർ സിസ്റ്റേഴ്സും പങ്കെടുത്തു. അതിരൂപതാ ജനറാൾ മോൺ. ഡോ. ജോസഫ് പാംപ്ലാനി മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി സ്വാഗതം ആശംസിച്ചു. തുടർന്ന് അതിരൂപതാ ഡയറക്ടർ റവ. ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് മാർഗ്ഗരേഖ അവലോകനം നടത്തുകയും മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിക്കുകയും ചെയ്തു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി...

## മേഖലാവാർത്തകൾ

**കുന്നോത്ത് മേഖലാ പ്രവർത്തന വർഷ ഉദ്ഘാടനവും പരിസ്ഥിതി ദിനാചരണവും:-**

2017-18 പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 4 ഞായറാഴ്ച വാണിയപ്പാറ ശാഖയിൽവച്ച് മേഖലാഡയറക്ടർ ഫാ. സേവ്യർ പുത്തൻ പുരയ്ക്കലും ഭാരവാഹികളും ഭദ്രദീപം കൊളുത്തി നിർവഹിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മേഖലാപ്രസിഡന്റ് ജോബി പനച്ചിക്കൽക്കരോട്ട് അധ്യക്ഷത വഹിച്ചു. സജി കുളങ്ങരമുറിയിൽ സ്വാഗതം ചെയ്തു. മേഖലാ വൈസ് ഡയറക്ടർ സി. അനിത എഫ്.സി.സി., ഓർഗനൈസർ ജെയ്സൺ പുളിച്ചമാക്കൽ വാണിയപ്പാറ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ആന്റണി

മേച്ചേരിക്കുന്നേൽ, ശാഖാപ്രസിഡന്റ് അബിൻ മാന്തോട്ടത്തിൽ എന്നിവർ ആശംസകളർപ്പിച്ചു. സെക്രട്ടറി ബിജു പൊട്ടംകുളം എല്ലാവർക്കും നന്ദിപറഞ്ഞു. തുടർന്ന് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കുന്നോത്ത് മേഖലയും വാണിയപ്പാറശാഖയും സംയുക്തമായി മാവിൻതൈനട്ടു.

## മേഖലാമാനേജിംഗ്കമ്മിറ്റിയും മാർഗ്ഗരേഖാപ്രകാശനവും വിജയികളെ ആദരിക്കലും

അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യുപിസ്കൂളിൽവെച്ച് ജൂൺ 10 ശനിയാഴ്ച മേഖലാമാനേജിംഗ് കമ്മിറ്റി ചേർന്നു. തുടർന്ന് അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്ക് ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. അതേതുടർന്ന് നടന്ന പൊതുമീറ്റിംഗിൽ മേഖലാപ്രസിഡന്റ് ജോബിപനച്ചിക്കൽക്കരോട്ട് അധ്യക്ഷത വഹിച്ചു. അങ്ങാടിക്കടവ് വികാരി ഫാ. തോമസ് മുണ്ടമറ്റം മാർഗ്ഗരേഖാപ്രകാശനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബേബിപ്ലാശ്ശേരി, ഓർഗ്ഗനൈസർ ജയ്സൺ മർക്കോസ്, മേഖലാ വൈസ് ഡയക്ടർ സി. അനിത എഫ്സിസി. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**ആലക്കോട് മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും:-**

ആലക്കോട് മേഖലാതല പ്രവർത്തനവർഷ ഉദ്ഘാടനം 2017 ജൂൺ 17 ശനിയാഴ്ച ആലക്കോട് ശാഖയിൽവച്ച് നടന്നു. ഫൊറോന വികാരി റവ. ഫാ. ആന്റണി ആനക്കല്ലിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അതിരൂപതാ ഓർഗനൈസർ ഷിജോ പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മേഖലാ ഡയറക്ടർ ഫാ. മാർട്ടിൻ വരിക്കാനിക്കൽ അനുഗ്രഹപ്രഭാഷണവും ഫാ. മാത്യു നരിക്കുഴി സ്വാഗതവും ആശംസിച്ചു. തുടർന്ന് മാർഗരേഖ പ്രകാശനവും പുതിയ മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

## നെല്ലിക്കാംപൊയിൽ മേഖലാപ്രവർത്തനവർഷ ഉദ്ഘാടനം

നെല്ലിക്കാംപൊയിൽ മേഖലാതല പ്രവർത്തനവർഷ ഉദ്ഘാടനം 2017 ജൂൺ 17 ശനിയാഴ്ച പുറവയൽ ശാഖയിൽവച്ച് നടത്തി. മേഖലാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ എഴുപറയിൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ മോളി ഇല്ലിക്കൽ, മനു പരപരാകത്ത്, ഹെഡ്മാസ്റ്റർ വർക്കി, പള്ളൂരത്തിൽ ഷാജി ചെട്ടിയാശ്ശേരി ജൂനിയർ പ്രസിഡന്റ് ജോസഫ് വടക്കേക്കര എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പുതിയ ഭാരവാഹികളുടെ തിരഞ്ഞെ ടുപ്പിന് അതിരൂപതാ സെക്രട്ടറി സുനിൽ കല്ലിടുക്കിൽ നേതൃത്വം നൽകി. തുടർന്ന് സർക്കാരിന്റെ മദ്യനയത്തിനെതിരെ പ്രതിഷേധ കൂട്ടായ്മ നടത്തി. സപ്തതി വർഷസ്മാരകമായി കുട്ടികളുടെ നേതൃത്വത്തിൽ മാവിൻതൈ നട്ടു.

മതബോധനരംഗത്ത് 12-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടികളെ പുറവയൽ ശാഖാഡയറക്ടർ ഫാ. ജോർജ് കരോട്ട് ആദരിച്ചു.

## ചെറുപുഴ മേഖലാപ്രവർത്തനവർഷ ഉദ്ഘാടനം

ചെറുപുഴ മേഖലാതല പ്രവർത്തനവർഷ ഉദ്ഘാടനം 2017 ജൂൺ 11 ഞായറാഴ്ച ചെറുപുഴ ശാഖയിൽവച്ച് നടത്തി. ഫൊറോന വികാരി ഫാ. ജോർജ് വണ്ടർകുന്നേൽ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അതിരൂപതാ ജോ. സെക്രട്ടറി ഷേർലി പാമ്പനാൽ, ഹെഡ്മാസ്റ്റർ ശ്രീ മാനുവൽ മാപ്പിളപ്പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോമിറ്റ് മഞ്ഞളാംകുന്നേൽ മാർഗ്ഗരേഖാപ്രകാശനം ചെയ്തു. അതിരൂപതാ ഓർഗനൈസർ ഷിജോ പുതുപ്പറമ്പിൽ മേഖലാ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

## മേരിഗിരി മേഖലാപ്രവർത്തനവർഷ ഉദ്ഘാടനം

മേരിഗിരി മേഖലാതല പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 17 ശനിയാഴ്ച പെരിങ്ങാല ശാഖയിൽവച്ച് നടന്നു. മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് വാളിപ്ലാക്കൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. മേഖലാ പ്രസിഡന്റ് ബിജു ചെറുകരക്കുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സും മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും സന്നിഹിതരായിരുന്നു. കൂടാതെ വരുന്ന വർഷത്തേയ്ക്ക് വിവിധ പ്രവർത്തനങ്ങൾക്കായുള്ള സെക്ഷൻ ഓർഗനൈസേഴ്സിനെ തിരഞ്ഞെടുത്തു. സമ്മേളനങ്ങൾ, കമ്മറ്റികൾ, വാർഷികം തുടങ്ങിയ മേഖലകളിൽ ശ്രീ. ബിജു ചെറുകരക്കുന്നേലും അതിരൂപതാ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രീ. സണ്ണി പടിഞ്ഞാറേടത്തും പ്രേഷിത പ്രവർത്തനം ദൈവവിളി എന്നീ മേഖലകളിൽ സി. എയ്ഞ്ചൽ മരിയയും റിപ്പോർട്ട് കണക്ക് തുടങ്ങിയവയ്ക്ക് ശ്രീ. സണ്ണി കപ്പൂരും വിവിധ മത്സരങ്ങൾക്ക് സി. അർപ്പിത എസ്എസ്എസും വ്യക്തിത്വവികസനം സി. റെജീന എഫ്സിസിയും സെക്ഷൻ ഓർഗനൈസേഴ്സായി തിരഞ്ഞെടുക്കപ്പെട്ടു.

## ശാഖാവാർത്തകൾ

വെള്ളരിക്കുണ്ട് ശാഖയിൽ പ്രവർത്തനവർഷ ഉദ്ഘാടനം 2017 ജൂൺ 18 ഞായറാഴ്ച നടന്നു. ഫൊറോന വികാരി ഫാ. ആന്റണി തെക്കേമുറി ഉദ്ഘാടനം കർമ്മം നിർവഹിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി ക്ലാസ്സിന് നേതൃത്വം നല്കി.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെയും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ ഈ മാസം നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിതമാതൃക നമുക്കെന്നും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നുതോടൊപ്പം ദുക്റാന തിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ എല്ലാ കൊച്ചുകൂട്ടുകാർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

## പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം 2017-18 പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും ജൂൺ 3 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽവച്ച് നടന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപത മതബോധന ഡയറക്ടർ ഫാ. ജോർജ് കാഞ്ഞിരക്കാട്ട് മാർഗ്ഗരേഖാ പ്രകാശനകർമ്മം നിർവ്വഹിച്ചു. മിഷൻലീഗ് അതിരൂപതാ പ്രസിഡന്റ് ശ്രീ. ബേബി പ്ലാശ്ശേരി അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ മോൺ ഡോ. ജോസഫ് പാംപ്ലാനി, ഫൊറോന വികാരി ഫാ. അബ്രാഹം പോണാട്ട്, ചെമ്പേരി സൺഡേ സ്കൂൾ പ്രസിഡന്റ് ഷീൻ വേലിക്കകത്ത്, സി. അലീന എസ്.എ.ബി.എസ്. എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. തുടർന്ന് അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത് ഈ വർഷത്തെ മാർഗ്ഗരേഖയോടുകൂടിയ ഈശോയെപ്പോലെ വളരാം... വലുതാകാം... എന്നവർക്ക് ബുക്ക് പരിചയപ്പെടുത്തി സംസാരിച്ചു. പ്രവർത്തനവർഷ ഉദ്ഘാടനപരിപാടികൾ വിജയകരമാക്കാൻ സഹായിച്ച തളിപ്പറമ്പ് ഫൊറോന വികാരി അബ്രാഹം പോണാട്ടച്ചനും കൊച്ചച്ചനും ആനിമേറ്റർ സിസ്റ്ററിനും അതിരൂപതാ കുടുംബത്തിന്റെ പ്രത്യേകം നന്ദി...

## ഈശോയെപ്പോലെ വളരാം... വലുതാകാം...

ഈശോയെപ്പോലെ വളരാം... വലുതാകാം... എന്ന വർക്ക് ബുക്കിന്റെ 3-ാം വാല്യം എല്ലാ കുട്ടികാരുടെയും കൈകളിൽ എത്തിക്കാണുമല്ലോ. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് ഈ വർഷത്തെ പുസ്തകം. ഇനിയും കിട്ടാത്തവർക്ക് എത്രയുംവേഗം എത്തിച്ചുകൊടുക്കുവാൻ ബഹു. ഡയറക്ടർ അച്ചന്മാരും ആനിമേറ്റേഴ്സും സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലൊ? ഈശോയെപ്പോലെ ജ്ഞാനത്തിൽ

വളരാം എന്ന ഒന്നാം അധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ജ്ഞാനത്തിന്റെ അരൂപിയായ പരിശുദ്ധാത്മാവേ എന്നിൽ വന്ന് നിറയണമേ എന്ന സുകൃതം നമുക്ക് ആവർത്തിച്ച് ചൊല്ലി വിശുദ്ധിയിൽ വളരുവാൻ പരിശ്രമിക്കാം.

## നിറം കൊടുക്കാമോ?

പ്രിയ കൂട്ടുകാരേ ഈശോയെപ്പോലെ ജ്ഞാനത്തിൽ വളരാം എന്ന അധ്യായത്തിൽ കൊച്ചുകുട്ടികളെ വാത്സല്യത്തോടെ ചേർത്ത് നിർത്തിയിരിക്കുന്ന ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർ ചെയ്ത് ഏറ്റവും നല്ല 3 എണ്ണം ജൂലൈ 15ന് മുമ്പ് അതിരൂപതയിലേയ്ക്ക് അയച്ചു തരുമല്ലോ. അയയ്ക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

## നിങ്ങൾക്കറിയാമോ?

ഈശോയെപ്പോലെ വളരാം വലുതാകാം എന്ന പുസ്തകത്തിലെ ഒന്നാം അധ്യായത്തിൽ പേജ് 8ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം ജൂലൈ 15ന് മുമ്പ് അതിരൂപതയിലേയ്ക്ക് അയച്ചുതരുമല്ലോ. അയയ്ക്കുന്ന എല്ലാവർക്കും പ്രോത്സാഹനസമ്മാനം ഉണ്ടായിരിക്കും.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസീസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ


## നിർമ്മലഗിരി കംപ്യൂട്ടർ സെന്റർ

നിർമ്മലഗിരി കോളേജിൽ കഴിഞ്ഞ 26 വർഷത്തിലധികമായി നടത്തി വരുന്ന അമേരിക്കൻ കമ്പനികളുടെ അംഗീകാരമുള്ളതും PSC നിയമനങ്ങൾക്ക് യോഗ്യമായ കേരള സർക്കാർ അംഗീകാരമുള്ളതുമായ ഇന്ത്യയിലും വിദേശത്തും ജോലി സാധ്യതയുള്ള വിവിധ കമ്പ്യൂട്ടർ കോഴ്സികളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി 2017 ജൂലൈ 15. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് : **04902 364447, 9446737651**

**ഫാ. പോൾ വള്ളോപ്പിള്ളി**
ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

യുവജനദിനത്തിന്റെ മംഗളങ്ങൾ എല്ലാ യുവജനങ്ങൾക്കും യുവജന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നവർക്കും ഏറെ സ്നേഹത്തോടെ ഞാൻ ആശംസിക്കുന്നു. 1982-ൽ യുവജനപ്രസ്ഥാനം തലശ്ശേരി രൂപതയിൽ ആരംഭിച്ചപ്പോൾ മുതൽ ഈ കാലഘട്ടം വരെ വിചിന്തനം ചെയ്യുമ്പോൾ ക്രിസ്തുവിനും സഭയ്ക്കും, സമൂഹത്തിനുംവേണ്ടി നമ്മുടെ യുവതിയുവാക്കൾ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. വി. ജോൺ പോൾ പാപ്പ റോമിലെ യുവജനങ്ങളോട് ഒരിക്കൽ പറഞ്ഞു: "സ്നേഹമുള്ള യുവജനങ്ങളെ നിങ്ങളെന്തായിരിക്കുന്നുവോ അതിനും, നിങ്ങൾ ക്രിസ്തുവിനും, സഭയ്ക്കും വേണ്ടി എന്തൊക്കെ ചെയ്യുന്നവോ അതിനും നിങ്ങൾക്ക് നന്ദി." യുവജനദിനം ആചരിക്കുമ്പോൾ നമ്മെ എല്ലാവരെയും ചിന്തിപ്പിക്കേണ്ട ഒരു വസ്തുതയാണിത്. യുവജനങ്ങളുടെ കുറവുകളെക്കാൾ അവരുടെ നിറവുകളെ നമ്മൾ തിരിച്ചറിയണം. അവരുടെ കുറ്റങ്ങളോ കുറവുകളോ തേടാതെ, വിമർശനമോ വിവേകമില്ലായ്മയോ വിവരിക്കാതെ, അനുസരണമോ അനുസരണക്കേടോ പരിഗണിക്കാതെ അവരുടെ യുവത്വത്തെ നാം മാനിക്കണം. ഇടവക, ഫൊറോന, രൂപത, സംസ്ഥാനതലങ്ങളിൽ സഭയുടെ പേരിൽ ഇവർ ചെയ്യുന്ന സേവനങ്ങൾ എത്രയോ പ്രാധാന്യമർഹിക്കുന്നതാണ്.

വി. തോമാശ്ലീഹാ പകർന്നുതന്ന വിശ്വാസത്തിൽ അടിയുറച്ച് തങ്ങളുടെ കഴിവും സമയവും ആരോഗ്യവുമെല്ലാം വ്യയം ചെയ്യുമ്പോൾ വേണ്ടത്ര പ്രോത്സാഹനമോ പിന്തുണയോ അംഗികാരമോ കിട്ടാതെ വരുമ്പോൾ പ്രിയപ്പെട്ട യുവജനങ്ങളെ നിരാശരാകരുത്. നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുവാനുള്ള ഒരവസരമായി അതിനെ കാണണം. കൂടാതെ എന്റെ നാമത്തിൽ ഒരു ഗ്ലാസ് പച്ചവെള്ളം കൊടുത്താൽ അത് വൃഥാവിലാകില്ല എന്നു വെളിപ്പെടുത്തിയ യുവാവായ യേശു നൂറിരട്ടിയായി നിങ്ങൾക്ക് തിരികെ നല്കും എന്ന് വിശ്വസിക്കുക. ഈ വിശ്വാസം നിങ്ങൾക്ക് പ്രവൃത്തിക്കുവാൻ കൂടുതൽ ഉത്തേജനം നല്കും. യുവജനങ്ങൾക്കുവേണ്ടി, യുവജനപ്രസ്ഥാനങ്ങൾക്കുവേണ്ടി യുവജന ശുശ്രൂഷയ്ക്കുവേണ്ടി നിരന്തരം നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**യുവജനദിനം:** ജൂലൈ 2 ഞായർ യുവജനദിനമായി നാം ആചരിക്കുന്നു. യുവജനങ്ങ ളുടെ ആത്മീയ ഭൗതിക ഉന്നമനത്തിനായി പ്രാർത്ഥിക്കാനും

സഭയോടും സമൂഹത്തോടുമുള്ള അവരുടെ ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്താനും യുവജന പ്രേഷിതത്വത്തെപ്പറ്റി പരിചിന്തിക്കാനും ഒരു ദിനം നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു. അന്നേദിവസം എല്ലാ യൂണിറ്റുകളിലും ഫൊറോന തലത്തിലും വ്യത്യസ്തപ്രോഗ്രാമുകളോടുകൂടി യുവജനദിനം ആഘോഷിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

മഴയും മാലിന്യങ്ങളുംമൂലം കേരളം പനിക്കുമ്പോൾ യുവജനദിനത്തിൽ നമ്മുടെ സ്ഥലത്തെ പൊതുസ്ഥാപനങ്ങളും പൊതുവഴികളും വൃത്തിയാക്കിക്കൊണ്ട് യുവജനദിനം വ്യത്യസ്ഥമാക്കാൻ എല്ലാ യൂണിറ്റ് ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ യുവജനദിനം

തലശ്ശേരി അതിരൂപതാ യുവജനദിനം വായാട്ടുപറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ കരുവഞ്ചാലിൽവച്ച് ജൂലൈ 9ന് നടത്തപ്പെടുന്നു. എല്ലാ ഫൊറോനകളും സജീവമായി പങ്കെടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## മരീന - 2 K 17

സംസ്ഥാന തീരദേശക്യാമ്പ് മരീന 2 K 17 മെയ് 26,27,28 തീയതികളിലായി കോട്ടപ്പുറം രൂപതയിൽവച്ച് നടത്തപ്പെട്ടു. തീരദേശത്തെ ജനങ്ങളുടെ കഷ്ടതകളെക്കുറിച്ച് അറിയാനും, അവർക്കുവേണ്ടി ശബ്ദമുയർത്താനും, അവരുടെ വിവിധ ആവശ്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും 31 രൂപതകളിലെയും യുവജനങ്ങൾ ഒന്നുചേർന്നു. തലശ്ശേരി അതിരൂപതയിൽനിന്ന് അതിരൂപതാ ഡയറക്ടർ ബഹു. സോണി വടശ്ശേരി അച്ചന്റെ നേതൃത്വത്തിൽ വിവിധ ഫൊറോനകളിൽ നിന്നുമായി 26 യുവജനങ്ങൾ പങ്കെടുത്തു.

## തളിര് - 2017 പരിസ്ഥിതി സഹവാസക്യാമ്പ്

ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് തലശ്ശേരി അതിരൂപതാതല പ്രകൃതി പഠനക്യാമ്പ് തളിര് - 2017 ജൂൺ 2,3,4 തീയതികളിൽ ചെമ്പേരി ഫൊറോനയുടെ ആതിഥേയത്വത്തിൽ കനകക്കുന്ന് കരുണാമയൻ ഇടവകയിൽവച്ച് നടത്തി. വിവിധ ഫൊറോനകളിൽനിന്നുമായി 60-ഓളം യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പ് കുടിയാന്മല പള്ളി വികാരി ഫാ. ലാസർ വരമ്പത്ത് ഉദ്ഘാടനം ചെയ്തു. മഴക്കുഴികൾ കുഴിച്ചും, മരതൈകൾ നട്ടും, കിണർ റീ ചാർജ്ജ് ചെയ്തും പരിസരങ്ങൾ വൃത്തിയാക്കിയും വളരെ വ്യത്യസ്ഥമായ രീതിയിലായിരുന്നു പ്രകൃതി സഹവാസ ക്യാമ്പ്. അതിരൂപതാഡയറക്ടർ ബഹു. സോണിയച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങളുടെ സർഗ്ഗാത്മകകഴിവുകൾ വർദ്ധിക്കത്തക്ക വിധത്തിൽ

മനോഹരമായ ആക്റ്റിവിറ്റികളും കൾച്ചർ പ്രോഗ്രാമും നടത്തി. ജീവന്റെ മടിത്തട്ടായ പ്രകൃതിയെയും അവളുടെ അടിസ്ഥാനഘടകങ്ങളെയും നശിപ്പിക്കുന്ന നാഗരിക ജനതയുടെ ഇടപെടൽ മനുഷ്യന്റെതന്നെ നിലനിൽപ്പിനെ അപായപ്പെടുത്തുന്ന സാഹചര്യത്തിൽ ഭൂമിയെ അറിയാനും, സ്നേഹിക്കാനും സംരക്ഷിക്കാനും ഉതകുന്നതരത്തിലുള്ള ഒരു യാത്ര യായിരുന്നു പാലക്കയം തട്ടിലേക്ക് നടത്തിയത്. ക്യാമ്പിൽ പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും സർട്ടിഫിക്കറ്റ് നല്കി. പങ്കെടുത്ത എല്ലാ യുവജന ങ്ങൾക്കും, ക്യാമ്പിന്റെ വിജയത്തിന് പൂർണ്ണപിന്തുണ നല്കി വിജയിപ്പിച്ച കനകപ്പള്ളി വികാരി ബഹു. ജിബി അച്ചനും, കെ.സി.വൈ.എം. ഫൊറോന ഡയറക്ടർ വിപിൻ വടക്കേപ്പറമ്പിലച്ചനും ഫൊറോന പ്രസിഡന്റ് ശ്രീ. സുനിൽ, സെക്രട്ടറി ശ്രീ. പ്രിൻസ് മറ്റ് ഫൊറോനാ യൂണിറ്റ് ഭാരവാഹി കൾക്കും ഇതിനായി കഠിനാധ്വാനം ചെയ്ത എല്ലാ നല്ലവരായ ഇടവക ജനങ്ങൾക്കും കനകക്കുന്നിലെ യുവജനങ്ങൾക്കും തലശ്ശേരി അതിരൂപത യുടെ നന്ദി അറിയിക്കുന്നു.

## സംസ്ഥാന അർദ്ധ വാർഷിക സെനറ്റ്

39-ാമത് സംസ്ഥാന അർദ്ധവാർഷിക സെനറ്റ് ജൂൺ 9,10,11 തീയതി കളിലായി കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത യിൽനിന്നും ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ ആനിമേറ്റർ, മറ്റ് സെനറ്റ് അംഗങ്ങളും പങ്കെടുത്തു.

## “ഉത്സവ് – 2016” ട്രോഫി ഏറ്റുവാങ്ങി

2016 ഡിസംബർ 9,10,11 തീയതികളിലായി കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ചുനടന്ന കെസിവൈഎം സംസ്ഥാനകലോത്സവത്തിൽ രണ്ടാംസ്ഥാനം കരസ്ഥ മാക്കിയത് തലശ്ശേരി അതിരൂപതയും, ചങ്ങനാശ്ശേരി രൂപതയുമായിരുന്നു. ആറുമാസത്തിനുശേഷം സംസ്ഥാന സെനറ്റിൽവച്ച് ജൂൺ 11 ന് തലശ്ശേരി അതിരൂപതാ ഡയറക്ടർ ബഹു. സോണി വടശ്ശേരി അച്ചന്റെ നേതൃത്വത്തിൽ അതിരൂപതാ സമിതി ട്രോഫി ഏറ്റുവാങ്ങി. ഉത്സവ് 2016-ൽ പങ്കെടുത്ത എല്ലാ കലാകാരന്മാർക്കും കലാകാരിമാർക്കും ഒരിക്കൽകൂടി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## സ്വാഗതം

തലശ്ശേരി കെസിവൈഎം. എം.എസ്.എം.വൈ.എം. സംഘടനയ്ക്ക് പുത്തൻ ഉണർവ്വും ആത്മീയ പ്രചോദനം നല്കുന്നതിനായി പുതിയതായി സ്ഥാനമേറ്റിരിക്കുന്ന ഫാ. മാത്യു ആനകുത്തിയിൽ (ചെറുപുഴ), ഫാ. വർക്കി തടത്തിമാക്കിൽ (ചെമ്പന്തൊട്ടി), ഫാ. മാത്യു പൊട്ടൻപ്ലാക്കൽ (എടൂർ), ഫാ.

തോമസ് വാളിപ്ലാക്കൽ (മേരിഗിരി), ഫാ. ജോസഫ് കാഞ്ഞിരത്തിങ്കൽ (പൈസക്കരി), ഫാ. സിറിൽ ഒഎഫ്എം (തളിപ്പറമ്പ്), ഫാ. അലക്സ് നിരപ്പേൽ (തോമാപുരം), ഫാ. ജോസഫ് ഇളംപുരയിടം (വായാട്ടുപറമ്പ്) ഫാ. ജോൺ ചെമ്പനാനി (വെള്ളരിക്കുണ്ട്), ഫാ. ജോസഫ് കാനക്കാട്ട് (പനത്തടി) എന്നിവർക്ക് അതിരൂപത കെസിവൈഎം കുടുംബത്തിലേക്ക് സ്നേഹോഷ്മളമായ സ്വാഗതം.

## ഫൊറോന ഡയറക്ടേഴ്സ് – ആനിമേറ്റേഴ്സ് മീറ്റ്

കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്താനും പുതിയ വർഷത്തിലെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശത്തിനുമായി ജൂൺ 24–ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10 മണി മുതൽ 2 മണിവരെ ബഹു. ഫൊറോന ഡയറക്ടർമാരുടെയും ആനിമേറ്റേഴ്സിന്റെയും ഒരു സമ്മേളനം നടത്തപ്പെട്ടു. മോൺ. ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്ത മീറ്റിംങ്ങിൽ 35 പേർ പങ്കെടുത്തു. ഈ സമ്മേളനത്തിന് സൗകര്യമൊരുക്കിത്തന്ന തളിപ്പറമ്പ് ഫൊറോന വികാരി ബഹു. അബ്രാഹം പോണാട്ടച്ചനും അസി. വികാരി ബഹു. ജോസഫ് റാത്തപ്പള്ളിയച്ചനും പങ്കെടുത്ത എല്ല ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

മീറ്റിംങ്ങിൽ ചർച്ച ചെയ്തതുപോലെ താഴെപ്പറയുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട യുവജനങ്ങളുടെ ചോദ്യങ്ങൾ ഓരോ ഇടവകയിൽനിന്നും സമാഹരിച്ച് ഫൊറോന ഡയറക്ടർ അച്ചന്മാരെ ഏൽപ്പിക്കണം. ജൂലൈ 15–നുള്ളിൽ തലശ്ശേരി കെ.സി.വൈ.എം. ഓഫീസിൽ എത്തിക്കുകയോ kcymthalassery@gmail.com ലേക്ക് മെയിൽ അയയ്ക്കുകയോ ചെയ്യണമെന്ന് അറിയിക്കുന്നു.

**വിഷയങ്ങൾ**

അന്ധവിശ്വാസം, ദൈവവിശ്വാസം, പരി. ത്രിത്വം, പരിശുദ്ധാത്മാവ്, സഭാത്മകം, കൂദാശകൾ, ബൈബിൾ, മരണനാനന്തര ജീവിതം, വിവാഹം, ജനനനിയന്ത്രണ മാർഗ്ഗങ്ങൾ, മനുഷ്യാവകാശങ്ങൾ, ക്ലോണിങ്ങ്, വിശുദ്ധരോടുള്ള വണക്കം, രാഷ്ട്രീയം, സഭാചരിത്രം, വിശ്വാസവും ശാസ്ത്രവും (പരിണാമസിദ്ധാന്തം) പരിശുദ്ധ അമ്മ, വാരഫലം മുഹൂർത്തം, പ്രണയം etc...

## മൈഗ്രന്റ് ഫോം

തലശ്ശേരി അതിരൂപതയ്ക്ക് പുറത്തു താമസിക്കുന്ന 15നും 35നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾ മൈഗ്രന്റ് ഫോം പൂരിപ്പിച്ചു നല്കണമെന്ന് അഭിവന്ദ്യ പിതാവ് സർക്കുലർ മുഖേന അറിയിച്ചിരുന്നല്ലോ. നമ്മുടെ

അതിരൂപതയിൽ മൈഗ്രന്റ് ഫോം ഓൺലൈൻ ആയിട്ടാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇത് തികച്ചും സൗജന്യമാണ്. www.smymthalassery.org എന്ന വെബ്സൈറ്റിൽ ജൂലൈ 15ന് മൈഗ്രന്റ് ഫോം ലഭ്യമാകുന്നതാണ്. ഇത് പൂരിപ്പിച്ച് പ്രിന്റെടുത്ത് വികാരിയച്ചന്റെ ഒപ്പോടുകൂടി യുവജനങ്ങൾ പോകുന്ന പ്രദേശത്തെ കത്തോലിക്കാ ദൈവാലയത്തിൽ ഏൽപ്പിക്കേണ്ടതും അവിടുത്തെ വാസം പൂർത്തിയാക്കി തിരികെ വരുമ്പോൾ ഇടവകവികാരി യുടെ കത്തുവാങ്ങി സ്വന്തം ഇടവകയിൽ ഏല്പിക്കേണ്ടതു മാണ്. രജിസ്റ്റർ ചെയ്യുന്ന ഓരോ വ്യക്തിക്കും unique ID നമ്പറും password ഉം ലഭിക്കുന്നതാണ്. മൈഗ്രന്റ് ഫോമുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് യുവജന ഡയറക്ടർ ഫാ. സോണി വടശ്ശേരിയെ കൊണ്ടാക്ട് ചെയ്യാവുന്ന താണ്. ഫോൺ: 8547227325.

## വി. തോമസ്മൂർ അനുസ്മരണം

കെസിവൈഎമ്മിന്റെ സ്വർഗ്ഗീയ മധ്യസ്ഥൻ വി. തോമസ്മൂറിന്റെ അനുസ്മരണം ഉളിക്കൽ ഉണ്ണിമിശിഹാ ദൈവാലയത്തിൽവച്ച് ജൂൺ 25 ഞായറാഴ്ച 7.30ന് തലശ്ശേരി അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയോടെ ആരംഭിച്ചു. അതിരൂപതാ പ്രസിഡന്റ് ശ്രീ. എബിൻ കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അങ്കമാലി നിയോജക മണ്ഡലം എംഎൽഎ ശ്രീ. റോജി എം. ജോൺ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ ആമുഖപ്രഭാഷണം നടത്തി. ഐസിവൈഎം പ്രസിഡന്റ് ശ്രീ. സിജോ അമ്പാട്ട്, ഉണ്ണിമിശിഹാ പള്ളി വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, നെല്ലിക്കാംപൊയിൽ മേഖല ഡയറക്ടർ ഫാ. ജോബി ചെരുവിൽ, മറ്റ് ഭാരവാഹികളും ആശംസകളർപ്പിച്ചു. മാറുന്ന ഡിജിറ്റൽ യുഗത്തിൽ ക്രിസ്തുവിന്റെ മുഖം എങ്ങനെ വ്യത്യസ്ഥമായി വരച്ചു കാണിക്കാം (Jesus in Blue Jeans) ആനിമേഷൻ പ്രോഗ്രാമിന് അതിരൂപതാ ഇന്റർനെറ്റ് മിഷൻ ഡയറക്ടർ റവ. ഫാ. ഡയസ് തുരുത്തിപ്പള്ളിൽ നേതൃത്വം നല്കി. വിവിധ ഫൊറോനകളിൽനിന്നുമായി 250 തോളം യുവജനങ്ങൾ പങ്കെടുത്ത യോഗം 1.30 pmന് സമാപിച്ചു. തോമസ്മൂർ അനുസ്മരണം ഏറ്റവും ഭംഗിയാക്കാൻ സന്മനസു കാണിച്ച നെല്ലിക്കാംപൊയിൽ ഫൊറോന ഡയറക്ടർ ഫാ. ജോബി ചെരുവിലിനും സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന് സ്വീകരിച്ച ഉളിക്കൽ ഉണ്ണിമിശിഹാ പള്ളി വികാരി ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ടിനും നെല്ലിക്കാംപൊയിൽ മേഖലാ പ്രസിഡന്റ് ശ്രീ. ആൻവിനും, സമിതിക്കും ഉളിക്കൽ യൂണിറ്റ് പ്രസിഡന്റ് ജിബിൻ കാനാട്ടിനും സമിതിക്കും സഹകരിച്ചതും പങ്കെടുത്തതുമായ യുവജനസുഹൃത്തുക്കൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ആലക്കോട് മേഖലാ യുവജനസംഗമം

**അദിനാൻസാ ജോവാനി-17**

ആലക്കോട് : ഫൊറോന കെ.സി.വൈ.എം. മേഖലയിലെ 13 യൂണിറ്റുകളിൽനിന്നുള്ള യുവജനങ്ങളുടെ സംഗമം അദുനാൻസാ ജോവാനി 17 ആലക്കോട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ 2017 മെയ് 14 ഞായറാഴ്ച രാവിലെ 9.30 മുതൽ സംഘടിപ്പിച്ചു. യുവജന സംഗമത്തിന് ആരംഭം കുറിച്ച് പുതിയ അതിരൂപത ഡയറക്ടറായി നിയമിതനായി ഫാ. സോണി വടശ്ശേരിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി. മേഖല പ്രസിഡന്റ് ശ്രീ. സുനിൽ ചെന്നിക്കര പതാക ഉയർത്തി ആരംഭിച്ച സമ്മേളനം ഫൊറോന വികാരി ഫാ. ആന്റണി ആനക്കല്ലിൽ ഉദ്ഘാടനം ചെയ്തു. മേഖലാ ഡയറക്ടർ ഫാ. ജോയ് മഠത്തിമ്യാലിൽ ആമുഖപ്രഭാഷണം നടത്തിയ മീറ്റിംഗിൽ അതിരൂപത ഡയറക്ടറേയും അതിരൂപത പ്രസിഡന്റ് ശ്രീ. എബിൻ കുമ്പുക്കൽ, അതിരൂപത ജന. സെക്രട്ടറി ശ്രീ. ജോബിൻ ബാബുവിന്റെ സ്വീകരണം നല്കി. 20 വർഷക്കാലത്തിലധികം സംഘടനയോട് ചേർന്ന് പ്രവർത്തിച്ച് ശ്രീ. സുനിൽ ചെന്നിക്കരയെ മേഖലാ ഡയറക്ടർ പൊന്നാടയണിയിച്ച് ആദരിച്ചു. ഫൊറോന വികാരി ഉപഹാരം സമർപ്പിച്ചു. ശ്രീ. ഷിജോ നിലയ്ക്കപ്പള്ളിയുടെ നേതൃത്വത്തിലുള്ള പുതിയ മേഖലാ സമിതിക്കുള്ള അധികാര കൈമാറ്റവും ശ്രീ. ജോസ് തയ്യിൽ നയിച്ച ക്ലാസ്സും യുവജനസമ്മേളനത്തിന് മാറ്റുകൂട്ടി. 2.30 മണിക്ക് സ്നേഹ വിരുന്നോടുകൂടി സമ്മേളനം സമാപിച്ചു.

*"പ്രിയ യുവജനങ്ങളെ... നിങ്ങൾ സഭയുടെയും മനുഷ്യവംശത്തിന്റെയും വെറും ഭാവിവാഗ്ദാനങ്ങൾ മാത്രമല്ല, നേരെമറിച്ച് നിങ്ങൾ ഇപ്പോഴത്തെ യുവജനങ്ങളാണ്. ക്രിസ്തുവിന്റെ യുവത്വം തുടിക്കുന്ന മുഖമാണ് നിങ്ങൾ. യേശു ക്രിസ്തുവിന്റെ മുഖം ലോകത്തിന് വെളിപ്പെടുത്തുവാൻ യുവത്വമുള്ളവരായി ഇന്ന് സഭയ്ക്ക് നിങ്ങളെ ആവശ്യമുണ്ട്".*

(ബനഡിക്ട് പതിനാറാമൻ പാപ്പ)

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ വടശ്ശേരിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമാണല്ലോ കുടുംബം. ഭാര്യാ ഭർത്താക്കൻമാരും മാതാപിതാക്കളും മക്കളും സഹോദരീ സഹോദരൻമാരും സ്നേഹത്തിൽ കൂട്ടായ്മയായി ജീവിക്കുന്ന കെട്ടുറപ്പുള്ള കുടുംബങ്ങളാണ് സഭയെ വളർത്തുന്നത്. കുടുംബങ്ങളിൽ ഇന്ന് ഉണ്ടായി കൊണ്ടിരിക്കുന്ന വിള്ളലുകൾ കണ്ടെത്തി അതിന്റെ കാരണങ്ങൾ തിരിച്ചറിഞ്ഞ് അവയ്ക്ക് പരിഹാരം കണ്ടെത്തുവാൻ കൂട്ടായ പരിശ്രമം അത്യന്താപേക്ഷിതമാണ്. ദൈവജനത്തിന്റെ നന്മ ലക്ഷ്യമാക്കിയുള്ള കുടുംബ പ്രേഷിത പ്രവർത്തനങ്ങൾക്ക് നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പ്രോത്സാഹനങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. തലശ്ശേരി അതിരൂപതയിലെ എല്ലാ കുടുംബങ്ങളുടെയും സമഗ്രമായ വളർച്ചയും സന്തോഷം നിറഞ്ഞ വിശ്വാസജീവിതവും ലക്ഷ്യംവച്ചുകൊണ്ട് നമുക്ക് ഒരുമിച്ച് ദൈവകൃപയിലാശ്രയംവച്ചുകൊണ്ട് മുന്നേറാം.

## നന്ദിയുടെ നറുമലരുകൾ



കഴിഞ്ഞ 5 വർഷക്കാലം തലശ്ശേരി അതിരൂപതാ കുടുംബപ്രേഷിത പ്രവർത്തനങ്ങൾക്ക് സ്തുത്യർഹമായ നേതൃത്വം നൽകിയ പെരിയ ബഹുമാനപ്പെട്ട അബ്രാഹം പുതുശ്ശേരി അച്ചൻ, ബളാൽ ഇടവക വികാരിയായി സ്ഥാനമേറ്റെടുത്തിരിക്കുന്നു. അച്ചൻ ഡയറക്ടറായിരുന്ന കാലഘട്ടം കുടുംബ പ്രേഷിത പ്രവർത്തനങ്ങളുടെ വസന്തകാലമായിരുന്നു. എം.ജി.സി. വിവാഹ ഒരുക്ക സെമിനാറുകൾ, മാതൃവേദി, അനുഗ്രഹമാരി മാട്രിമോണിയൽ, അമല പ്രോ-ലൈഫ്, മരിയൻ സിംഗിൾസ്, പിതൃവേദി, വിവാഹസഹായ നിധി, ഫാമിലി കൗൺസിലിംഗ്, ജ്വാല, ജീവോത്സവം, മാതൃസംഗമം എന്നീ പ്രവർത്തനങ്ങളിലൂടെ കുടുംബങ്ങളുടെയും ഓരോ കുടുംബാംഗങ്ങളുടെയും നന്മയും വളർച്ചയും ലക്ഷ്യമാക്കി അച്ചൻ കഠിനാധ്വാനം ചെയ്തു. വെല്ലുവിളികളെ ധീരതയോടെ നേരിട്ട്, ദൈവകൃപയിലാശ്രയം വച്ച്, എല്ലാവരെയും കോർത്തിണക്കി നിസ്തുലമായ നേതൃത്വം നൽകാൻ അച്ചന് സാധിച്ചു. അച്ചന്റെ എല്ലാ സേവനങ്ങളെയും നന്ദിയോടെ സ്മരിച്ച്, എറ്റെടുത്തിരിക്കുന്ന പുതിയ സേവന മേഖലയിൽ എല്ലാ വിജയങ്ങളും നേർന്ന്, തുടർന്നും ഞങ്ങൾക്ക് മാർഗ്ഗദർശിയായി കൂടെയുണ്ടാകും എന്ന ശുഭപ്രതീക്ഷയോടെ ഹൃദയപൂർവ്വം നന്ദിയുടെ ഒരായിയം നറുമലരുകൾ അർപ്പിക്കുന്നു.

## എം.ജി.സി 2017

792,793,794 എന്നീ എം.ജി.സി കോഴ്സുകൾ മെയ് 16-18, 23-25 ജൂൺ 13-15 എന്നീ തീയ്യതികളിൽ പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുകയുണ്ടായി. മൂന്ന് കോഴ്സുകളിലായി 196 ആൺകുട്ടികളും 184 പെൺകുട്ടികളും ഉൾപ്പെടെ ആകെ 380 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി.

## എം.ജി.സി പേരന്റ്സ് മീറ്റ്

പടന്നക്കാട് ഗുഡ് ഷെപ്പേർഡ് പാസ്റ്ററൽ സെന്ററിൽവച്ച് മെയ് 18, 25, ജൂൺ 15 തീയതികളിൽ എംജിസി 792, 793, 794 എന്നീ കോഴ്സുകളിൽ സംബന്ധിക്കുന്നവരുടെ മാതാപിതാക്കൾക്ക് ക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറായിരുന്ന ഫാ. അബ്രാഹം പുതുശ്ശേരി ക്ലാസ്സ് നയിച്ചു.

# MGC - 2017

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| JULY | 4 - 6 | Nil | 25 - 27 |
| AUGUST | 8 - 10 | Nil | 22 - 24 |
| SEPTEMBER | Nil | 12 - 14 | 26 - 28 |
| OCTOBER | 10 - 12 | Nil | 24 - 26 |
| NOVEMBER | 7 - 9 | 14 - 16 | 28 - 30 |
| DECEMBER | 19 - 21 | 5 - 7 | 12 - 14 |

### പ്രത്യേക ശ്രദ്ധയ്ക്ക്:-

**1.** കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.ജി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. മുൻകൂട്ടി പണം അടക്കേണ്ട ആവശ്യമില്ല.

## എം.ജി.സി ബുക്ക് ചെയ്യേണ്ട വിധം

**www.familytly.com** എന്ന വെബ്സൈറ്റ് തുറക്കുക.

എം.ജി.സി. രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

കോഴ്സ് ബുക്ക് ചെയ്യേണ്ട ആളിന്റെ മുഴുവൻ ബയോഡാറ്റ ഫിൽ ചെയ്യുക.

പേജിന്റെ താഴെ കാണുന്ന സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക.

അപ്പോൾ കിട്ടുന്ന പേജിന്റെ പ്രിന്റൗട്ട് എടുത്ത് വികാരിയച്ചന്റെ സീലും ഒപ്പുംവെച്ച് കോഴ്സിന് വരുമ്പോൾ കൊണ്ടുവരിക.

കുടാതെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും 900 രൂപ കോഴ്സ് ഫീസും കൊണ്ടുവരിക.

അഡ്വാൻസ് പേയ്മെന്റ് ആവശ്യമില്ല.

സെന്ററുകളിൽ പോയി ബുക്ക് ചെയ്യുന്നത് ഇനിമുതൽ പ്രോത്സാഹിപ്പിക്കേണ്ടതില്ലല്ലോ. വെബ്സൈറ്റിൽ കിട്ടുന്ന ഡാറ്റ സർട്ടിഫിക്കേറ്റ് തയ്യാറാക്കാൻ വളരെ സഹായകരമാണ്. സഹകരിക്കണേ.

For details please contact : Ph: 0490 2343414, Mob:9400206974

## നന്ദി

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ചെമ്പന്തൊട്ടി, എടൂർ, കുന്നോത്ത്, കാഞ്ഞങ്ങാട്, മേരിഗിരി, നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, തോമാപുരം, വെള്ളരിക്കുണ്ട് എന്നീ മേഖലകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിപോകുന്ന മേഖല ഡയറക്ടർമാരായിരുന്ന ബഹു. ഫാ ജോസഫ് പന്തലാടിക്കൽ, ഫാ. നോബിൾ ഓണംകുളം ഫാ. മാത്യു പരവരാകത്ത്, ഫാ. ജേക്കബ് കരോട്ട്, ഫാ. മാത്യു പയ്യനാട്ട്, ഫാ. മാത്യു തട്ടാപറമ്പിൽ, ഫാ. ജോസഫ് പൂവത്തോലിൽ, ഫാ. ജോൺ മുല്ലക്കര, ഫാ. തോമസ് നൂറമ്മാക്കൽ എന്നിവർക്കും, അതോടൊപ്പം ആനിമേറ്റർമാരായി പ്രവർത്തിച്ച എല്ലാ സിസ്റ്റേഴ്സിനും ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ പേരിലുള്ള നന്ദി സ്നേഹപൂർവ്വം നേരുന്നു.

## സ്വാഗതം

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ചെമ്പന്തൊട്ടി, എടൂർ, കുന്നോത്ത്, കാഞ്ഞങ്ങാട്, മേരിഗിരി, നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, തോമാപുരം, വെള്ളരിക്കുണ്ട് എന്നീ മേഖലകളിൽ പുതിയ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ബഹു. ഫാ. ജേക്കബ് കുറ്റികാട്ടുകുന്നേൽ, ഫാ. ജോസഫ് വാരണത്ത്, ഫാ. ജേക്കബ് കരോട്ട്, ഫാ. സ്കറിയ ചക്കനാനിക്കൽ, ഫാ. ജോർജ് കളപ്പുര, ഫാ. ജോസഫ് തൈകുന്നുംപുറം, ഫാ. ജോസഫ് കാവനാടി, ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. ജോസഫ് കൊളുത്താപള്ളി എന്നിവർക്കും ആനിമേറ്റർ സ്ഥാനത്തേക്ക് കടന്നുവന്നിരിക്കുന്ന എല്ലാ സിസ്റ്റേഴ്സിനും ഫാമിലി അപ്പസ്റ്റൊലേറ്റിന്റെ പേരിലുള്ള സ്വാഗതം ഹൃദ്യമായി നേരുന്നു.

## ഫാമിലി അപ്പസ്റ്റോലേറ്റ് മേഖലാ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ്

| മേഖല | ഡയറക്ടർ | ആനിമേറ്റർ |
|---|---|---|
| ആലക്കോട് | ഫാ. ജോസഫ് കീച്ചങ്കേരിയിൽ | സി. അനുപമ എസ്.ഡി. |
| ചെമ്പന്തൊട്ടി | ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ | തിരഞ്ഞെടുത്തിട്ടില്ല |
| ചെമ്പേരി | ഫാ. ജോസഫ് കോയിപ്പുറം | സി. ലിറ്റിൽ ഫ്ളവർ NS |
| ചെറുപുഴ | ഫാ. ഫ്രാൻസിസ് റാത്തപ്പിള്ളി | തിരഞ്ഞെടുത്തിട്ടില്ല |
| എടൂർ | ഫാ. ജോസഫ് വാരണത്ത് | സി. ഡയാന എൻ.എസ്. |
| കാഞ്ഞങ്ങാട് | ഫാ. സ്കറിയ ചക്കനാനിക്കൽ | സി. ജോസി എസ്.ഡി. |
| കുന്നോത്ത് | ഫാ. ജേക്കബ് കരോട്ട് | സി. ഫിൽസി SABS |
| മേരിഗിരി | ഫാ. ജോർജ് കളപ്പുര | സി. ഷീന SSS |
| നെല്ലിക്കാംപൊയിൽ | ഫാ. ജോസഫ് തൈക്കുന്നുംപുറം | സി. ബെൻസി CMC |
| പൈസക്കരി | ഫാ. പീറ്റർ കൊച്ചുവീട്ടിൽ | സി. റാണി എ.ഒ. |
| പനത്തടി | ഫാ. മാത്യു വളവനാൽ | സി. ജെയ്ൻ MSMI |
| പേരാവൂർ | ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ | സി. ആൻസി കുര്യൻ |
| തളിപ്പറമ്പ് | ഫാ. ജോസഫ് കാവനാടി | സി. റിൻസി ജോർജ് SH |
| തോമാപുരം | ഫാ. ചാക്കോ കുടിപ്പറമ്പിൽ | സി. അനീറ്റ എസ്.എം.എ. |
| വായാട്ടുപറമ്പ് | ഫാ. ജോർജ് പുളിക്കൽ | സി. ലിസ്ന എസ്.എച്ച്. |
| വെള്ളരിക്കുണ്ട് | ഫാ. ജോസഫ് കൊളുത്താപ്പള്ളി | സി. ലീന സെബാസ്റ്റ്യൻ SH |

സ്നേഹപൂർവ്വം

**ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

## ഡെറിക് ജോസഫിന് അഭിനന്ദനങ്ങൾ!!!



അഖിലേന്ത്യാ നീറ്റ് പരീക്ഷയിൽ 6-ാം റാങ്ക് കരസ്ഥമാക്കിയ മാടത്തിൽ ഇടവകാംഗമായ ഡെറിക് ജോസഫിന് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ. മാമ്മൂട്ടിൽ സണ്ണിയുടെയും ലിലിയയുടെയും മകനാണ് ഡെറിക്.

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## വിന്നേഴ്സ് ഡേ

ചെമ്പേരി, ചെറുപുഴ, ഇരിട്ടി എന്നീ മേഖലകളിലായി മെയ് 25,26,27 തീയതികളിൽ എസ്.എസ്.എൽ.സി., ഹയർസെക്കണ്ടറി വിജയികളെ അനുമോദിച്ചു.

**ചെമ്പേരി:** വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ ചെമ്പേരി റീജിയണിലെ വിജയികളെ അനുമോദിക്കാനായി വിന്നേഴ്സ് ഡേ ആഘോഷം സംഘടിപ്പിച്ചു. കോർപ്പറേറ്റ് മാനേജർ അധ്യക്ഷത വഹിച്ചു. എഞ്ചിനീയറിംഗ് കോളേജ് ചെയർമാൻ റവ. ഫാ. തോമസ് മേൽവെട്ടം സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ശ്രീ. മാത്യു ജോസഫ് പ്രിൻസിപ്പൾ നിർമ്മല എച്ച്.എസ്.എസ് ചെമ്പേരി, ശ്രീ. സജീവ് സി.സി. എന്നിവർ പ്രസംഗിച്ചു. ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ശ്രീ. ഒ. മാത്യു പ്രിൻസിപ്പൾ പേരാവൂർ എച്ച്.എസ്.എസ്. സ്വാഗതവും ശ്രീമതി വത്സമ്മ ജോസ് എച്ച്.എം. നിർമ്മല എച്ച്.എസ്. ചെമ്പേരി നന്ദിയും അർപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**ചെറുപുഴ:** സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ നടത്തിയ വിജയോത്സവത്തിൽ ചെറുപുഴ ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. അബ്രഹാം പോണാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ചെറുപുഴ ഹൈസ്ക്കൂൾ പി.ടി.എ. പ്രസിഡന്റ് ശ്രീ. സാജു പുത്തൻപുര, ഇടവക കോർഡിനേറ്റർ ശ്രീ. ജോയി മൂങ്ങാമാക്കൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ചെറുപുഴ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. കെ.എം തോമസ് സാർ നന്ദി അർപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**ഇരിട്ടി:** ഇരിട്ടി സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ നടത്തിയ വിജയോത്സവത്തിൽ കോർപ്പറേറ്റ് മാനേജർ അധ്യക്ഷത വഹിച്ചു. പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഇരിട്ടി ഇടവക വികാരി റവ. ഫാ. ജോസഫ് മഞ്ചപ്പള്ളി ആശംസകൾ നേർന്നു. വിദ്യാർത്ഥി പ്രതിനിധികളായ സാന്ദ്ര മരിയ ജോസഫ്, ഷജിൽ കെ. ജോഷി എന്നിവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. സമ്മേളനത്തിൽ ശ്രീ. എം.റ്റി. ജയിംസ് പ്രിൻസിപ്പൾ എടൂർ എച്ച്.എസ്.എസ്. സ്വാഗതവും ശ്രീ. മാത്യു ജോസഫ് ഹെഡ്മാസ്റ്റർ കല്ലുവയൽ എൽ.പി. നന്ദിയും അർപ്പിച്ചു. വിജയികൾക്ക് ഉപഹാരങ്ങൾ നൽകി. വിന്നേഴ്സ് ഡേ ഏറ്റവും ഭംഗിയാക്കാൻ അധ്വാനിച്ച ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികളെയും ഓരോ

സെന്ററിന്റെയും ചാർജു വഹിച്ച ശ്രീ. സജീവ് സി.സി., ശ്രീ. തോമസ് കെ.എം., ശ്രീ. ജയിംസ് എം.റ്റി. എന്നിവരെയും ഇവരോട് സഹകരിച്ച എല്ലാ പ്രിൻസിപ്പൾ, ഹെഡ്മാസ്റ്റർ, സ്റ്റാഫ് പി.ടി.എ. ഭാരവാഹികൾ, വിദ്യാർത്ഥികൾ, സമ്മേളനം ഭംഗിയാക്കാൻ കലാപരിപാടികൾ അവതരിപ്പിച്ച വിദ്യാർത്ഥികൾ എന്നിവരെയെല്ലാം ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

വിന്നേഴ്സ് ഡേയുടെ വിജയത്തിനായി പ്രോഗ്രാമുകൾ തയ്യാറാക്കുകയും സമ്മാനങ്ങളും ട്രോഫികളും തയ്യാറാക്കി നൽകുകയും ചെയ്ത ശ്രീ. ബെന്നി പുത്തൻനട സാറിനെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വിന്നേഴ്സ്ഡേയോടനുബന്ധിച്ച് അറിവ് പൊതുവിജ്ഞാന പരീക്ഷയിൽ ആദ്യത്തെ പത്ത് റാങ്കു നേടിയ കുട്ടികളുടെ സമ്മേളനവും നടന്നു. കുട്ടികളെ ഓരോ സെന്ററിലും എത്തിച്ച അധ്യാപകരെയും മാതാപിതാക്കളെയും നന്ദിയോടെ അനുസ്മരിക്കുന്നു.

## തസ്തിക നിർണ്ണയം

2017-2018 അധ്യയന വർഷം തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കി. മുൻകാല ഉത്തരവുകളിൽ നിന്ന് വ്യത്യസ്തമായി തസ്തിക നിർണ്ണയത്തിന് വ്യക്തതയുണ്ടെന്നുള്ളത് സ്വാഗതാർഹമാണ്.

വിദ്യാഭ്യാസ അവകാശ നിയമം 2009 പ്രകാരം പുതിയ വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിലാണ് 2017-2018 വർഷം തസ്തിക നിർണ്ണയം നടത്തേണ്ടത്. വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തെ കുറിച്ച് കൊടുത്തിരിക്കുന്ന വിശദാംശങ്ങൾ ഉത്തരവിൽ നിന്ന് കൃത്യമായി എല്ലാ പ്രധാനദ്ധ്യാപകരും പഠിക്കണം.

തസ്തിക നിർണ്ണയത്തിനുള്ള സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നത് പുതിയ ഉത്തരവിലെ (H (2))/ 34017/2017/ DPI dt. 20/06/17 നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം.

എൽ പി സ്കൂളുകളിൽ 150 ൽ കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ പ്രഥമാദ്ധ്യാപകരെ ക്ലാസ് ചുമതലയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഒരു അധിക എൽ പി എസ് എ തസ്തിക അപേക്ഷയിൽ ഉൾപ്പെടുത്തണം. യു പി സ്കൂളുകളിൽ 100 കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ഒരു യു പി എസ് എ തസ്തികയ്ക്കു വേണ്ടിയുള്ള അപേക്ഷ സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തണം.

അഡീഷണൽ ഡിവിഷനുകൾക്ക് അപേക്ഷിക്കുമ്പോൾ ഫിറ്റ്നസ് ലഭിക്കാതെ അഡീഷണൽ തസ്തികകൾ എടുത്താൽ നിയമനാംഗീകാരം ലഭിക്കില്ല.

വ്യാജ അഡ്മിഷനുകൾ യാതൊരു കാരണവശാലും നമ്മുടെ വിദ്യാലയങ്ങളിൽ ഉണ്ടാകരുത്. പ്രധാനദ്ധ്യാപകർ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. 6–ാം പ്രവൃത്തി ദിവസം അഡ്മിഷനെടുത്ത കുട്ടികളെ അടിസ്ഥാനമാക്കിയാണ് തസ്തിക നിർണ്ണയം നടത്തുന്നത്. നമ്മുടെ വിദ്യാലയങ്ങളെക്കുറിച്ച് ഇക്കാര്യത്തിൽ പരാതി ഉണ്ടാകുന്ന ഒരു സാഹചര്യം ഉണ്ടാകരുത്. 92 സ്കൂളുകളുള്ള ഒരു വലിയ വിദ്യാഭ്യാസ ഏജൻസി എന്ന നിലയിൽ ഓരോ സ്കൂളിലെയും അഡ്മിഷന്റെ വിശദാംശങ്ങൾ പരിശോധിക്കുക പ്രായോഗികമല്ല. പ്രധാനദ്ധ്യാപകർ ഒപ്പിട്ടു തരുന്ന സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസൽ ആണ് ഞാൻ ഓഫീസിലേക്ക് അയക്കുന്നത്. ഏതെങ്കിലും സ്കൂളുകളിൽ വ്യാജ അഡ്മിഷനുകൾ ഉണ്ടെങ്കിൽ അതിന്റെ പൂർണ്ണഉത്തരവാദിത്വം പ്രധാനാദ്ധ്യാപകർക്കായിരിക്കും.

സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസലുകൾ തയ്യാറാക്കാത്തവർ മൂന്നു ദിവസത്തിനുള്ളിൽ തയ്യാറാക്കി ഓഫീസുകളിൽ കൊടുക്കണം. ലോക്കൽ മാനേജർമാർ ഒപ്പിട്ടാൽ മതിയെങ്കിൽ അവരുടെ ഒപ്പോടുകൂടി ഓഫീസുകളിൽ സമർപ്പിക്കുക. കോർപ്പറേറ്റ് മാനേജർ സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസലിൽ ഒപ്പിടമെന്ന് പറയുകയാണെങ്കിൽ മാത്രം മുൻകൂട്ടി അറിയിച്ച് കോർപ്പറേറ്റ് ഓഫീസിൽ കൊണ്ടുവരിക. കോർപ്പറേറ്റ് മാനേജർ ഒപ്പിട്ടതാണെങ്കിൽ സ്റ്റാഫ് ഫിക്സേഷൻ പ്രൊപ്പോസലിന്റെ ഒരു സെറ്റ് കോർപ്പറേറ്റ് ഓഫീസിൽ തരേണ്ടതാണ്.

## മലബാർ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പ്രോഗ്രാം

## മികവ് 2017 – 2018

മലബാർ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ പ്രോഗ്രാം 2017 –18 അധ്യയന വർഷത്തിൽ നടപ്പാക്കുന്ന പൊതുവിജ്ഞാന പരീക്ഷയിലേക്ക് എല്ലാ വിദ്യാർത്ഥികൾക്കും സ്വാഗതം.

കഴിഞ്ഞ അധ്യയന വർഷത്തിലെ വിജയികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ. സമ്മാനങ്ങൾ, സർട്ടിഫിക്കറ്റുകൾ, മെഡലുകൾ തുടങ്ങിയവ ഇതിനകം വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് കരുതുന്നു.

ഈ അധ്യയന വർഷത്തിലെ പൊതുവിജ്ഞാന പഠന പുസ്തകത്തിന്റെ പേര് “മികവ്” എന്നാണ്

- കൂടുതൽ മികവിലേയ്ക്ക് വിദ്യാർത്ഥികളും വിദ്യാലയവും ഉയരണം.
- പൊതുവിജ്ഞാന പഠനത്തിലൂടെ സാമൂഹിക അവബോധം വളരണം.
- മത്സരപരീക്ഷകളിൽ നമ്മുടെ വിദ്യാർത്ഥികൾ ഉന്നതവിജയം നേടണം.
- സിവിൽ സർവ്വീസ് മേഖലയിലേക്ക് പ്രോത്സാഹിപ്പിച്ച് വളർത്തണം.

“മികവ്” എന്ന പേരിലുള്ള പഠന പുസ്തകം ഉടനെ സ്കൂളിലെത്തിക്കും. സ്കൂൾ തലത്തിൽ സമ്മാനങ്ങൾ നൽകുന്നതിനും പാവപ്പെട്ട കുട്ടി

കൾക്ക് സൗജന്യമായി പുസ്തകം ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കണം. സ്കൂൾ കോർഡിനേറ്റർമാരായി നിയമിതരായവർ ആരെങ്കിലും ട്രാൻസ്ഫർ ആയിട്ടുണ്ടെങ്കിൽ ഈ ഉത്തരവാദിത്വം കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നവരെ മാത്രം ഏല്പിക്കുക. ഈ വർഷത്തെ രജിസ്ട്രേഷൻ ജൂൺ 30-ാം തീയതിക്കുമുമ്പായി പൂർത്തിയാക്കണം. ജൂലൈ 8-ാം തീയതി കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ജനറൽ ബോഡി യോഗം തലശ്ശേരി സന്ദേശഭവനിൽ സംഘടിപ്പിക്കുന്നുണ്ട്. അന്നേദിവസം കോർപ്പറേറ്റ് തലത്തിൽ മത്സരിക്കുന്നവരുടെ ലിസ്റ്റ് ഇവിടെനിന്ന് അയക്കുന്ന ഫോർമാറ്റിൽ തയ്യാറാക്കി ഇ-മെയിൽ അയ്ക്കുകയും കോപ്പി കൊണ്ടുവരുകയും ചെയ്യണം.

**സ്കൂൾതലത്തിലുള്ള പരീക്ഷാതീയതികൾ**

| | |
|---|---|
| പാദവാർഷിക പരീക്ഷ | 1 : ഓഗസ്റ്റ് 17 - വ്യാഴം |
| അർധവാർഷിക പരീക്ഷ | 2 : ഒക്ടോബർ 20 - വെള്ളി |
| കോർപ്പറേറ്റ് തല മത്സരപരീക്ഷ | 3 : നവംബർ 17 - വെള്ളി |

ചോദ്യപത്രങ്ങളും ഒ എം ആർ ഷീറ്റുകളും വിവിധ സെന്ററുകളിൽ പരീക്ഷാ തീയതിക്കു രണ്ടു ദിവസം മുമ്പ് വിവിധ സെന്ററുകളിൽ എത്തിക്കുന്നതാണ്. കോർഡിനേറ്റർമാർ വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികൾ സജീവമാക്കണം. പുസ്തകത്തിലെ കൂടാതെ 10% ചോദ്യങ്ങൾ ആനുകാലിക വിഷയങ്ങളെ അടിസ്ഥാനമാക്കി ഉണ്ടായിരിക്കും.

## വിജയികൾക്ക് തുടർപരിശീലനങ്ങൾ

മലബാർ സിവിൽസർവ്വീസ് ഫൗണ്ടേഷൻ പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് നടത്തിയ പൊതുവിജ്ഞാന പരീക്ഷയിൽ (അറിവ്) എല്ലാ ക്ലാസുകളിലെയും ആദ്യ റാങ്കുകാരുടെ സമ്മേളനം സംഘടിപ്പിച്ചു. വിന്നേഴ്സ്ഡേ ആഘോഷങ്ങളോടനുബന്ധിച്ച് ചെറുപുഴ, ചെമ്പേരി, ഇരിട്ടി എന്നിങ്ങനെ മൂന്നു മേഖലകളിലായിട്ടാണ് വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും കൂട്ടായ്മ സംഘടിപ്പിച്ചത്. അവധി ദിവസങ്ങൾ കേന്ദ്രീകരിച്ച് പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

## സദ്ഗമയ പി.ടി. ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം 2017-2018

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി പ്രഭാഷണ മത്സരം സംഘടിപ്പിക്കുന്നു. എല്ലാ വിദ്യാലയങ്ങളിൽനിന്നും പങ്കാളിത്തം ഉറപ്പുവരുത്തണം. എൽ.പി., യു.പി., ഹൈസ്ക്കൂൾ, ഹയർസെക്കണ്ടറി എന്നീ നാല് വിഭാഗങ്ങളായാണ് മത്സരം. സ്കൂൾതല പ്രസംഗ മത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ജൂലൈ 30-ാം തീയതിക്കുമുമ്പായി കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ (corporatetly@gmail.com) ചെയ്യേണ്ടതാണ്. ഒരു സ്കൂളിൽ

നിന്ന് എൽ. പി, യു. പി, എച്ച്. എസ്, എച്ച്. എസ്. എസ്. വിഭാഗങ്ങളിലായി രണ്ട് വിദ്യാർത്ഥികൾക്ക് വീതം മത്സരിക്കാം.രാവിലെ 9.30 മണിക്ക് മത്സരാർത്ഥികൾ സെന്ററിൽ പ്രധാനദ്ധ്യാപകരുടെ സാക്ഷ്യപത്രത്തോടൊപ്പം രജിസ്ട്രേഷൻ നടത്തണം. വൈകിയെത്തുന്നവരെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല. ഒരു വിദ്യാർത്ഥിക്ക് പ്രസംഗസമയം 5 മിനിറ്റായിരിക്കും അനുവദിക്കുന്നത്. 4 മിനിറ്റാകുമ്പോൾ വാണിംഗ്ബെൽ ഉണ്ടാകും. സ്കൂൾ തലത്തിൽ പ്രസംഗമത്സരം നടത്തി വിദ്യാർത്ഥികളെ തെരഞ്ഞെടുക്കണം. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനും എല്ലാ സ്കൂളുകളിൽ പങ്കാളിത്തം ഉറപ്പുവരുത്താനും അദ്ധ്യാപകർ ശ്രദ്ധിക്കണം. കോർപ്പറേറ്റ് തലത്തിൽ നടത്തുന്ന പ്രസംഗ മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഫോട്ടോ റിസൽട്ട് അറിഞ്ഞ ഉടൻ ഇ-മെയിൽ ചെയ്യണം. പ്രസംഗ മത്സരം കഴിഞ്ഞാലുടനെ അവിടെ വച്ചുതന്നെ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്. ആഗസ്റ്റ് 5-ാം തീയതി രാവിലെ 10 മണിക്ക് മേഖലാതലത്തിലാണ് സദ്ഗമയ പി.ടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം സംഘടിപ്പിക്കുന്നത്.

### പ്രസംഗമത്സര വിഷയം

| | |
|---|---|
| എൽ. പി | - വിദ്യാഭ്യാസവും വ്യക്തിത്വവികാസവും |
| യു. പി | - മനുഷ്യജീവന്റെ മൂല്യം |
| എച്ച്. എസ് | - പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത |
| എച്ച്. എസ്. എസ് | - വിദ്യാഭ്യാസം മതസൗഹാർദ്ദത്തിനും മാനവികതയ്ക്കും |

### സെന്ററുകൾ

ഹയർസെക്കണ്ടറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ചെമ്പേരി നിർമ്മല ഹയർസെക്കണ്ടറി സ്കൂളിലാണ് മത്സരം സംഘടിപ്പിക്കുന്നത്.

എൽ. പി, യു. പി, ഹൈസ്ക്കൂൾ എന്നീ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് എടൂർ ഹൈസ്ക്കൂൾ, വായാട്ടുപറമ്പ് ഹൈസ്ക്കൂൾ എന്നീ സെന്ററുകളിലാണ് മത്സരം നടത്തുന്നത്. സ്കൂളിന് അടുത്തുള്ള സെന്റർ മത്സരത്തിനായി തിരഞ്ഞെടുക്കാവുന്നതാണ്.

### കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

കേരളത്തിലെ അധ്യാപക മേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഇടപെടുന്ന കത്തോലിക്കരായ അധ്യാപകരുടെ നേതൃത്വത്തിലുള്ള സംഘടനയാണ് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്. ടീച്ചേഴ്സ് ഗിൽഡിന്റെ തലശ്ശേരി അതിരൂപതാ ഘടകത്തിന്റെ തിരഞ്ഞെടുപ്പ് നടന്നിട്ട് മൂന്നു വർഷം പൂർത്തിയാകുകയാണ്. നിലവിലുള്ള ഭരണസമിതി ഏറ്റെടുത്ത പ്രവർത്തനങ്ങളെല്ലാം നടത്തുന്നതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്.

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

## ബി.ടെക് അഡ്മിഷൻ

ഈ വർഷത്തെ എൻജിനീയറിംഗ് അഡ്മിഷൻ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മാനേജ്മെന്റ് സീറ്റിലേക്കുള്ള അഡ്മിഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നേരത്തേ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് ഇനിയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഗവൺമെന്റ് അലോട്ട്മെന്റ് ലഭിക്കാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യൻ കുട്ടികൾ ഇടവക വികാരിയിൽനിന്നും ലഭിക്കുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഈ വർഷം ഏർപ്പെടുത്തിയിരിക്കുന്ന വിവിധ സ്കോളർഷിപ്പുകളെക്കുറിച്ച് കഴിഞ്ഞ മാസം ബുള്ളറ്റിനിൽ ചേർത്തിരുന്നു. എൻ.ആർ.ഐ അഡ്മിഷൻ ആഗ്രഹിക്കുന്നവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക.

## എം.ടെക് അഡ്മിഷൻ

കൺട്രോൾ & ഇൻസ്ട്രുമെന്റേഷൻ, പവർ ഇലക്ട്രോണിക്സ്, തെർമ്മൽ എൻജിനീയറിംഗ്, കമ്പൂട്ടർ സയൻസ് & എൻജിനീയറിംഗ്, കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് & സിഗ്നൽ പ്രൊസസ്സിംഗ്, സ്ട്രക്ച്ചറൽ എൻജിനീയറിംഗ് & കൺസ്ട്രക്ഷൻ മാനേജ്മെന്റ് എന്നീ 6 ബ്രാഞ്ചുകളിലേയ്ക്കും എം.ടെക്കിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. താല്പര്യമുള്ളവർ ആവശ്യമായ സർട്ടിഫിക്കറ്റ് സഹിതം കോളേജിൽ നേരിട്ട് ഹാജരാവുക.

---

2017 ജൂലൈ 8-ാം തീയതി കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തലശ്ശേരി അതിരൂപതാ ഘടകത്തിന്റെ ജനറൽ ബോഡി യോഗം രാവിലെ 10.00 മുതൽ വൈകുന്നേരം 04.00 മണി വരെ സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ നടക്കുന്നതാണ്. സ്കൂളിലെ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന, ഏൽപിക്കുന്ന എല്ലാ ചുമതലകളും ഭംഗിയായി ചെയ്യുന്ന, സഭാസ്നേഹമുള്ള, കത്തോലിക്കാവിശ്വാസിയായ ഒരാളെ സ്കൂൾ പ്രതിനിധിയായി പ്രസ്തുത യോഗത്തിലേയ്ക്ക്  അയക്കേണ്ടതാണ്. സ്കൂൾ തല തെരഞ്ഞെടുപ്പ് പൂർത്തിയാക്കാത്ത സ്കൂളുകൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേര്, തസ്തിക, സ്കൂൾ, മൊബൈൽ നമ്പർ, തപാൽ വിലാസം എന്നിവ teachersguildtly@gmail.com എന്ന വിലാസത്തിലേയ്ക്ക് ഇ മെയിൽ ചെയ്യണം.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

## എം.ബി.എ അഡ്മിഷൻ

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിൽ (എം.ബി.എ കോളേജ്) അഡ്മിഷൻ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. പ്രവേശനം ആഗ്രഹിക്കുന്നവർ കഴിവതും വേഗം കോളേജ് ഓഫീസിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.

## ഇന്റർനാഷണൽ കോൺഫറൻസ്

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ 2017 ജൂലൈ 6,7 തീയതികളിൽ - ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ഇന്റലിജന്റ് കമ്പ്യൂട്ടിംഗ്, ഇൻസ്ട്രുമെന്റേഷൻ & കൺട്രോൾ ടെക്നോളജീസ് - 2017 (ICICICT-2017) നടത്തുന്നു. എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. ഡോ. കുഞ്ചെറിയ ഐസക്ക് മുഖ്യ അതിഥി ആയിരിക്കും. സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി പ്രൊഫ. ഡോ. ലിൻസൂൺ വോങ്ങ്, ശ്രീലങ്കയിലെ മൊറാടുവ യൂണിവേഴ്സിറ്റി പ്രൊഫ. ഡോ. സിസിൽ കുമരവതു തുടങ്ങിയവർ പേപ്പർ പ്രസന്റേഷൻ നടത്തുന്നു. സ്പെയിൻ, നൈജീരിയ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നും മറ്റുമായി 500ൽ അധികംപേർ പേര് രജിസ്റ്റർ ചെയ്തുകഴിഞ്ഞു.

## ജ്യോതിർഗമയ 2017

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പ്രവേശനോത്സവം - ജ്യോതിർഗമയ 2017, ജൂലൈ 17-ാം തീയതി 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ. വിമൽ ജ്യോതിയിൽ ഒന്നാം വർഷം ചേർന്ന വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും കുടുംബാംഗങ്ങളും ആണ് പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നത്. ചെമ്പേരി വിമൽ ജ്യോതി സ്ഥാപനങ്ങളുടെ രക്ഷാധികാരി തലശ്ശേരി അതിരൂപതാ അദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് പിതാവ് മുഖ്യാതിഥിയായി പങ്കെടുക്കും. കഴിഞ്ഞ വർഷം അക്കാദമിക തലത്തിലും ഇതര മേഖലകളിലും മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

## അമേരിക്കയിൽ എസ്.എ.ഇ. അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ

അമേരിക്കയിലെ ഇല്ലിനോയിസിൽ വച്ചു നടന്ന ബാജാ എസ്.എ.ഇ. അന്താരാഷ്ട്ര മത്സരത്തിൽ കേരളത്തിൽനിന്ന് യോഗ്യത നേടിയ ഏക കോളേജാണ് ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ്. കേരളത്തിൽനിന്ന് ആദ്യമായാണ് ഒരു കോളേജിന് അമേരിക്കയിൽ മത്സരത്തിന് പോകുവാൻ അവസരം ലഭിക്കുന്നത്. നമ്മുടെ കോളേജിലെ മെക്കാനിക്കൽ

എൻജിനീയറിംഗ് വിഭാഗം വിദ്യാർത്ഥികളായ ജോസിൻ ജേക്കബ് (ഉളിക്കൽ ഇടവക), ആൽബർട്ട് സണ്ണി (ശ്രീകണ്ഠപുരം ഇടവക), ബിബിൻ ചാക്കോ (വെളിമാനം ഇടവക), ക്രിസ്റ്റോ മാത്യു (മുണ്ടാനൂർ ഇടവക), അലൻ ജോ ജെയിംസ് (മേരിഗിരി ഇടവക), ടോണി ജോൺ (പാണത്തൂർ ഇടവക) തുടങ്ങിയവരാണ് തിരഞ്ഞെടുക്കപ്പെട്ടത്. കൂടാതെ വിദ്യാർത്ഥികൾ സ്വയം നിർമ്മിച്ച വാഹനത്തിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകിയത് മെക്കാനിക്കൽ വിഭാഗം അധ്യാപകൻ അസിസ്റ്റന്റ് പ്രൊഫസർ ജസ്റ്റിൻ സി. ജോസാണ്.



എ.പി.ജെ. അബ്ദുൾ കലാം യൂണിവേഴ്സിറ്റിയിൽ കേരളത്തിൽ മുൻനിരയിൽത്തന്നെ നിൽക്കുന്ന വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ശാസ്ത്ര സാങ്കേതിക മേഖലയിൽ അന്താരാഷ്ട്രതലത്തിൽ ഒരു പുതിയ കുതിപ്പിനാണ് ഇതിലൂടെ മുമ്പോട്ട് വന്നിരിക്കുന്നത്. വിദ്യാർത്ഥികൾ സ്വയം രൂപകൽപന ചെയ്ത കാറുമായാണ് മത്സരത്തിനിറങ്ങിയത്. കോയമ്പത്തൂരിൽവച്ച് നടന്ന ദേശീയ മത്സരത്തിൽ വിവിധ സംസ്ഥാനങ്ങളിലെ എൻ.ഐ.റ്റി., ഐ.ഐ.റ്റി പോലുള്ള നൂറോളം കോളേജുകളുമായി മത്സരിച്ചാണ് ഈ നേട്ടം കരസ്ഥമാക്കിയത്. വിദ്യാർത്ഥികളുടെ ഈ ശ്രദ്ധേയമായ മുന്നേറ്റത്തിന് കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും ജീവനക്കാരും പ്രോത്സാഹനം നൽകി. കോളേജ് ചെയർമാൻ ഡോ. തോമസ് മേൽവെട്ടത്ത്, അഡ്മിനിസ്ട്രേറ്റർ ഫാ. ജിനു വടക്കേമുളഞ്ഞനാൽ, പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, ബർസാർ ഫാ. ജോർജ് ആശാരികുന്നേൽ എന്നിവർ എല്ലാവിധ പിന്തുണയും വിദ്യാർത്ഥികൾക്ക് നൽകി.

**ഫാ. തോമസ് മേൽവെട്ടം**
ചെയർമാൻ, വിമൽജ്യോതി

# നിർമ്മലഗിരി വാർത്തകൾ

## ഹൃദ്യമായ സ്വാഗതം

നിർമ്മലഗിരി കോളേജിന്റെ പുതിയ മാനേജരായി വികാരി ജനറാൾ റവ. ഡോ. ജോസഫ് പാംപ്ലാനിയെ അഭിവന്ദ്യ പിതാവ് നിയമിച്ചു. പുതിയ മാനേജർക്ക് നിർമ്മലഗിരി സമൂഹത്തിന്റെ അഭിനന്ദനങ്ങളും സ്വാഗതവും!!!

## കൃതജ്ഞത

ദീർഘമായ അഞ്ചുവർഷത്തെ സമർത്ഥവും സഫലവുമായ ശുശ്രൂഷയ്ക്കുശേഷം വെരി റവ. ഫാ. അബ്രാഹം പോണാട്ട് നിർമ്മലഗിരി കോളേജിന്റെ മാനേജർ സ്ഥാനത്തുനിന്ന് മാറി. തലശ്ശേരി അതിരൂപതയുടെ വികാരി ജനറാൾ എന്ന നിലയിലുള്ള ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിൽ ബഹു. പോണാട്ടച്ചൻ നിർമ്മലഗിരി കോളേജിന്റെ നാനാമുഖമായ പുരോഗതിക്കും യശസ്സിനുംവേണ്ടി നടത്തിയ അക്ഷീണ സേവനങ്ങളെ നിർമ്മലഗിരി സമൂഹം നന്ദിയോടെ സ്മരിക്കുന്നു. കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളെ ചരിത്രസംഭവമാക്കുന്നതിലും മൂന്നാം അക്രഡിറ്റേഷനിൽ അഭിമാനകരമായ നേട്ടം ഉറപ്പിക്കുന്നതിലും അച്ചൻ നൽകിയ സമർത്ഥമായ നേതൃത്വം എക്കാലവും അനുസ്മരിക്കപ്പെടും. അമ്പതു വർഷങ്ങൾക്കപ്പുറത്ത് കോളേജ് കെട്ടിടം നിർമ്മിച്ചതിനുശേഷം നിർമ്മലഗിരിയുടെ ഭൗതികസാഹചര്യങ്ങൾ ഏറ്റവും അധികം വികസിച്ചത് കഴിഞ്ഞ അഞ്ചു വർഷത്തിനു ഇടയിലാണ്.

ബഹു. പോണാട്ടച്ചന്റെ പ്രോത്സാഹജനകവും പിതൃനിർവിശേഷവുമായ സാന്നിദ്ധ്യനന്മകൾ നിർമ്മലഗിരിയെ കുറച്ചൊന്നുമല്ല വളർത്തിയത് പുതിയ അജപാലന മേഖലയിൽ പ്രിയപ്പെട്ട പോണാട്ടച്ചന് ഞങ്ങളുടെ ഹൃദയം നിറഞ്ഞ പ്രാർത്ഥനകൾ നേരുന്നു.

## നിർമ്മലഗിരിക്ക് മികച്ച വിജയം

കണ്ണൂർ സർവ്വകലാശാല ബിരുദ പരീക്ഷയിൽ നിർമ്മലഗിരി കോളേജിനു ഈ വർഷവും മികച്ച വിജയം. വിവിധ വിഷയങ്ങളിൽ 22A+ 105 A ഗ്രേഡുകൾ നേടി. വിജയശതമാനത്തിൽ യൂണിവേഴ്സിറ്റിയിൽ ഒന്നാം സ്ഥാനം നിലനിർത്താൻ മലയാളം. ഹിസ്റ്ററി ഡിപ്പാർട്ട്മെന്റുകൾക്കായി. രണ്ടാം സ്ഥാനം നേടാൻ ഇക്കണോമിക്സ് വിഭാഗത്തിനും മൂന്നാം സ്ഥാനം കോമേഴ്സ്, മാത്തമാറ്റിക്സ് വിഭാഗങ്ങൾക്കുമായി.

യൂണിവേഴ്സിറ്റി തലത്തിൽ മാർക്കിൽ ഒന്നാം സ്ഥാനം നേടി മലയാളം ഡിപ്പാർട്ടുമെന്റും, രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി ബോട്ടണി വകുപ്പും, മൂന്നാം സ്ഥാനം നേടി കെമിസ്ട്രി, കോമേഴ്സ് വിഭാഗങ്ങളും കോളേജിന്റെ

അഭിമാനമുയർത്തി. സുവോളജി. കണക്ക് വിഷയങ്ങളിൽ സർവ്വകലാശാലയിൽ ഏറ്റവും കൂടുതൽ എ ഗ്രേഡ് നേടിയതും നിർമ്മല ഗിരി കോളേജാണ്.

അഖിലേന്ത്യാതലത്തിൽ നടത്തിയ പി.ജി. പ്രവേശന പരീക്ഷകളിലും IISER ന്റെ ഇന്റഗ്രേറ്റഡ് പി.എച്ച്.ഡി. (zoology) പ്രോഗ്രാമിലും ഉന്നതവിജയം നേടാൻ നിർമ്മലഗിരിയിലെ വിദ്യാർത്ഥികൾക്കായി.

## അഭിനന്ദിച്ചു

മൂന്നാം അക്രഡിറ്റേഷനിൽ ഉയർന്ന ഗ്രേഡ് നേടാനായതിൽ നിർമ്മല ഗിരി കോളേജിലെ മുഴുവൻ അദ്ധ്യാപകരേയും, അനദ്ധ്യാപകരെയും വളരെ പ്രത്യേകമായി പ്രിൻസിപ്പൽ ഡോ. എൻ.കെ. സെലീന, മുൻ പ്രിൻസിപ്പൽ ഡോ. ജോസ്‌ലെറ്റ് മാത്യു, മുൻ മാനേജർ അബ്രഹാം പോണാട്ട്, വൈസ് പ്രിൻസിപ്പൽ ഫാ. ജോബി ജേക്കബ്, ലോക്കൽ മാനേജർ ഫാ. പോൾ വള്ളോപ്പിള്ളി നാക് കോ-ഓർഡിനേറ്റർ ഡോ. ടി.കെ. സെബാസ്റ്റ്യൻ എന്നിവരെയും അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട് അഭിനന്ദിച്ചു.

## വായനാവാരം

നിർമ്മലഗിരി കോളെജ് മലയാളവിഭാഗം വായനാ വാരാഘോഷത്തോടനുബന്ധിച്ച് നിരവധി പരിപാടികൾ സംഘടിപ്പിച്ചു. വായനാദിനമായ ജൂൺ 19-ാം തീയതി കവിതാപാരായണ മത്സരവും വായനാമത്സരവും ക്വിസ് മത്സരവും കോളേജ് വിദ്യാർത്ഥികൾക്കായി നടത്തി. ജൂൺ 20-ാം തീയതി മലയാളവിഭാഗവും ഈസ്റ്റ് മൊകേരി യു.പി. സ്കൂൾ വിദ്യാർത്ഥികൾക്കായി 'വായനാക്കൂട്ട്' സംഘടിപ്പിച്ചു. കഥ, കവിത, നോവൽ, ആത്മകഥ എന്നീ സാഹിത്യ വിഭാഗങ്ങളെക്കുറിച്ച് ഫാ. ജോബി ജേക്കബ്, ഡോ. ദീപമോൾ മാത്യു, മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികളായ അഖില, സപ്ത, ദിൽന, നമിത, അതുൽ കെ.വി. എന്നിവർ സംസാരിച്ചു. പുസ്തകപ്രദർശനവും പുരാവസ്തുപ്രദർശനവും വായനകൂടിന്റെ മുഖ്യ ആകർഷണമായിരുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. എൻ.ജെ. സെലീന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

## യോഗാദിനാചരണം

കണ്ണൂർ സർവ്വകലാശാല NSS യൂണിന്റെ ആഭിമുഖ്യത്തൽ കോളേജിൽ ജൂൺ 19ന് Yoga - Flash Mob സംഘടിപ്പിച്ചു. കൂടാതെ ജൂൺ 21ന് കോളേജ് NSS, NCC യൂണിറ്റുകളുടെ നേതൃത്വത്തിലും യോഗാദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു.

**പി.ആർ.ഒ., നിർമ്മലഗിരി കോളേജ്**

# കരിസ്മാറ്റിക് നവീകരണരംഗം

## കണ്ണൂർ സോൺ

### കരിസ്മാറ്റിക് സുവർണ്ണ ജൂബിലി സംഗമം 1967-2017

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷനും കേരള കരിസ്മാറ്റിക് നവീകരണ മുന്നേറ്റവും ചേർന്ന് ഒരുക്കുന്ന അഖിലലോക കരിസ്മാറ്റിക് ജൂബിലി സമാപന മലയാളി സംഗമം 2017 ആഗസ്റ്റ് 12,13,14,15 തീയതികളിൽ ഇരിങ്ങാലക്കുട-ആളൂർ സെന്ററിൽവച്ച് നടക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ, സന്യസ്തർ, അത്മായർ തുടങ്ങി പതിനായിരത്തിലധികം കരിസ്മാറ്റിക്കുകൾ പങ്കെടുക്കുന്ന ഈ കുടുംബസംഗമത്തിലേക്ക് സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

1967 ഫെബ്രുവരിയിൽ അമേരിക്കയിലെ പിറ്റ്സ്ബർക്കിലുള്ള ഡ്യൂക്കെൻ സർവ്വകലാശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഏതാനും വിദ്യാർത്ഥി കൾക്കും അദ്ധ്യാപകർക്കും ലഭിച്ച ഒരു പ്രത്യേക പരിശുദ്ധാത്മ അഭിഷേക ത്തിൽനിന്നുമാണ് ആഗോളസഭയിൽ കരിസ്മാറ്റിക് നവീകരണം ആരംഭിച്ചത്. 2017 ഈ നവീകരണത്തിന്റെ ജൂബിലി വർഷമാണ്. ഫ്രാൻസീസ് മാർപ്പാപ്പ കരിസ്മാറ്റിക് നവീകരണത്തെ കൃപയുടെ പ്രവാഹം എന്നാണ് വിശേഷിപ്പി ക്കുന്നത്. KCBC കരിസ്മാറ്റിക് കമ്മീഷന്റെ കീഴിൽ മൂന്ന് റീത്തുകളിലായി മൂവായിരത്തിലധികം പ്രാർത്ഥനാഗ്രൂപ്പുകളാലും തൊണ്ണൂറിലധികം ധ്യാന കേന്ദ്രങ്ങളാലും നിരവധി ജീവകാരുണ്യ ഭവനങ്ങളാലും മാധ്യമ ശുശ്രൂഷക ളാലും കരിസ്മാറ്റിക് നവീകരണം ഇന്ന് കേരളസഭയെ സമ്പന്നമാക്കുന്നു. ദൈവം നൽകിയ ഈ വൻകൃപകൾക്ക് നന്ദിപറയാനും കൂടുതൽ ആത്മനിറ വോടെ സഭയ്ക്കും സമൂഹത്തിനും തുടർന്നും ശുശ്രൂഷ ചെയ്യുന്നതിനുള്ള കരുത്താർജ്ജിക്കുന്നതിനും ജൂബിലി സമാപനാഘോഷങ്ങളിൽ പങ്കാളികളാ കുന്നതിനുംവേണ്ടി ഒരുക്കിയിരിക്കുന്ന അഖിലലോക മലയാളി കുടുംബ സംഗമത്തിൽ നമുക്ക് ഒത്തുചേരാം. ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽനിന്നുമായി പതിനായിരത്തിലധികം കരിസ്മാ റ്റിക് നവീകരണ ശുശ്രൂഷകർ ഇതിൽ പങ്കെടുക്കുന്നു. തദവസരത്തിൽ ഫാത്തിമാ മാതാവിന്റെ പ്രത്യക്ഷകരണ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി KCBC സംഘടിപ്പിക്കുന്ന അഖില കേരള തിരുസ്വരൂപപ്രയാണ ത്തിന്റെ ഉദ്ഘാടനവും നിർവഹിക്കപ്പെടുന്നു. ഈ കൂട്ടായ്മയിലേക്ക് സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

## തൂവാനിസ - സബ് റീജിയൻ മീറ്റ് 07-07-2017

കണ്ണൂർ-കാസർഗോഡ് - തലശ്ശേരി സോണുകളുടെ ആഭിമുഖ്യത്തിൽ അമ്മമാരുടെ മരിയൻ കൂട്ടായ്മയായ തൂവാനിസ മിനിസ്ട്രി ഏകദിന കൺവൻഷൻ തളിപ്പറമ്പ് ദർശന ധ്യാനമന്ദിരത്തിൽവച്ച് 07-07-2017ന് വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 4 മണിവരെ നടത്തപ്പെടുന്നു. തൂവാനിസ മിനിസ്ട്രി കോ-ഓർഡിനേറ്റർ ശ്രീമതി ലീന ജോർജ്ജ്, ഓമന ടീച്ചർ എന്നിവർ നേതൃത്വം നൽകുന്നു. KCCRST ചെയർമാൻ റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ ഏകദിന കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു.

## ജൂബിലി വോളന്റിയേഴ്സ് മീറ്റ്

അഖിലലോക കരിസ്മാറ്റിക് ജൂബിലി സംഗമത്തിനുള്ള മലബാർ സബ്-റീജിയൻ ട്രെയിനിംഗ് പ്രോഗ്രാം 07-07-17 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ തളിപ്പറമ്പ് ദർശന ധ്യാനമന്ദിരത്തിൽവച്ച് നടത്തപ്പെടുന്നു. KCCRST ചെയർമാൻ റവ. ഫാ. വർഗ്ഗീസ് മുണ്ടയ്ക്കൽ വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ എന്നിവർ നേതൃത്വം നൽകുന്നു.

### ഫാത്തിമാ മാതാ സന്ദേശയാത്ര - ഫാത്തിമാ ശതാബ്ദിവർഷം 1917 -2017

**തലശ്ശേരി, കണ്ണൂർ, കോട്ടയം രൂപതകളിലൂടെ ഓഗസ്റ്റ് 16 മുതൽ 24 വരെ**

ഫാത്തിമാ മാതാവിന്റെ പ്രത്യക്ഷീകരണ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന ഫാത്തിമാ സന്ദേശയാത്ര ഓഗസ്റ്റ് 16ന് വൈകിട്ട് 5 മണിക്ക് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദേവാലയത്തിൽ ആരംഭിക്കുന്നു.

ഫാത്തിമയിൽനിന്നും കൊണ്ടുവന്നിട്ടുള്ള ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം ഓഗസ്റ്റ് 12 മുതൽ 15 വരെ ഇരിങ്ങാലക്കുട ആളൂർ യൂത്ത് സെന്ററിൽവച്ച് നടക്കുന്ന കരിസ്മാറ്റിക് സുവർണ്ണ ജൂബിലി മലയാളി സംഗമ വേദിയിൽ പ്രതിഷ്ഠിക്കും. 16 മുതൽ 24 വരെ കണ്ണൂർ, കാസർഗോഡ്, തലശ്ശേരി സോണുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിവിധ ദേവാലയങ്ങളിൽ ഫാത്തിമാ മാതാ സന്ദേശയാത്ര എത്തിച്ചേരുന്നു.

ഫാത്തിമാ ശതാബ്ദിയോടനുബന്ധിച്ച് 2017 മെയ് 13 മുതൽ ഒക്ടോബർ 13 വരെ പ്രദേശികസഭയിൽ പൊതു വണക്കത്തിനായി പ്രതിഷ്ഠിച്ചിരിക്കുന്ന ഫാത്തിമാ മാതാവിന്റെ തിരുസ്വരൂപം വണങ്ങി മാതാവിന്റെ വിമല ഹൃദയത്തോടുള്ള പ്രതിഷ്ഠാജപം ചൊല്ലി പ്രാർത്ഥിക്കുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുമെന്ന് മാർപ്പാപ്പ പ്രഖ്യാപിച്ചിട്ടുണ്ട്.

**കണ്ണൂർ സോണിലെ 11 സബ്സോണുകളിലെ 2017 –19 വർഷത്തെ പുതിയ കോ-ഓർഡിനേറ്റർമാരും ആനിമേറ്റർ അച്ചന്മാരും**

| സബ്-സോൺ | ആനിമേറ്റർ | കോ-ഓർഡിനേറ്റർ |
|---|---|---|
| 1. മടമ്പം | റവ. ഫാ. ഷെൽട്ടൻ അലക്സ്നഗർ | സൈമൺ വട്ടകുളം ചമതച്ചാൽ |
| 2. പൈസക്കരി | റവ. ഫാ. ജോസഫ് തേനംമാക്കൽ, പയ്യാവൂർ | വിൻസെന്റ് മുണ്ടാട്ടുചുണ്ട യിൽ, പയ്യാവൂർ |
| 3. ചെമ്പേരി | റവ. ഫാ. ജോസ് കുരീക്കാട്ടിൽ, നെല്ലിക്കുറ്റി | ബിജു തുണ്ടത്തിൽ അരീക്കമല |
| 4. ചെമ്പത്തൊട്ടി | റവ. ഫാ. അബ്രാഹം വടക്കേമുറി, വെണ്ണക്കല്ല് | മാത്യു പുല്ലാട്ട് ചെമ്പത്തൊട്ടി |
| 5. വായാട്ടുപറമ്പ് | റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, പാത്തൻപാറ | ബോസ് പൊൻതൊട്ടിയിൽ വെള്ളാട് |
| 6. ആലക്കോട് | റവ. ഫാ. ഷിനോജ് തുണ്ടത്തിൽ, മാമ്പൊയിൽ | ജോർജ് അന്ത്യാകുളം നെല്ലിപ്പാറ |
| 7. മേരിഗിരി | റവ. ഫാ. റോയി കാച്ചപ്പള്ളി പച്ചാണി | ചാർളി തുണ്ടത്തിൽ മേരിഗിരി |
| 8. പിലാത്തറ | റവ. ഫാ. ആൽസിൻ പീറ്റർ ITCപരിയാരം | വി. ജോസഫ് ITCപരിയാരം |
| 9. താവം | | ആന്റണി കൊട്ടാരത്തിൽ ശ്രീസ്ത പരിയാരം |
| 10. തളിപ്പറമ്പ് | റവ. ഫാ. ജേക്കബ് സെന്റ് പോൾ, തൃച്ചംബരം | അഗസ്റ്റിൻ ഇളമ്പാശേരി ബാലേശുഗിരി |
| 11. കണ്ണൂർ | | ബീനു തോമസ് ആരനോ ലിൽ ചൊവ്വ, കണ്ണൂർ |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

**സജി കാക്കനൊട്ട്**
കോ-ഓർഡിനേറ്റർ, കണ്ണൂർ
**9447641618**

**ഫാ. തോമസ് കൂട്ടിയാനി**
ആനിമേറ്റർ, കണ്ണൂർ സോൺ

# ഇൻഫാം വാർത്തകൾ

## കർഷക കൂട്ടായ്മകൾ ശക്തിപ്പെടുത്താൻ ഇൻഫാം മുന്നിട്ടിറങ്ങണം മാർ ജോർജ് ഞറളക്കാട്ട്

കാർഷിക മേഖല തകർച്ചയിലൂടെ കടന്നുപോകുമ്പോഴും ഭരണകർത്താക്കളുടെ നിസംഗതയും അവഗണനയ്ക്കുമെതിരെ പ്രതികരിക്കാൻ കർഷക കൂട്ടായ്മകളെ ശക്തിപ്പെടുത്താൻ ഇൻഫാം നേതൃത്വം നല്കാൻ തയ്യാറാകണമെന്ന് അഭിവന്ദ്യ പിതാവ് മാർ ജോർജ് ഞറളക്കാട്ട് ആവശ്യപ്പെട്ടു. ഇൻഫാം സംസ്ഥാന പ്രതിനിധി സമ്മേളനം ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യം മുഴുവൻ കർഷകർ പ്രതിസന്ധിയിലാണ് കാർഷിക ഉല്പന്നങ്ങളുടെ വിലത്തകർച്ചയും രൂക്ഷമായ കടക്കെണിയും മൂലം കർഷക രക്തസാക്ഷികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ശക്തമായ കർഷകപ്രക്ഷോഭങ്ങളുടെ ഫലമായി വിവിധ സർക്കാരുകൾ കാർഷികകടങ്ങൾ എഴുതിത്തള്ളാനുള്ള തീരുമാനങ്ങളുമായി മുന്നോട്ടു പോകുമ്പോഴും കേരള സർക്കാർ ഇത്തരം വിഷയങ്ങളിൽ നിസ്സംഗത പാലിക്കുകയാണ്. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയരേണ്ടതുണ്ട്. ഇതിനായി ഇൻഫാം സംസ്ഥാനതലത്തിൽ ശക്തമായ സമരങ്ങൾക്ക് രൂപം നല്കുമെന്ന് ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പള്ളി പറഞ്ഞു.

## സംസ്ഥാന പ്രതിനിധി സമ്മേളനം

ഇൻഫാം സംസ്ഥാന പ്രതിനിധി സമ്മേളനം തലശ്ശേരി സന്ദേശഭവനിൽ നടന്നു. ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡന്റ് സ്ക്കറിയ നെല്ലംകുഴി അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ പിതാവ് ഉദ്ഘാടനം നിർവ്വ ഹിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പള്ളി മുഖ്യപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനാടി, സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട്, ഡോ. എം.സി. ജോർജ് ജോയി തെങ്ങുംകുടി, ആന്റണി ജീരകത്തിൽ, സ്ക്കറിയ കളപ്പുര, സണ്ണി പുല്ലുവേലി എന്നിവർ പ്രസംഗിച്ചു.

## കർഷകപെൻഷൻ വിതരണം ചെയ്യണം

മുടങ്ങിക്കിടക്കുന്ന കർഷക പെൻഷൻ അടിയന്തരമായി വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകണമെന്ന് ഇൻഫാം ഡയറക്ടർ ഫാ. ജോസഫ് കാവനാടി സർക്കാരിനോടാവശ്യപ്പെട്ടു.

**ഫാ. ജോസഫ് ഒറ്റപ്ലാക്കൽ**
ദേശീയ ചെയർമാൻ

**സ്ക്കറിയ നെല്ലംകുഴി**
ജില്ലാപ്രസിഡന്റ്

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

പ്രിയ സഹോദരങ്ങളെ,

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തലശ്ശേരി സി. സിയിൽനിന്നും ഏവർക്കും സ്നേഹാശംസകൾ. സൊസൈറ്റിയുടെ 39-ാമത് വാർഷികം ജൂലൈ 22.07.2017 ന് തളിപറമ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി ഹാളിൽ നടത്തപ്പെടുന്നു. തദവസരത്തിൽ ക്ലാസ് നയിക്കുന്നത് ബഹു. മോൺ. അലക്സ് താരാമംഗലം. ഉച്ചയ്ക്കുശേഷമുള്ള പൊതുയോഗം അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നതുമാണ്. ഒരു കോൺഫറൻസിൽനിന്നും മൂന്ന് പ്രതിനിധികൾ സെമിനാറിലും വാർഷിക പൊതുയോഗത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുക.

### ചെമ്പേരി ഏരിയ കൗൺസിൽ വാർഷികം

**ചെമ്പേരി:** സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ചെമ്പേരി എ. സി. വാർഷികാഘോഷം ചെമ്പേരി അൽഫോൻസ ഓഡിറ്റോറിയത്തിൽ നടന്നു. ചെമ്പേരി വിമൽജ്യോതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂക്ഷൻസ് ചെയർമാൻ റവ. ഡോ. തോമസ് മേൽവെട്ടം ഉദ്ഘാടനം ചെയ്തു. പൂപ്പറമ്പ് ഫുസ്കോ കോൺഫറൻസ് പ്രതിനിധി സി. സെലിൻ വി. ജോസഫിന്റെ ബൈബിൾ വായനയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ചെമ്പേരി ഏരിയ കൗൺസിൽ പ്രസിഡന്റ് ബ്ര. സുനിൽ കെ. പീറ്റർ കണ്ടത്തിൽ അധ്യക്ഷത വഹിച്ച് റിപ്പോർട്ട് അവതരിപ്പിച്ചു. ചെമ്പേരി ഏരിയ കൗൺസിൽ മുൻ പ്രസിഡന്റ് ബ്ര. ജോസ് ചിറ്റേട്ട് മുഖ്യപ്രഭാഷണം നടത്തി. പ്രസിഡന്റ് ബ്ര. ടോമി ചക്കാനിക്കുന്നേൽ, സെക്രട്ടറി ബ്ര. ലൂക്കോസ് തൊട്ടിയിൽ, സി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ, ബ്ര. ജോസ് ചിറ്റേട്ട് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഫൊറോനയിലെ ഏറ്റവും മികച്ച കോൺഫറൻസിനുള്ള എവർ റോളിങ്ങ് ട്രോഫി ദീപഗിരി (വലിയ അരീക്കല) സെന്റ് തോമസ് കോൺഫറൻസിനുവേണ്ടി പ്രസിഡന്റ് കരോൾ വെണ്ണായിപ്പള്ളി ഏറ്റു വാങ്ങി. എ.സിതലയൂത്ത്മീറ്റ് മത്സരവിജയികൾക്കുള്ള സമ്മാനദാനത്തോടെ വാർഷികം സമാപിച്ചു.

### ചെമ്പേരി ഏരിയ കൗൺസിൽ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | സുനിൽ കെ. പീറ്റർ, കണ്ടത്തിൽ |
| വൈസ്. പ്രസി. | - | ജോസ് ചിറ്റേട്ട് |

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## പ്രവർത്തക കൺവൻഷൻ

എല്ലാ വർഷവും അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ മദ്യവിരുദ്ധ പ്രവർത്തകർ ഒന്നിച്ചുകൂടി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സംഘടന നേരിടുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും പങ്കുവെയ്ക്കാറുണ്ട്. അതനുസരിച്ച് 2017 മെയ് 25ന് വ്യാഴാഴ്ച 10.00 മണിക്ക് 60ൽ പരം സജീവ പ്രവർത്തകർ സന്ദേശഭവനിൽ സമ്മേളിച്ചു. സമ്മേളനം അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. കെ.സി. ബി.സി. മദ്യവിരുദ്ധസമിതി പ്രസിഡന്റ് ഡോ. ജോസ്‌ലറ്റ് മാത്യു അദ്ധ്യക്ഷത വഹിച്ചു. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, സണ്ണി പായിക്കാട്ട്, ജയ്സൺ മർക്കോസ് എന്നിവർ പ്രസംഗിച്ചു.

'മദ്യനിരോധനത്തിന്റെ കാലികപ്രസക്തിയും സഭയുടെ ക്രിയാത്മകമായ ഇടപെടലുകളും' എന്ന വിഷയം ഡോ. ജോസ്‌ലറ്റ് മാത്യു അവതരിപ്പിച്ചു. തുടർന്ന് ഗ്രൂപ്പ് ചർച്ചയും പൊതുചർച്ചയും നടന്നു.

## കൺവൻഷനിൽ എടുത്ത തീരുമാനങ്ങളും നിർദേശങ്ങളും

1. ഇടവകകളിൽ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ യൂണിറ്റുകൾ ശക്തമാക്കുക.
2. ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെ ലഹരി വിരുദ്ധ യൂണിറ്റ് സ്ഥാപിക്കുക.

---

| | | |
|---|---|---|
| സെക്രട്ടറി | - | ലൂക്കോസ് തൊട്ടിയിൽ |
| ട്രെഷറർ | - | സാജു വർഗീസ് കൊട്ടാരത്തിൽ |
| യൂത്ത് പ്രതിനിധി | - | കരോൾ വെണ്ണായ്പ്പള്ളിൽ |
| വനിത പ്രതിനിധി | - | ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ |

തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

തലശ്ശേരി
23.06.2017

**ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

3. മദ്യവർജന പ്രസ്ഥാനത്തിന്റെ 40-ാം വർഷം 'റൂബി ജൂബിലി'യായി 2018 പ്രഖ്യാപിക്കുക.
4. ഭക്തസംഘടനകൾ മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തെ എതിർക്കേണ്ട തിന്മയായി കണ്ടുകൊണ്ട് ലഹരി ആസക്തിക്കെതിരെ ഒന്നിച്ചുനിന്ന് പ്രവർത്തിക്കുക, എല്ലാ സംഘടനകളുടെയും പ്രവർത്തനങ്ങളിൽ മദ്യവിരുദ്ധപ്രവർത്തനത്തിന് സ്ഥാനം നൽകണം.
5. മദ്യത്തിന്റെ ലഭ്യതയ്ക്കെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാക്കുക.

## ലഹരിവിരുദ്ധ സിസ്റ്റേഴ്സ് കൺവൻഷൻ

അതിരൂപതയിലെ സ്ത്രീസമൂഹത്തിന്റെ ലഹരിവിരുദ്ധരംഗത്തെ ശാക്തീകരണം ലക്ഷ്യംവച്ചുകൊണ്ട് അവർക്ക് നേതൃത്വം നൽകാൻ 2017 മെയ് 30ന് രാവിലെ 9 മുതൽ 3 മണി വരെ തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് 'മോചനം 2017' സിസ്റ്റേഴ്സ് കൺവൻഷൻ നടത്തി. വി. കുർബ്ബാനയോടുകൂടി ആരംഭിച്ച കൺവൻഷൻ അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. എഫ്.സി.സി. പ്രൊവിൻഷ്യാൾ സി. നോബിൾ അദ്ധ്യക്ഷം വഹിച്ചു. വിവിധ പ്രൊവിൻസുകളുടെ പ്രതിനിധികൾ സി. ഗ്രെയ്സ് മേരി SABS, സി. എൽസി ജെയിംസ് SH, സി. ലിൻസി ഫ്രാൻസീസ് CMC, സി. ഗ്രെയ്സി മുള്ളൻമട MSMI, സി. ലിസ ജെയിംസ് NS, തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഫാ. തോമസ് തൈത്തോട്ടം സ്വാഗതവും ജയ്സൺ മർക്കോസ് നന്ദിയും പ്രകാശിപ്പിച്ചു.

'പഴയനിയമത്തിന്റെ ലഹരി വിരുദ്ധ സംസ്കാരം സ്ത്രീപക്ഷ വീക്ഷണത്തിൽ' എന്ന വിഷയത്തെ അധികരിച്ച് റവ. ഡോ. ജോസഫ് കാക്കരമറ്റവും 'പുതിയ നിയമത്തിന്റെ ലഹരി വിരുദ്ധവീക്ഷണം സ്ത്രീ പക്ഷവീക്ഷണത്തിൽ' എന്ന വിഷയത്തെ അധികരിച്ച് ഫാ. ആന്റണി വെട്ടിയാനിക്കലും ക്ലാസുകൾ എടുത്തു.

മദ്യപാനത്തിന്റെ ദുരന്തങ്ങൾക്ക് ഇരകളാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും നിസ്സഹായാവസ്ഥയെപ്പറ്റിയും ലഹരിക്കെതിരെ അവരെ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമുള്ള ചർച്ചകളിൽ ബഹു. സിസ്റ്റേഴ്സ് ആവേശത്തോടെ പങ്കെടുത്തു. 'മുക്തിശ്രീ'എന്ന പേരിൽ സ്ത്രീകളുടെ ലഹരി വിരുദ്ധ യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നതിനെപ്പറ്റിയും ഗൗരവമായ ചർച്ച നടന്നു. തുടർന്ന് ഫൊറോനാ അടിസ്ഥാനത്തിൽ സിസ്റ്റേഴ്സ് യോഗം ചേർന്ന് 16 ഫൊറോനകളിൽ നിന്നുള്ള ആനിമേറ്റേഴ്സിനെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പേരാവൂർ | - | സി. എൽസി ജെയിംസ് SH |
| എടൂർ | - | സി. തുഷാര MSMI |

| | | |
|---|---|---|
| കുന്നോത്ത് | - | സി. ജോസ് മരിയ CMC |
| നെല്ലിക്കാമ്പോയിൽ | - | സി. പ്രിൻസി മരിയ CMC |
| പൈസക്കരി | - | സി. അനില SH |
| ചെമ്പേരി | - | സി. സൂസ അഗസ്റ്റിൻ FCC |
| ചെമ്പന്തൊട്ടി | - | സി. ഗ്രാസിയ FCC |
| വായാട്ടുപറമ്പ് | - | സി. മരിയ ജോസഫ് SH |
| ആലക്കോട് | - | സി. ലിസ്ബിൻ SH |
| മേരിഗിരി | - | സി. പ്രഭ FCC |
| ചെറുപുഴ | - | സി. ജസ്റ്റിൻ പാറമ്പുഴ MSMI |
| തോമാപുരം | - | സി. തെരേസ് SchSA |
| വെള്ളരിക്കുണ്ട് | - | സി. ഷീന തോമസ് FCC |
| പനത്തടി | - | സി. ലീന MSMI |
| കാഞ്ഞങ്ങാട് | - | സി. ഇൻഫന്റ് മേരി FCC |
| തളിപ്പറമ്പ് | - | സി. ഡോണ മരിയ CMC |

## സർക്കാർ മദ്യവ്യാപന നയത്തിൽ പ്രതിഷേധിച്ച് കണ്ണൂർ കളക്ട്രേറ്റ് മാർച്ചും ധർണ്ണയും

യു.ഡി.എഫ്. ഗവൺമെന്റിന്റെ മദ്യനിരോധന നയത്തെ അടിമുടി അട്ടിമറിച്ചുകൊണ്ട് 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുന്ന എൽ. ഡി.എഫ്. സർക്കാരിന്റെ മദ്യനയം ജനവഞ്ചനയും ജനദ്രോഹപരവുമാണ്. പൂട്ടിയ ഷാപ്പുകൾ തുറക്കില്ല. പുതിയവ അനുവദിക്കുകയില്ല എന്ന കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് CPIM ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയും എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് മന്ത്രി റ്റി. പി. രാമകൃഷ്ണനും ജനങ്ങൾക്ക് നൽകിയ വാഗ്ദാനത്തിന്റെ നഗ്നമായ ലംഘനമാണ് ഇപ്പോഴത്തെ മദ്യപ്രളയ നയം. ഈ നയത്തിന്റെ അടിസ്ഥാന ത്തിൽ ആർക്ക് വേണമെങ്കിലും ഏതുതരം ഷാപ്പുകളും യാതൊരുവിധ നിയന്ത്രണങ്ങളും വ്യവസ്ഥകളും ഇല്ലാതെ സ്ഥാപിക്കാം. യഥേഷ്ടം സർക്കാരിനും മദ്യഉടമകൾക്കും ഷാപ്പുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് മദ്യശാലസ്ഥാപനവുമായി ബന്ധപ്പെട്ട ജനാധികാരം സർക്കാർ എടുത്തുകളഞ്ഞു. ജനങ്ങളുടെ വികാരങ്ങളെയും താത്പര്യങ്ങളെയും ധിക്കരിച്ചുകൊണ്ട് കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ബാറുടമകളുമായി ഉണ്ടാക്കിയ രഹസ്യധാരണ നടപ്പാക്കാനുള്ള കപട തന്ത്രമാണ് ഈ മദ്യവിശാല നയം.

മദ്യത്തിന്റെ ലഭ്യത സുലഭമാക്കികൊണ്ട് മദ്യവർജനനയത്തിലൂടെ മദ്യാസക്തിയിൽനിന്നും ജനങ്ങളെ മോചിപ്പിക്കാനുള്ള സർക്കാരിന്റെ കപടരാഷ്ട്രീയത്തെ എന്തു വിലകൊടുത്തും നേരിട്ടേ മതിയാകൂ. കെ.സി.

ബി.സി. മദ്യവിരുദ്ധസമിതിയുടെയും മദ്യനിരോധന സംഘടനകളുടെയും നേതൃത്വത്തിൽ കേരളത്തിലെ 14 ജില്ലകളിലും കേരള സർക്കാരിന്റെ മദ്യനയ ത്തിൽ പ്രതിഷേധിച്ചു കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തണം എന്ന് KCBC ആഹ്വാനം ചെയ്തിരിക്കുകയാണ്. അതിന്റെ ഭാഗമായി തലശ്ശേരി അതിരൂപതയുടെയും കണ്ണൂർ രൂപതയുടെയും കോട്ടയം അതിരൂപത മലബാർ റീജിയന്റെയും സംയുക്താഭിമുഖ്യത്തിൽ കണ്ണൂരും കാസർഗോഡും പ്രതിഷേധ മാർച്ചും ധർണ്ണയും സംഘടിപ്പിച്ചത്.

20-06-17 ന് ചൊവ്വാഴ്ച രാവിലെ 10½ മണിക്ക് കണ്ണൂർ പ്ലാസാ ജംഗ്ഷനിൽനിന്നും നൂറുകണക്കിന് ആളുകൾ പങ്കെടുത്ത ആവേശോ ജ്ജ്വലമായ മാർച്ച് കണ്ണൂർ കളക്ട്രേറ്റ് കവാടത്തിലേക്ക് എത്തുകയും തുടർന്ന് നടന്ന ധർണ്ണ കണ്ണൂർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. റവ. ഡോ. ജോസഫ് പാംപ്ലാനി അദ്ധ്യക്ഷത വഹിച്ചു. ജമാ അത്ത് ഇസ്ലാമി ജില്ലാ പ്രസിഡന്റ് സി.പി. ഹാരിസ്, റ്റി.പി.ആർ നാഥ്, ദേവസ്യ കൊങ്ങോല (AKCC), ബേബി പ്ലാശ്ശേരിയിൽ (ചെറുപുഷ്പ മിഷൻലീഗ്), ബിജു കുപ്പോഴയ്ക്കൽ (മതാധ്യാപക പ്രതിനിധി) ജോർജ് കിഴക്കേപറമ്പിൽ (KCYM), സണ്ണി പായിക്കാട്ട് എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് തൈത്തോട്ടം സ്വാഗതവും ജയ്സൺ മർക്കോസ് നന്ദിയും പ്രകാശിപ്പിച്ചു. തങ്കച്ചൻ കൊല്ലക്കൊമ്പിൽ, ബേബി കോഴിക്കാടൻ, എബ്രാഹം പാരിക്കപ്പള്ളി, ഫാ. ജോർജ്കുട്ടി വണ്ടർകുന്നേൽ, ഫാ. നോബിൾ ഓണംകുളം, സി. നോബിൾ FCC, സി. എൽസി ജെയിംസ് SH, സി. ലീമ CMC, ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, ശ്രീമതി കരോളിൻ ആന്റണി, സി. ഡോണ CMC, ശ്രീമതി കുഞ്ഞമ്മ തോമസ്, ലൂക്കോസ് പള്ളിത്തറ, രാജു കുന്നത്ത്, ജോർജ് വടകര, അപ്പച്ചൻ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

## കാഞ്ഞങ്ങാട് RDO ഓഫീസിലേയ്ക്ക് മാർച്ചും ധർണയും

സർക്കാർ മദ്യനയം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 21.06.17ന് ബുധനാഴ്ച രാവിലെ രാവിലെ 10.30 ന് കാഞ്ഞങ്ങാട് (കാസർഗോഡ്) RDO ഓഫീസിലേയ്ക്ക് മാർച്ചും ധർണയും നടത്തി. കോട്ടച്ചേരി ജംഗ്ഷനിൽ നിന്നും നൂറുകണക്കിന് ആളുകൾ കോരിച്ചരിയുന്ന മഴയെ അവഗണിച്ചു കൊണ്ട് നടത്തിയ ത്യാഗോജ്ജ്വലമായ മാർച്ച് RDO ഓഫീസ് കവാടത്തി ലെത്തുകയും തുടർന്നു നടന്ന ധർണ ആർച്ച് ബിഷപ്പ് എമിററ്റ്സ് മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. അതിരൂപത വികാരി ജനറാൾ മോൺ റവ. ഡോ. അലക്സ് താരാമംഗലം അദ്ധ്യക്ഷം വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം മുഖ്യപ്രഭാഷണം നടത്തി. തങ്കച്ചൻ കൊല്ലക്കൊ

മ്പിൽ, AU മത്തായി, ടോം വെണ്ണായിപ്പള്ളി (മതാധ്യപക പ്രതിനിധി), ജോബിൻ കോയിപ്പുറത്ത് (KCYM) എന്നിവർ പ്രസംഗിച്ചു. ഫാ. ഷിന്റോ ആലപ്പാട്ട് സ്വാഗതവും സണ്ണി കൊക്കാവള്ളി നന്ദിയും പ്രകാശിപ്പിച്ചു.

ഫാ. ആന്റണി തെക്കേമുറി, ഫാ. ജോസഫ് പൊടിമറ്റം, ഫാ. തോമസ് പട്ടാംകുളം, സി. ആൻഗ്രെയ്സ SABS, സി. ലീമ റോസ് CMC, പി.ജെ തോമസ്, ജോസ് മുണ്ടന്താനം, ജേക്കബ് ആനിമൂട്ടിൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു.

## ഹൃദ്യമായ സ്വാഗതവും നന്ദിയും

പ്രശസ്തവും ആത്മാർത്ഥവുമായ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുശേഷം മേഖലാഡയറക്ടർ സ്ഥാനം ഒഴിയുന്ന ഫാ. മൂന്നാനപ്പള്ളി ജെയിംസ് (കുന്നോത്ത്), ഫാ. പുറത്തെമുതുകാട്ടിൽ ഡോൺബോസ്കോ (വെള്ളരിക്കുണ്ട്), ഫാ. തോമസ് ചക്കാനികുന്നേൽ (പേരാവൂർ), ഫാ. ജോസഫ് പൊട്ടനാനി (മേരിഗിരി), ഫാ. നോബിൾ ഓണംകുളം (എടൂർ) എന്നിവർക്ക് കെ. സി. ബി. സി. മദ്യവിരുദ്ധ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ സ്ഥലത്ത് എല്ലാവിധ ദൈവാനുഗ്രഹവും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുതിയ മേഖലാ ഡയറക്ടേഴ്സായി ചാർജെടുത്തിരിക്കുന്ന ഫാ. ജെയിംസ് മൂന്നാനപ്പള്ളി (വെള്ളരിക്കുണ്ട്), ഫാ. പോൾ പുലിമലയിൽ (മേരിഗിരി), ഫാ. തോമസ് അട്ടേങ്ങാട്ടിൽ (എടൂർ), ഫാ. ജോസഫ് പൂവത്തോലിൽ (പേരാവൂർ) എന്നീ ബഹു. അച്ചന്മാരെ മദ്യവിരുദ്ധസമിതിയിലേക്ക് ഊഷ്മളമായി സ്വാഗതം ചെയ്യുകയും എല്ലാവിധ വിജയാശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു.

## ADSU വിസിറ്റേഴ്സിന് സ്വാഗതവും നന്ദിയും

ADSU സ്കൂൾ വിസിറ്റേഴ്സായി രംഗത്ത് വന്നിരിക്കുന്ന സി. ആൻസ് മരിയ SABS, സി. ലിസ ജെയിംസ് NS, സി. ജെസ്ന ലൂക്കോസ് SH, സി. ലിബിയ SKD എന്നിവരെ സ്നേഹത്തോടെ സ്വാഗതം ചെയ്യുകയും ഈ രംഗത്ത് നിന്ന് താത്കാലികമായി ഒഴിയുന്ന സി. എൽസി അലക്സ് SH, സി. ടെറസിറ്റ NS, സി. മെറിൻ SKD എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനയും.

സ്നേഹശംസകളോടെ,

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# പ്രതീക്ഷ വാർത്തകൾ

## സോബർ മീറ്റ്

പ്രതീക്ഷ സെന്ററിൽവച്ച് ചികിത്സ നടത്തി ലഹരി വിമുക്തരായിരിക്കുന്നവരുടെ സമ്മേളനം നടത്തപ്പെട്ടു. ഫാ. ജോൺസൺ അന്ത്യാകുളം അധ്യക്ഷത വഹിച്ചു. കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ഷീബ സോബർ മീറ്റ് ഉദ്ഘാടനം ചെയ്തു. ടിസി തോമസ് ആശംസ അർപ്പിച്ചു. അനിറ്റ ബാബു സ്വാഗതവും ജിബിൽ ജോർജ് നന്ദിയും പറഞ്ഞു. സോബർ മീറ്റിനോടനുബന്ധിച്ച് അനുഭവം പങ്കുവയ്ക്കലും ഗ്രൂപ്പ് ഗെയിംസും സമ്മാനദാനവും നടത്തപ്പെട്ടു.

## ബോധവത്കരണ സെമിനാർ

സെന്ററിൽ ചികിത്സയിൽ കഴിയുന്നവർക്കുവേണ്ടി നടത്തപ്പെട്ട ബോധവത്ക്കരണ സെമിനാറിൽ ഫാ. ഡയറക്ടർ അധ്യക്ഷത വഹിച്ചു. ഗോപിനാഥൻ മാസ്റ്റർ "എങ്ങനെ ലഹരി രഹിതനായി ജീവിക്കാം" എന്നതിനെക്കുറിച്ച് ക്ലാസ്സുകളെടുത്തു.

## ഏകദിന പരിശീലനം

മടമ്പം സ്കൂൾ ഓഫ് എഡ്യുക്കേഷനിൽനിന്നും B.Ed വിദ്യാർത്ഥികളുടെ പ്രതിനിധി സംഘം പ്രതീക്ഷയിൽ ലഹരി ചികിത്സാ രീതികളെക്കുറിച്ചും NGO യുടെ പ്രവർത്തനത്തെക്കുറിച്ചും പരിശീലനം നേടുകയും ലഹരിവിരുദ്ധ ചികിത്സകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

## ലഹരി വിമുക്തരുടെ കൂട്ടായ്മ

ജൂൺ 4-ാം തീയതി ലഹരി വിമുക്തരുടെ മാസസമ്മേളനം (AA Meeting) നടത്തപ്പെട്ടു. ക്ലാസ്സുകൾക്കും ചർച്ചകൾക്കും റ്റി.ഡി. പത്രോസ്, റ്റി.സി. തോമസ് എന്നിവർ നേതൃത്വം നല്കി. സി. സിസിലി സ്വാഗതവും ജിബിൻ ജോർജ് നന്ദിയും പറഞ്ഞു.

## ലോക പരിസ്ഥിതി ദിനാചരണം

കേന്ദ്ര ഗവൺമെന്റ് സാമൂഹിക നീതി വകുപ്പിന്റെ നിർദ്ദേശപ്രകാരം NGO യുടെ ആഭിമുഖ്യത്തിൽ പ്രതീക്ഷയിൽവച്ച് ലോക പരിസ്ഥിതി ദിനാചരണം നടത്തപ്പെട്ടു. ഫാ. ജോൺസൺ, മാത്യു മൈക്കിൾ (Project Officer) എന്നിവർ ക്ലാസ്സുകളെടുത്തു. ദിനാചരണ ഭാഗമായി കോമ്പൗണ്ടിനുള്ളിൽ ശുചീകരണ പ്രവർത്തനങ്ങളും നടത്തപ്പെട്ടു.

## ബോധവത്കരണം കുട്ടികളിൽ

ജൂൺ 14ന് മമ്പറം ഹയർസെക്കണ്ടറി സ്കൂളിലെ സ്കൗട്ട് & ഗൈഡ് വിദ്യാർത്ഥികൾക്കും പരിശീലകർക്കുമായി ക്ലാസ്സും ചർച്ചകളും അഭിമുഖവും പ്രതീക്ഷ സെന്ററിൽവച്ച് നടത്തപ്പെട്ടു. ഫാ. ജോൺസൺ പ്രോഗ്രാമുകൾക്ക് നേതൃത്വം നല്കി. അജീഷ്, മേഘ എന്നിവർ പ്രസംഗിച്ചു.

## അർത്ഥദിന പരിശീലനം നഴ്സിംഗ് വിദ്യാർത്ഥികൾക്ക്

ജൂൺ 15ന് കണ്ണൂർ AKG School of Nursing വിഭാഗത്തിലെ അറുപതിലധികം Bsc, Post Bsc വിദ്യാർത്ഥികൾക്കുവേണ്ടി Anti-drug training programe നടത്തിപ്പെട്ടു. മാത്യു മൈക്കിൾ, സി. സിസിലി, ഫാ. ജോൺസൺ എന്നിവർ നേതൃത്വം നല്കി.

## ലഹരി വിരുദ്ധ വാരാചരണം

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരരണത്തിന്റെ ഭാഗമായി മമ്പറം ഹയർസെക്കണ്ടറി സ്കൂളിൽവച്ച് ലഹരിവിരുദ്ധ വാരാചരണത്തിന്റെയും ലഹരിവിരുദ്ധ ക്ലബ്ബിന്റെയും ഉദ്ഘാടനം ഫാ. ജോൺസൺ അന്ത്യാംകുളം നിർവ്വഹിച്ചു. തുടർന്ന് സ്കൂൾ കുട്ടികൾക്കുവേണ്ടി ലഹരി വിരുദ്ധ ബോധവത്കരണ സെമിനാറും സംഘടിപ്പിക്കപ്പെട്ടു.

## ലോക ലഹരിവിരുദ്ധ ദിനാചരണ സെമിനാർ

ജൂൺ 24-ാം തീയതി മാറ്റ് ടാൽബോത്ത് സ്ക്വയറിൽവച്ച് ലോക ലഹരി വിരുദ്ധ ദിനാചരണം നടത്തപ്പെട്ടു. സെമിനാർ അനുബന്ധ സമ്മേളനത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. കണ്ണൂർ എക്സൈസ് ഉദ്യോഗസ്ഥൻ മോഹൻദാസ് ഉദ്ഘാടനവും നിർവ്വഹിച്ചു. യോഗത്തിൽ മാത്യു മൈക്കിൾ, സി. സിസിലി, ജിബിൻ ജോർജ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ വിഷയങ്ങളെ സംബന്ധിച്ച് മോഹൻദാസ് ക്ലാസ്സുകളെടുത്തു.

## ശ്രദ്ധിക്കാൻ

1. ഇനി മുതൽ ചികിത്സക്കായി പ്രതീക്ഷയിൽ എത്തുന്നവർ ആധാറിന്റെയും ഏതെങ്കിലുമൊരു identity documentന്റെയും പകർപ്പ് കൊണ്ടുവരേണ്ടതാണ്. ബഹു. അച്ചന്മാർ ഇക്കാര്യം ചികിത്സയ്ക്ക് പറഞ്ഞു വിടുമ്പോൾ ബന്ധപ്പെട്ടവരെ അറിക്കണേ.
2. നമ്മുടെ ഇടവകകളിൽനിന്നും ലഹരി ചികിത്സക്കായി സഹോദരങ്ങളെ പറഞ്ഞുവിടുമ്പോൾ ബഹു. വികാരിയച്ചന്മാരുടെ കത്ത്കൂടി ഉണ്ടെങ്കിൽ വളരെ ഉപകാരമായി.
3. ചികിത്സ കഴിഞ്ഞ് തിരികെ എത്തുന്നവരെ (നമ്മുടെ അറിവിൽ ഉണ്ടെങ്കിൽ) പ്രാദേശികമായി ഏതെങ്കിലും AA മീറ്റിംഗിലോ, പ്രതീക്ഷയിൽ മാസാദ്യ ഞായറാഴ്ചകളിൽ (9.30 - 1.00) നടത്തപ്പെടുന്ന AA മീറ്റിംഗിലോ പങ്കെടുക്കാൻ പറഞ്ഞുവിടണേ.

ഏറെ നന്ദിയോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ, പ്രതീക്ഷ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### ജനകീയസംഘങ്ങളുടെ ഓഡിറ്റിംഗ്

2016 ജനുവരി 1-ന് ആരംഭിച്ച് 2016 ഡിസംബർ 31-ന് അവസാനിക്കുന്ന ജനകീയസംഘ സാമ്പത്തിക വർഷത്തിൽ ക്രെഡിറ്റ് യൂണിയൻ, ഗ്രാമികകൾ, മഹിളാ സേവാസംഘങ്ങൾ എന്നിവയിലൂടെ 46 കോടിയിൽപരം രൂപയുടെ സാമ്പത്തിക ഇടപാടുകൾ നടത്താൻ സാധിച്ചു. ഒരു കോടി 12 ലക്ഷം രൂപ വിവിധയിനങ്ങളിലായി ജനകീയ സംഘങ്ങൾ പാവപ്പെട്ടവരെ സഹായിക്കാനായി വിനിയോഗിച്ചു എന്നതും ഓഡിറ്റിംഗിലൂടെ മനസ്സിലാക്കാൻ സാധിച്ചു. സാമൂഹ്യസേവന മേഖലയിലെ ഇത്തരം സാമ്പത്തിക ഇടപാടുകൾക്ക് നേതൃത്വം നൽകിയ യൂണിറ്റ് ഡയറക്ടർമാർക്കും യൂണിറ്റ് ഭരണസമിതി അംഗങ്ങൾക്കും TSSS-ന്റെ എല്ലാ ജനകീയസംഘാംഗങ്ങൾക്കും അഭിനന്ദനങ്ങളും ആശംസകളും നേർന്നുകൊള്ളുന്നു.

### ജലജീവനം

TSSS നബാർഡുമായി ചേർന്ന് കാസർഗോഡ് ജില്ലയിൽ ബളാൽ, പനത്തടി, കോടോംബേളൂർ, കണ്ണൂർ ജില്ലയിൽ എരുവേശി, ഉളിക്കൽ, ആറളം, അയ്യംകുന്ന് എന്നീ പഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും ജലസംരക്ഷണത്തിന്റെ പ്രസക്തിയെക്കുറിച്ച് ബോധവൽക്കരണക്ലാസ്സുകളും സർവ്വേയും നടത്തി.

### അന്ധേരി പ്രൊജക്ട്

മണ്ണ്-ജല സംരക്ഷണവുമായി ബന്ധപ്പെട്ട് ഈ വർഷം പ്രൊജക്ട് സ്ഥലങ്ങളിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു.

| | |
|---|---|
| കിണറിന് ചുറ്റുമതിൽ | - 81 എണ്ണം |
| കിണർ റീചാർജിംഗ് | - 25 എണ്ണം |
| ബയോഗ്യാസ് പ്ലാന്റ് | - 25 എണ്ണം |
| മഴവെള്ള സംഭരണി | - 31 എണ്ണം |
| വൃക്ഷത്തൈ വിതരണവും പരിപാലനവും | - |
| ജൈവവള വിതരണം | - |
| ആട് വിതരണം | - 60 എണ്ണം |

കൂടാതെ, ജലസംരക്ഷണത്തെ സംബന്ധിച്ച് 12 നീർത്തടങ്ങളിലും 13,16,17 തീയതികളിലായി ശിൽപശാലയും സംഘടിപ്പിച്ചു.

## സേവ് എ ഫാമിലി പ്ലാൻ

കുടുംബോദ്ധാരണ പദ്ധതിയിൽ ഈ വർഷം 120 കുടുംബങ്ങളേക്കൂടി പുതുതായി ചേർക്കുന്നു. പയ്യാവൂർ, ഉദയഗിരി, ആറളം, ഉളിക്കൽ, ഈസ്റ്റ് എളേരി, വെസ്റ്റ് എളേരി, ബളാൽ എന്നീ പഞ്ചായത്തുകളുടെ അതിർത്തിക്കുള്ളിൽ വരുന്ന ഇടവകകളിൽ നിന്നാണ് ഈ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നത്. കെയർ എ ഹോം പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കുടുംബങ്ങളുടെ ഫണ്ട് വിതരണവും നടത്തുവാൻ ആരംഭിച്ചു.

## ഭിന്നശേഷിയുള്ള കുട്ടികളുടെ പുനരധിവാസപദ്ധതി

ഈ പദ്ധതിയിലൂടെ 117 കുട്ടികളെ സഹായിക്കാൻ സാധിക്കുന്നു. അതിൽ 25 പേർ ഈ വർഷം തിരഞ്ഞെടുക്കപ്പെട്ടവരാണ്. സഹായം അർഹിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾ ഇടവകാ അതിർത്തിക്കുള്ളിൽ ഉണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ TSSS ഓഫീസിൽ അറിയിച്ചാൽ അവരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.

## ആരോഗ്യമേഖല

2017 ജനുവരി 01 മുതൽ മെയ് 15 വരെയുള്ള കാലയളവിൽ മംഗലാപുരം ഫാദർ മുള്ളേഴ്സ് ആശുപത്രിയുമായി ചേർന്ന് TSSS നടത്തുന്ന സൗജന്യ ചികിത്സാപദ്ധതിയിലൂടെ 263 രോഗികൾ ചികിത്സാസഹായം ലഭിച്ചു. ഇതിലൂടെ ഏകദേശം 48 ലക്ഷം രൂപയുടെ ചികിത്സ സൗജന്യമായി നൽകുവാൻ സാധിച്ചു. ഈ പദ്ധതിയോട് സഹകരിച്ച ഫാദർ മുള്ളേഴ്സ് ആശുപത്രി അധികൃതർക്കും, രോഗികൾക്ക് ഈ ചികിത്സാസഹായം വാങ്ങി കൊടുത്ത യൂണിറ്റ് ഡയറക്ടറച്ചന്മാർക്കും യൂണിറ്റ് ഭാരവാഹികൾക്കും നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് മലബാർ കാൻസർ സെന്ററുമായി ചേർന്നുകൊണ്ട് നാല് സ്ഥലങ്ങളിലായി **"Early Cancer Detection Centers"** ആരംഭിക്കുവാൻ MCC-യുടെ അനുവാദം ലഭിച്ചു എന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു.

## ലഹരി ബോധവൽക്കരണ സെമിനാർ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി മലബാർ കാൻസർ സെന്ററുമായി ചേർന്ന് സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി ബോധവൽക്കരണ ക്യാമ്പുകളും എക്സിബിഷനും സംഘടിപ്പിച്ചു. കൊളക്കാട്, പേരാ

വൂർ, കരിക്കോട്ടക്കരി, മണിക്കടവ്, ഉളിക്കൽ എന്നീ സ്ഥലങ്ങളിലെ സ്കൂളുകളിൽ യഥാക്രമം ജൂലൈ 12,13,15,16,22 തീയതികളിലായി ബോധവൽക്കരണ ക്ലാസുകൾ നടത്തി. മലബാർ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. നീതു, ഡോ. ഫിൻസ് എന്നിവർ ഈ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ക്യാമ്പുകളുടെ വിജയത്തിന് എല്ലാ സഹായങ്ങളും നൽകിയ ബഹു. വികാരിയച്ചന്മാർക്കും അധ്യാപകർക്കും TSSS-ന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

## വാർഷിക പൊതുയോഗം

TSSS-ന്റെ യൂണിറ്റ്തല വാർഷിക പൊതുയോഗം നടന്നുകൊണ്ടിരിക്കുന്നു. ജൂൺ 11-ന് ബഹു. ഫാ. ജിയോ പുളിക്കലിന്റെ അദ്ധ്യക്ഷതയിൽകൂടിയ കരുണാപുരം യൂണിറ്റ് വാർഷിക പൊതുയോഗത്തിൽ അസി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുത്തു. ജൂൺ 16-ന് ബഹു. ഫാ. മാർട്ടിൻ വരിക്കാനിക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കാർത്തികപുരം വാർഷിക പൊതുയോഗത്തിൽ ഡയറക്ടർ ഫാ. തോമസ് തയ്യിൽ പങ്കെടുത്തു. ജൂൺ 24-ന് ബഹു. ഫാ. ജോർജ് തൈക്കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കടുമേനി യൂണിറ്റ് വാർഷിക പൊതുയോഗത്തിൽ ഡയറക്ടർ ഫാ. തോമസ് തയ്യിൽ പങ്കെടുത്തു.

## കാർഷിക നേഴ്സറി

TSSS-ന്റെ ചുടല-കാരക്കുണ്ടിലുള്ള കാർഷിക നേഴ്സറിയിൽ നല്ലയിനം തെങ്ങിൻതൈകൾ (കുറ്റ്യാടി, കുള്ളൻ, ഡി.ജെ.), കുരുമുളക് തൈകൾ (പന്നിയൂർ) വിതരണത്തിനായി തയ്യാറായിട്ടുണ്ട്.

സ്നേഹപൂർവ്വം,

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

2017 ജൂൺ 30 ജൂലൈ 2 : തപസ്സ് ധ്യാനം (10 am ആരംഭം)

(ഫാ. സഖറിയാസ് തടത്തിൽ)

| | | | |
|---|---|---|---|
| ജൂലൈ | 02-07 | : | ആന്തരീക - ശാരീരികസൗഖ്യ ധ്യാനം |
| ,, | 08 | : | ഏകദിന കൺവെൻഷൻ |
| ,, | 09 | : | മരിയൻ രാത്രി (പൗർണ്ണമി പ്രാർത്ഥന) |
| ,, | 16-21 | : | വൈദീകരുടെ ധ്യാനം |
| ,, | 23-28 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

| | | | |
|---|---|---|---|
| ജൂലൈ | 07 | : | ജാഗരണ പ്രാർത്ഥന |
| ,, | 8 | : | ക്രിസ്റ്റീൻ ഏകദിന ധ്യാനം |
| ,, | 9-14 | : | കപ്പൂച്ചിൻസ് ധ്യാനം |
| ,, | 16-20 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, | 30 | : | ആഗസ്റ്റ് 3 വരെ ആന്തരിക സൗഖ്യ ധ്യാനം |

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

| | | | |
|---|---|---|---|
| ജൂലൈ | 01 | : | ഏകദിനകൺവെൻഷൻ |
| ,, | 02-06 | : | ആന്തരിക സൗഖ്യ ധ്യാനം |
| ,, | 14 | : | ജാഗരണ പ്രാർത്ഥന |
| ,, | 15, 22, 29 | : | മരിയൻദിവ്യകാരുണ്യ ആരാധന |
| ,, | 18, 22 | : | ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ; ഫോൺ: 9526609050, 9447481643, 9496253756**

| | | | |
|---|---|---|---|
| ജൂലൈ | 03 | : | ആന്തരീക സൗഖ്യധ്യാനം |
| ,, | 4, 11, 18, 25 | : | ഏകദിന കൺവെൻഷൻ |

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് ഞറളക്കാട്ട്

**2017 മെയ്**

22 രാവിലെ 10.30ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ബഹു. ഫാ. സഖറിയാസ് കട്ടക്കലിന്റെ 90-ാം ജന്മദിനഘോഷത്തിന്റെ ഭാഗമായി ദിവ്യബലി അർപ്പിക്കുകയും അതിനുശേഷം നടന്ന അനുമോദനയോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് കാര്യപ്പള്ളിയിൽ പുതുതായി നിർമ്മിച്ച കോൺവെന്റ് വെഞ്ചരിക്കുകയും കോൺവെന്റ് ചാപ്പൽ കൂദാശ ചെയ്യുകയും ചെയ്തു.

23 പാലായിൽ ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ അനുസ്മരണ ദിനത്തിൽ ബലി അർപ്പിക്കുയും സന്ദേശം നൽകുകയും ചെയ്തു.

24 പടന്നക്കാട് പാസ്റ്ററൽ സെന്ററിൽവച്ച് അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്നു വന്ന സന്ദർശകരെ സ്വീകരിച്ചു.

പടന്നക്കാട് വച്ച് 11 മണിക്ക് കാസർഗോഡ് ഇടവകയിൽപ്പെട്ട വേരനാനിക്കൽ ഷാജി, ബോബി ദമ്പതികളുടെ 10-ാമത്തെ കുട്ടിക്ക് മാമ്മോദീസാ നൽകി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് പുതുക്കി പണിത ബിരിക്കുളം ദൈവാലയം കൂദാശ ചെയ്തു.

25 അതിരൂപതാ കേന്ദ്രത്തിൽ രൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന വൈദികരെയും സന്യസ്തരെയും സ്വീകരിച്ചു. 11 മണിക്ക് സന്ദേശഭവനിൽ മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രവർത്തക ശിൽപശാല ഉദ്ഘാടനം ചെയ്തു.

27 രാവിലെ 9 മണിക്ക് തേർമല പള്ളിയിൽ ഡീക്കൻ മാത്യു ഒഎസ്ബിക്ക് വൈദികപട്ടം നൽകി. അതിനുശേഷം ഉച്ചകഴിഞ്ഞ് 3 മണിക്ക് കണ്ണിവയലിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരം വെഞ്ചരിച്ചു.

വൈകുന്നേരം 5.30ന് കമ്പല്ലൂർ ഇടവകയിൽ തെങ്ങുംപള്ളിൽ ദിലീപിന്റെ ആറാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

28 തോണിച്ചാൽ ഇടവകയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

29 തളിപ്പറമ്പിൽവച്ച് നടന്ന സിആർഐ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മുടയരഞ്ഞിയിൽ ബഹു. ജേക്കബ് പുളിക്കക്കുന്നേലച്ചന്റെ

സഹോദരൻ ജോസ് പുളിക്കക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷക്ക് കാർമികത്വം വഹിച്ചു. പിന്നീട് കരിക്കോട്ടക്കരി ഇടവകയുടെ പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി ദിവ്യബലി അർപ്പിക്കുകയും അതിനുശേഷം നടന്ന പൊതുസമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

30 രാവിലെ 10.30ന് മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ തളിപ്പറമ്പിൽവച്ച് നടന്ന ബഹു. സിസ്റ്റേഴ്സിനുവേണ്ടിയുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 4 മണിക്ക് കണ്ണൂർ ദീപിക ഓഫീസിൽ ശ്രീ. ഡി.പി. ജോസിന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

31. അതിരൂപതാ കേന്ദ്രത്തിൽ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

11 മണിക്ക് ലോക പുകയില വിരുദ്ധ ദിനത്തിന്റെ ഭാഗമായി മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കുവേണ്ടി നടന്ന സെമിനാർ ഉദ്ഘാടനം ചെയ്തു.

## 2017 ജൂൺ

01 മീനങ്ങാടിയിൽവച്ച് ശ്രീ. ബോണിന്റെ വിവാഹം ആശീർവദിച്ചു.

വൈകുന്നേരം 4 മണിക്ക് നെല്ലിക്കുന്ന് ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ചു.

02 രാവിലെ 11 മണിക്ക് തളിപ്പറമ്പിൽ മിഷൻലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് കരിസ്മാറ്റിക് ഇരിട്ടി സബ്സോൺ അഭിഷേക പ്രാർത്ഥനക്ക് നേതൃത്വം നൽകി.

03 പോരൂർ ഇടവകയിൽ ലിജോയുടെയും നീനുവിന്റെയും വിവാഹം ആശീർവദിച്ചു.

6-8 എറണാകുളം പിഒസിയിൽ കെസിബിസി മീറ്റിംഗിൽ പങ്കെടുത്തു.

09 ഉച്ചകഴിഞ്ഞ് 3 മണിക്ക് നെല്ലിക്കുറ്റിയിൽ നിര്യാതയായ ബഹു. സി. നിർമ്മല എംഎസ്എംഐയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. അതിനുശേഷം വൈകുന്നേരം 6 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ ബഹു. വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

10 രാവിലെ 10 മണിക്ക് തലശ്ശേരി സാൻജോസ് സ്കൂളിൽ മികച്ച വിജയം നേടിയ കുട്ടികൾക്കുള്ള അനുമോദനയോഗം ഉദ്ഘാടനം ചെയ്തു.

അതിനുശേഷം സന്ദേശഭവനിൽ 11 മണിക്ക് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ യോഗത്തിൽ പങ്കെടുത്തു. പിന്നീട് സന്ദേശഭവനിൽ 2.30ന് ഇൻഫാമിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

11 കുമ്പളയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു. അതിനുശേഷം പെർളയിൽ എൻഡോ സൾഫാൻ ബാധിച്ച കുട്ടികൾക്കുവേണ്ടി നിർമ്മിക്കുന്ന സെന്റർ സന്ദർശിച്ചു.

12 രാവിലെ 6.45ന് പരിയാരം എംസിബിഎസ് സെമിനാരിയിൽ ദിവ്യബലി അർപ്പിക്കുകയും അക്കാദമിക് ഇയർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. പിന്നീട് 11 മണിക്ക് സന്ദേശഭവനിൽ വിവിധ സംഘടനകളുടെ അതിരൂപതാ ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് മൈനർ സെമിനാരിയിലുള്ള ബഹു. വൈദികരെ കണ്ടു. അതിനുശേഷം 6.30ന് ആലോചനാസമിതി മീറ്റിംഗിൽ പങ്കെടുത്തു.

13 രാവിലെ 10.30ന് അതിരൂപതാകേന്ദ്രത്തിൽവച്ച് നടന്ന ബഹു. ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് നിർമ്മലഗിരി കോളേജിൽ ബഹു. പോണാട്ടച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

14 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

❖❖❖

# Programme of the Archbishop
# Mar George Njaralakatt

## July - 2017

| | | |
|---|---|---|
| 01-05 | - | Out of Station |
| 06-07 | - | Kunnoth Seminary : Synodal Commission |
| 08-09 | - | Pastoral Visit : Aryaparamba |
| 09-14 | - | Minor Seminary : Annual Retreat of Priests I[st] batch |
| 16 | - | Mysore |
| 16-21 | - | Pariyaram : Annual Retreat of Priests II[nd] batch |
| 22 | - | Kannur : Ursuline Convent - Holy Mass in Memory of Servant of God Sr. Celine |
| 22-23 | - | Pastoral Visit |
| 24 | - | Barananganam |
| 25 | 3.30pm - | Vellariyanam - Convent Blessing |
| 26 | - | Padannakkad - Visitors' Day (Till noon) |
| | 2.30pm - | Perla - Inauguration of Day Care Centre for Endosalfan affected Children |
| 27 | - | Priests & Sisters Day |
| 28 | 9.00am - | Kolayad |
| 28-29 | - | GSMS Kunnoth |
| 29-30 | - | Pastoral Visit |
| 31 | - | GSMS Kunnoth |

## August - 2017

| | | |
|---|---|---|
| 01 | - | GSMS Kunnoth |
| 02 | - | Visitor's Day |
| 03 | - | Priests & Sisters Day |
| 05-06 | - | Pastoral Visit |
| 07-11 | - | KCBC Meeting |
| 12 | - | TSSS : General Body Meeting |
| 12-13 | - | Pastoral Visit |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോർജ് വലിയമറ്റം

### 2017 മെയ്

27 രാവിലെ 9.30ന് പൈസക്കരി ഫൊറോനാ ദൈവാലയത്തിൽ വച്ച് നടന്ന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 3.30ന് കുന്നോത്ത് നസ്രത്ത് ജനറലേറ്റിൽ പുതുതായി പണികഴിപ്പിക്കുന്ന ആയുർവേദ ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തി.

29 രാവിലെ 11.15ന് പല്ലാട്ട്കുന്നേൽ സ്വപ്ന & ജസ്റ്റിൻ പുത്തൻപുര എന്നിവരുടെ വിവാഹം കിളിയന്തറ പള്ളിയിൽവച്ച് ആശീർവദിച്ചു.

രാവിലെ 9.30ന് റോസമ്മ കുടകുന്നി & ജോസ്കുട്ടി താന്നിക്കൽ എന്നിവരുടെ വിവാഹം അങ്ങാടിക്കടവ് പള്ളിയിൽവച്ച് ആശീർവദിച്ചു.

30 വൈകുന്നേരം 5 മണിക്ക് ദീപിക കണ്ണൂർ ഓഫീസിൽനിന്നും വിരമിക്കുന്ന ഡി.പി. ജോസിന്റെ വിരമിക്കൽ ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി.

31 രാവിലെ 11 മണിക്ക് പെരുമ്പുന്ന ഇടവകയിൽ നിര്യാതനായ തോമസ് കളരിക്കലിന്റെയും ഉച്ചകഴിഞ്ഞ് 3 മണിക്ക് കിളിയന്തറ ഇടവകയിൽ നിര്യാതനായ ജേക്കബ് നടക്കലിന്റെയും മൃതസംസ്ക്കാരകർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

### 2017 ജൂൺ

01 ഉച്ചകഴിഞ്ഞ് 3 മണിക്ക് കിളിയന്തറ ഇടവകയിൽ നിര്യാതയായ ത്രേസാമ്മ കീഴുച്ചിറയുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

02 ഉച്ചകഴിഞ്ഞ് 3 മണിക്ക് സി. ആൻസീന എഫ്സിസിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് കുന്നോത്ത് ദൈവാലയത്തിൽ നേതൃത്വം നൽകി.

03 ഉച്ചകഴിഞ്ഞ് 2.30ന് ദ്വാരകയിൽ നിര്യാതയായ സി. മാർഗരറ്റ് കൊല്ലക്കൊമ്പിലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04 പുറവയൽ ഇടവകയിൽ രാവിലെ 10 മണിക്ക് പുതിയ മതബോധനവർഷം ഉദ്ഘാടനം ചെയ്യുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

09 രാവിലെ 9 മണിക്ക് കണ്ണൂർ എംഎസ്എംഐ പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. നിർമ്മലക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

രാവിലെ 10 മണിക്ക് ചന്ദനക്കാംപാറ ഇടവകയിൽ നിര്യാതനായ തോമസ് പാറമ്പുഴയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പിന്നീട് കുടിയാന്മല ഇടവകയിൽ നിര്യാതയായ ഏലിക്കുട്ടി മീൻപുഴയിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 രാവിലെ 10.30ന് ഇരിട്ടിപള്ളിയിൽവച്ച് കുര്യൻ പേമലതുണ്ടത്തിലിന്റെയും വിക്ടോറിയ തുമ്പേപ്പറമ്പിലിന്റെയും മനസമ്മതം നടത്തി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് ചെങ്ങോത്ത് ഇടവകയിൽ നിര്യാതയായ ഏലിക്കുട്ടി ചെറായിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 രാവിലെ 10.30ന് നെടുവാലൂർ ഇടവകയിൽ നിര്യാതയായ മേരിക്കുട്ടി തൂമ്പുക്കലിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

17 ഉച്ചകഴിഞ്ഞ് 2 മണിക്ക് കോട്ടയം ക്നാനായ കത്തീഡ്രലിൽ ആർച്ച്ബിഷപ്പ് കുര്യാക്കോസ് കുന്നശ്ശേരിയുടെ മൃതസംസ്ക്കാരകർമ്മങ്ങളിൽ പങ്കാളിയായി.

18 രാവിലെ 7 മണിക്ക് തെള്ളകം പള്ളിയിൽ വി. കുർബാന അർപ്പിച്ചു. തുടർന്ന് പാലാ സെമിനാരി, കദളിക്കാട്ട് മത്തായിയച്ചന്റെ ഭവനം, പാലാ അരമന, പ്രീസ്റ്റ് ഹോം എന്നിവിടങ്ങൾ സന്ദർശിച്ചു.

19 അതിരമ്പുഴ പള്ളിയിൽ രാവിലെ 10.30ന് കുര്യൻ പേമലതുണ്ടത്തിന്റെയും വിക്ടോറിയ തുമ്പേപ്പറമ്പിലിന്റെയും വിവാഹം ആശീർവദിച്ചു.

21 കെസിബിസി മദ്യനിരോധന സമിതി കാഞ്ഞങ്ങാട് ആർഡിഒ ഓഫീസിലേക്ക് നടത്തിയ മാർച്ച് രാവിലെ 11 മണിക്ക് ഉദ്ഘാടനം ചെയ്തു.

❖❖❖